MAY 2025
Volume 57
Issue 8

10 അമേരിക്കൻ സാമ്പത്തിക രംഗം തകർച്ചയിലേക്ക് നീങ്ങുന്നുണ്ടോ?

26 കേരളം സിംഗപ്പൂരോ തായ്‌വാനോ?

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം

VYAVASAYA KERALAM



# സംരംഭകത്വം ഒരു യാത്ര




fssai
No: 11321005000426

**Mundamattam Agro Products,** Kappadu P.O., Kanjirappally, Kottayam, Kerala - 686 508., E.mail: anson.agro@gmail.com, **Customer Care: 9400736746**

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

മെയ് 2025
MAY 2025

പുസ്തകം 57
Volume 57

ലക്കം 8
Issue 8



**06**
**സംരംഭകത്വം ഒരു യാത്ര**
ആഷിക്ക് കെ. പി

**10**
**അമേരിക്കൻ സാമ്പത്തിക രംഗം തകർച്ചയിലേക്ക് നീങ്ങുന്നുണ്ടോ?**
അഡ്വ. അമീർഷാ വി. പി

**13**
**ഡിഷ് വാഷ് ബാർ– ബാർ സോപ്പ് നിർമ്മാണം**
ഡോ. ബൈജു നെടുങ്കേരി

**16**
**മഴവെള്ള കൊയ്ത്തിലെ സംരംഭക സാധ്യത**
ബിനോയ് ജോർജ് പി

**20**
**കല്ലിനുമുണ്ടഹ കഥ പറയാൻ!**
എഴുമാവിൽ രവീന്ദ്രനാഥ്

**23**
**വിഴിഞ്ഞം പോർട്ട് – ലഘു സംരംഭകർക്ക് സമാനതകളില്ലാത്ത അവസരങ്ങൾ**
റ്റി. എസ്. ചന്ദ്രൻ

**26**
**കേരളം സിംഗപ്പൂരോ തായ്‌വാനോ?**
ജി. കൃഷ്ണപിള്ള

**34**
**ലാൻഡ് ടോക്കണൈസേഷൻ – മാറുന്ന ബിസിനസ് രംഗം**
ലോറൻസ് മാത്യു

**40**
**വ്യത്യസ്തരാകുവാനും കൂടുതൽ പണം നേടാനും മൂന്ന് തന്ത്രങ്ങൾ**
ഡോ. സുധീർ ബാബു

**44**
**ഡ്രഗ്സ് കൺട്രോൾ**
റിഷിക നാരായൺ

**48**
**പ്ലാന്റേഷൻ ഡയറക്ടറേറ്റ് ഉദ്ഘാടനം**



## മുഖക്കുറിപ്പ്

**ശ്രീ. വിഷ്ണുരാജ് പി.** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

# "എന്റെ കേരളം" – കുതിപ്പിന്റെ അടയാളം

രാജ്യത്തിന് മാതൃകയായി കുതിപ്പ് തുടരുന്ന കേരള സർക്കാരിന്റെ നാലാം വാർഷികം വർണാഭമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി "എന്റെ കേരളം" പ്രദർശന വിപണന മേള എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് ഏപ്രിൽ 21 മുതൽ മെയ് 30 വരെ സംസ്ഥാനത്തുടനീളം വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കുന്നു. സർക്കാരിന്റെ കഴിഞ്ഞ 9 വർഷത്തെ വികസന ക്ഷേമ പ്രവർത്തനങ്ങളും നേട്ടങ്ങളും സന്ദർശകർക്ക് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ ഉതകുന്ന തരത്തിലാണ് പ്രദർശനം ഒരുക്കിയിരിക്കുന്നത്. വകുപ്പുതല സ്റ്റാളുകൾക്ക് പുറമേ, മാർക്കറ്റിംഗ് സ്റ്റാളുകൾ, തീം പവലിയനുകൾ, ഫുഡ് കോർട്ടുകൾ, പുസ്തകമേളകൾ, കാർഷിക പ്രദർശനങ്ങൾ എന്നിവയും മേളയിൽ ഉണ്ടാവും.

നാലാം വാർഷികം ആഘോഷിക്കുന്ന ഈ സർക്കാരിന്റെ മുഖമുദ്രയെന്നോണം ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ച വകുപ്പെന്ന നിലയിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ നേട്ടങ്ങളും, പ്രവർത്തന പുരോഗതിയും വിളിച്ചോതുന്ന തരത്തിലുള്ള സ്റ്റാളുകളാവും മേളയിൽ ഒരുക്കുന്നത്. മറ്റ് വകുപ്പുകളുടേത് പോലെ തന്നെ വ്യവസായ വാണിജ്യ വകുപ്പിന്റെയും സേവനങ്ങൾ പൊതുജനങ്ങൾക്ക് സർവ്വീസ് ചാർജ് കൂടാതെ തൽക്ഷണം ലഭ്യമാക്കുന്നതിനുള്ള സൗകര്യം സ്റ്റാളുകളിൽ ക്രമീകരിക്കുന്നുണ്ട്.

ജില്ലകളിലെ വൈവിധ്യമാർന്ന എം എസ് എം ഇ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുക, സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സംരംഭങ്ങൾക്ക് മാർക്കറ്റിംഗ് അവസരം ഒരുക്കുക, ആധുനികമായ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ ഉൾപ്പെടെയുള്ള പ്രധാന മേഖലകളിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക, സർക്കാർ സേവനങ്ങൾ, പദ്ധതികൾ തുടങ്ങിയവയെ കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുക എന്നിവയാണ് മേളയിൽ വ്യവസായ വകുപ്പ് മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ.

ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമാണം, ടൂറിസം, ആയുർവേദം, എയ്റോ സ്പേസ് എഞ്ചിനീയറിംഗ്, റോബോട്ടിക്സ്/ എ. ഐ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾ, ഹരിതോർജ്ജ ഉൽപാദകർ, കയർ- കൈത്തറി- കരകൗശലം തുടങ്ങി പരമ്പരാഗത മേഖലകളിൽ നിന്നുമുള്ള സംരംഭങ്ങൾക്കാണ് മേളയിൽ മുൻഗണന നൽകിയിരിക്കുന്നത്. ഉത്തരോത്തരം വികസിതമാവുന്ന കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഈ മേളകൾ ഊർജ്ജം പകരുമെന്നത് തർക്കമറ്റ വസ്തുതയാണ്. ■

ഒപ്പ്
**ചീഫ് എഡിറ്റർ**

വ്യവസായ കേരളം

**ചീഫ് എഡിറ്റർ**
**ശ്രീ. വിഷ്ണുരാജ് പി.** ഐ.എ.എസ്
ഡയറക്ടർ
വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബിജു പി.ബി.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
https://vyavasayakeralam.industry.kerala.gov.in
www.keralaindustry.org
www.industry.kerala.gov.in

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
മോഹൻകുമാർ എം.എസ്.,
സാജൻ പി.സി.,
അരുൺ ടി.എസ്.,
അനിത എസ്.,
മഞ്ജുഷ ആർ.,
ഡോണാമോൾ ഈനാസ്,
അഭിലാഷ് കെ.,
ബേബി. വൈ.,
രാമകൃഷ്ണൻ എഴുത്തച്ചൻ

ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.



നവകേരളം

ശ്രീ. പി. രാജീവ്
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# രണ്ടാം പിണറായി സർക്കാർ 4 വർഷം പിന്നിടുമ്പോൾ...

ഒരു സംസ്ഥാനത്തിന്റെ വികസനമെന്നത് സർവ്വതല സ്പർശിയാകണം. അത് സമസ്ത മേഖലകളെയും ഉൾക്കൊണ്ടുകൊണ്ടാകണം. വികസന കാര്യത്തിൽ സന്തുലിതാവസ്ഥ ഉണ്ടായിരിക്കണമെന്നു സാരം. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ മികച്ച ടീം വർക്കിലൂടെ പത്താംം വർഷത്തിലേക്കു കടക്കുമ്പോൾ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാക്കാവുന്നതാണ് നമ്മുടെ നവകേരള മോഡൽ. പ്രതിബന്ധങ്ങളെ പ്രചോദനമാക്കിക്കൊണ്ടായിരുന്നു ഗവൺമെന്റിന്റെ തുടക്കം. ഓരോരോ മേഖലയെക്കുറിച്ചും സൂക്ഷ്മ വിശകലനവും പഠനവും നടത്തി നേട്ടവും കോട്ടവും വിലയിരുത്തിയുള്ള ഗൃഹപാഠമായിരുന്നു ആദ്യം. പ്രബുദ്ധ കേരളം ഈ പ്രക്രിയയ്ക്കു നൽകിയ പ്രോത്സാഹനം ആവേശകരമായിരുന്നു. കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, ശാസ്ത്ര സാങ്കേതികം, കലാകായിക രംഗം, ഗ്രാമവികസനം എന്നിങ്ങനെ ഇഴകീറി പരിശോധിച്ചുള്ള സമഗ്ര പഠനം നാളിതുവരെ തുടർന്നു പോയിരുന്ന വികസന കാഴ്ചപ്പാടുകളെ പൂർണമായും തിരുത്തി. അതിന്റെ പ്രതിഫലനമായിരുന്നു തുടർച്ചയായി രണ്ടു തവണയും ശ്രീ. പിണറായി വിജയനു ലഭിച്ച മുഖ്യമന്ത്രി പദം. ഇതൊരു ഉത്തരവാദിത്തമായിട്ടായിരുന്നു അദ്ദേഹം ഏറ്റെടുത്തത്.

വെല്ലുവിളിയെന്നോണം നിലനിന്നിരുന്ന ഒട്ടനവധി പദ്ധതികൾ ഈ കാലയളവിൽ പൂർത്തീകരിക്കാനായി. വ്യവസായ മേഖലയിൽ നടന്ന കുതിച്ചുചാട്ടത്തിന്റെ ഫലമായി കേരളം വ്യവസായ സൗഹൃദമല്ലെന്ന അപഖ്യാതി പരത്തുന്നവർക്കുള്ള താക്കീതായി വ്യവസായ സൗഹൃദ സൂചികയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി എന്നത് ശ്രദ്ധേയമായ നേട്ടമാണ്. ഇന്ത്യയുടെ വ്യവസായ ഭൂപടങ്ങളിലൊന്നും ഇടമില്ലാതിരുന്ന കാലഘട്ടത്തിൽ നിന്ന് സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യം ഒന്നുകൊണ്ട് മാത്രമാണ് അപ്രാപ്യമെന്ന് കരുതിയ ഈ നേട്ടം കേരളത്തിന് കൈവരിക്കാൻ ആയത്.

കേരളത്തിന്റെ ഈ നേട്ടം സംസ്ഥാനത്തെ സംരംഭക സമൂഹത്തിന്റെ കൂടി നേട്ടമാണ്. വ്യവസായ സൗഹൃദ പട്ടികയിൽ കേരളം കൈവരിച്ച നേട്ടം ആഗോള ശ്രദ്ധയിൽ കൊണ്ടുവന്ന് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിന് ഇതിലൂടെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ഭൂമിശാസ്ത്രപരവും, പ്രകൃതി ദത്തവുമായ ഘടകങ്ങൾക്ക് കോട്ടം തട്ടാത്ത തരത്തിലുള്ള ഒരു വ്യവസായ സൗഹൃദാന്തരീക്ഷം സജ്ജമാക്കുന്നതിനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ ലക്ഷ്യത്തോട് അടുക്കുകയാണ്. കൂടാതെ പാലക്കാട് വ്യവസായ ഇടനാഴി, വിഴിഞ്ഞം തുറമുഖം തുടങ്ങിയവ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞതും രണ്ടാം പിണറായി സർക്കാരിന്റെ ചില നാഴികകല്ലുകൾ മാത്രം. ഇത്തരത്തിൽ പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി പാലിക്കപ്പെടുന്നതിലൂടെ ജനഹൃദയങ്ങളിൽ സർക്കാരിന്റെ സ്ഥാനം വീണ്ടും അരക്കിട്ടുറപ്പിക്കുന്നതിനായി.

മികച്ച സംസ്ഥാനങ്ങൾക്കുള്ള ദേശീയ പുരസ്കാരങ്ങളും അന്തർദേശീയ അംഗീകാരങ്ങളും കേരളത്തെ തേടിയെത്തിയത് ഭരണ മികവിന്റെ അംഗീകാരം തന്നെ. മേൽ പ്രതിപാദിച്ച മേഖലകൾ കൂടാതെ സ്ത്രീ ശാക്തീകരണം, വയോജന ക്ഷേമം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയ്ക്കും ഊന്നൽ കൊടുക്കാൻ കേരള സർക്കാരിനായി. ഇനിയുമേറെ നമുക്കു നേടാനുണ്ട്. ലക്ഷ്യ പ്രാപ്തിയിലേക്കുള്ള പ്രയാണത്തിലാണു നാം. അതിനൊരു മൂന്നാമൂഴം ഉണ്ടായേ തീരൂ. വികസിത കേരളം, സ്വാശ്രയകേരളം ഇതാവണം നമ്മുടെ മന്ത്രം. ലോകം സമ്പൂർണമായും ഡിജിറ്റലൈസ് ചെയ്യുമ്പോൾ അതിലെ ഒരു തിളങ്ങുന്ന ഭൂമികയായി നമ്മുടെ കുഞ്ഞു കേരളവും മാറട്ടെ. ■

കവർസ്റ്റോറി



ആഷിക്ക് കെ. പി

# സംരംഭകത്വം ഒരു യാത്ര



മനുഷ്യ ജീവിതം ഒരു യാത്രയാണ്. സ്വപ്നങ്ങളിലേക്കുള്ള യാത്ര. സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ടിയുള്ള പ്രയാണം.

സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കാനുള്ള ആഗ്രഹം തന്നെയാണ് ഓരോരുത്തരെയും മുന്നോട്ട് നയിക്കുന്നത്. തൊഴിലും വിദ്യാഭ്യാസവും മറ്റു സാമ്പത്തിക പ്രവർത്തനങ്ങളും ഒക്കെ ഇതിനുവേണ്ടി തന്നെയാണ്. അതുകൊണ്ടുതന്നെ ജീവിക്കാൻ പഠിക്കുക എന്നതാണ് ഏറ്റവും വലിയ വിദ്യാഭ്യാസം. ഈ ലോകത്ത് നിലനിൽക്കാൻ രണ്ട് കാര്യങ്ങൾ കൂടിയേ തീരൂ. ഒന്ന് നാം ആരാണെന്നും നമ്മുടെ കഴിവും കഴിവുകേടുകളും എന്ത് എന്നും മനസ്സിലാക്കുക. രണ്ട് കഠിനാധ്വാനം ചെയ്തു നിർഭയനായി, വിശ്വാസത്തോടെ, തന്റെ ലക്ഷ്യസാക്ഷാത്കാരത്തിന് വേണ്ടി മുന്നോട്ടുപോവുക. ഇവിടെയാണ് ജീവിതവിജയം നിലകൊള്ളുന്നത്. സംരംഭകൻ ആവാൻ വേണ്ടി സംരംഭകൻ സംരംഭകത്വ പ്രവർത്തനം നടത്തിയിട്ട് കാര്യമില്ല. പല സംരംഭങ്ങളും പൊളിഞ്ഞു പോകുന്നതും അതുകൊണ്ടുതന്നെയാണ്. നേരമറിച്ച്

തന്റെ ഉള്ളിലുള്ള തീഷ്ണമായ ആഗ്രഹത്തെ പുറത്തെത്തിക്കാനുള്ള സ്വതന്ത്രമായ വ്യഗ്രതയാണ് ആവശ്യമായി വരുന്നത്. നാം കണ്ടു ശീലിച്ച , കേട്ടു ശീലിച്ച, പഠിച്ചു വെച്ച ചില സംഗതികൾ ഉണ്ട്. അതിനനുസരിച്ചാണ് സമൂഹം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. കെ ജി മുതൽ ഡിഗ്രിയോ പി ജി വരെയോ പഠിക്കണ മെന്നും അതുകഴിഞ്ഞ് എവിടെയെങ്കിലും ജോലി കിട്ടണമെന്നും വിവാഹം കഴിക്കണമെന്നും കുട്ടികൾ ഉണ്ടാവണമെന്നും കുടുംബനാഥനാവണമെന്നും ഉള്ള കാലാകാലങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന സാമൂഹ്യ ജീവിത പ്രക്രിയയാണ് മനുഷ്യൻ പുലർത്തി കൊണ്ടിരിക്കുന്നത്. ഇന്നും നാം പ്രഥമ പരിഗണന കൊടുക്കുന്നത് അതിനു തന്നെയാണ്. എന്നാൽ ഇങ്ങനെ തന്നെ മുന്നോട്ടു പോകണമോ അതോ നമുക്ക് വേറിട്ട് ചിന്തിച്ചാൽ എന്താണ് എന്ന ഒരു തോന്നലാണ് നമുക്ക് വേണ്ടത്. ഇവിടെ എനിക്ക് ഒരു ഇംഗ്ലീഷ് കഥയാണ് ഓർമ്മ വരുന്നത്. ദികാഫ് പാത്ത് എന്നോ മറ്റോ ആണ് ആ കഥയുടെ പേര്. കഥയുടെ ചുരുക്കം ഇതാണ്. ഒരു കാളക്കുട്ടി അമ്മയുടെ ശ്രദ്ധ മാറിയപ്പോൾ മെല്ലെ തനിക്ക് തോന്നുന്ന വഴിയിലൂടെ കാട്ടിലൂടെ സഞ്ചരിക്കാൻ തുടങ്ങി. വളഞ്ഞും പുളഞ്ഞും നടന്ന്, തനിക്ക് ഇഷ്ടമുള്ള വഴിയിലൂടെ അവൻ മുന്നോട്ടു നീങ്ങി. ഓടിച്ചാടി കയറ്റത്തിലൂടെയും ഇറക്കത്തിലൂടെയും വലത്തും ഇടത്തും മാറിമാറി അവൻ മുന്നോട്ടു നടന്നു. വൈകുന്നേരം ആയപ്പോഴേക്കും തളർന്ന് എങ്ങനെയോ വീട്ടിലെത്തി. പിന്നീട് നടന്ന പല മൃഗങ്ങളും അത്തരത്തിലുള്ള ഒരു വഴി കണ്ടപ്പോൾ മുന്നോട്ടുള്ള പ്രയാണത്തിന് അത് ആശ്രയിച്ചു. അങ്ങനെ മെല്ലെ അതൊരു ചെറിയ വഴിയായി മാറി. പിന്നീട് മനുഷ്യനും അതുവഴി നടക്കാൻ തുടങ്ങി. കാലം മാറിയത് അനുസരിച്ച് അതൊരു വലിയ പാതയായി മാറി. ടാറിട്ട റോഡായി, വാഹനങ്ങൾ തിരക്കിട്ട പാതയിലൂടെ മുന്നോട്ടു നീങ്ങി തുടങ്ങി. എന്നാൽ ആരും അതിന്റെ ഘടനയെ മാറ്റാൻ തയ്യാറായില്ല. എങ്ങനെയാണോ ആ വളവും തിരിവും കയറ്റവും ഇറക്കവും ഒക്കെ ഉള്ളത് അതിനനുസരിച്ച് തന്നെയായിരുന്നു പിന്നീടുള്ള എല്ലാവരുടെയും യാത്ര.

മനുഷ്യന്റെ യാത്ര ഇങ്ങനെയാണ് കാലാകാലങ്ങളിലായി തുടർന്നുകൊണ്ടിരിക്കുന്ന ജീവിതപ്രക്രിയകളെ അനിശ്ചിതമായി അതേ രീതിയിൽ തുടർന്നുകൊണ്ടിരിക്കുന്ന ഒരു അവസ്ഥ എന്ന് വേണമെങ്കിൽ പറയാം.

മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ഈ ഒരു വഴി തന്നെ വീണ്ടും അവലംബിച്ചാൽ മുന്നോട്ടുള്ള യാത്ര ദുഷ്കരവും സങ്കടകരവും ആത്മഹത്യാപരവും ആയിരിക്കും. കാരണം ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയവും സാമൂഹ്യവും സാങ്കേതികമായ മാറ്റങ്ങളുടെ ഇടയിലാണ് നാം ഉള്ളത്. ഇത്തരം മാറ്റങ്ങൾ ഉൾക്കൊള്ളാനും മാറ്റങ്ങളോടൊപ്പം നടക്കാനും മാറ്റങ്ങളെ സ്വീകരിക്കാനും കഴിയുമ്പോഴേ നാം നേടിയ, അഥവാ മനസ്സിലാക്കിയ, അറിവുകൾ നമുക്ക് ഉപകാരപ്രദമാകൂ.

അറിവിനെ തിരിച്ചറിവായി, തിരിച്ചറിവിനെ ജീവിതയാഥാർത്ഥ്യങ്ങളായി, ജീവിതയാഥാർത്ഥ്യത്തെ പ്രവർത്തന പദത്തിൽ എത്തിക്കുന്നതായി മാറ്റുമ്പോഴാണ് നമ്മുടെ ജീവിതത്തിന്റെ യാത്രാ ലക്ഷ്യം സന്തോഷകരവും സമാധാനപരമായി മാറുകയുള്ളൂ.

ഇന്ന് ആധുനിക ലോകം നേരിടുന്നത് വലിയ പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളൊക്കെ ഉണ്ടാവാനുള്ള കാരണം മനുഷ്യന് ഉണ്ടാകുന്ന അസ്വസ്ഥതകളും സാമ്പത്തിക പ്രശ്നങ്ങളുമാണ് എന്ന് ആഴത്തിൽ ചിന്തിച്ചാൽ മനസ്സിലാകും. തൊഴിലില്ലായ്മ രൂക്ഷമായി മുന്നോട്ടു പോയി



ക്കൊണ്ടിരിക്കുകയാണ്. ജനസംഖ്യ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യകൾ തൊഴിതെ ാഴിലില്ലായ്മയുടെ ആക്കം കൂട്ടുന്നു. ജോലികൾ ആകട്ടെ വലിയ അളവോളം കുറഞ്ഞു കൊണ്ടേയിരിക്കുന്നു. എന്താണ് ഇതിനൊരു പരിഹാരം. പരിഹാരം ഒന്നു മാത്രമേയുള്ളൂ. അത് സ്വയംതൊഴിൽ അഥവാ സംരംഭകത്വം തന്നെയാണ്. സാമാന്യ ബുദ്ധിയുള്ള ഒരു ചെറുപ്പക്കാരനോ ചെറുപ്പക്കാരിയോ അവർക്ക് സ്വന്തമായി ചെയ്യാനുള്ള ഒരു മേഖല തിരഞ്ഞെടുത്ത് ആ മേഖലയിൽ അവരുടെ പ്രവർത്തനങ്ങളെ പരിപോഷിപ്പിച്ചു മുന്നോട്ടു കൊണ്ടുപോയി അതിനുള്ള വെല്ലുവിളികളെ കഠിനാധ്വാനം കൊണ്ടും ശുഭാപ്തിവിശ്വാസം കൊണ്ടും നേരിട്ട് മറ്റൊരാളുമായോ മറ്റൊന്നുമായുമോ നെഗറ്റീവ് ആയ രീതിയിൽ താരതമ്യം ചെയ്യാതെ മുന്നോട്ടു നീങ്ങാൻ കഴിയണം. അതിനുവേണ്ട പിന്തുണയാണ് കുടുംബവും സമൂഹവും സർക്കാരും നൽകേണ്ടത്.




ഒരാൾ വിജയിച്ചു കഴിഞ്ഞ് അയാളുടെ കോടിക്കണക്കിന് സമ്പത്തിനെക്കുറിച്ചും അയാളുടെ പഴയ കാലങ്ങളെക്കുറിച്ചും ഘോരഘോരം ദീർഘനേരം നാം വാചാലനായിട്ട് കാര്യമില്ല. മറിച്ച് തുടക്കത്തിലെ ഇത്തരത്തിലുള്ള ആളുകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കാനുള്ള പ്രക്രിയയാണ് നടത്തേണ്ടത്. വിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തുകളും സാമൂഹ്യ സേവന സംഘടന കളും ഒക്കെ ഇന്ന് ചെയ്യേണ്ട മുഖ്യമായ ചുമതല നമ്മുടെ നാട്ടിലുള്ള വ്യത്യസ്ത വിദ്യാഭ്യാസ യോഗ്യതയുള്ള ആളുകൾക്ക് പ്രായഭേദമന്യേ ജീവിക്കാനുള്ള മാർഗങ്ങൾ പറഞ്ഞുകൊടുക്കുന്ന സംരംഭകത്വത്തിന്റെ നൂതന സാധ്യതകൾ മനസ്സിലാക്കി പരിശീലനം നൽകി അവരെ അത് തുടങ്ങിക്കുക എന്നുള്ളതാണ്. പലതരം സംശയങ്ങൾ തുടക്കക്കാർക്ക് ഉണ്ടാവാം. പറയാൻ എളുപ്പമാണ് ചെയ്യുമ്പോഴല്ലേ അറിയൂ, എവിടെ തുടങ്ങണം എങ്ങനെ തുടങ്ങണം എപ്പോൾ തുടങ്ങണം, സമൂഹം എന്തു വിചാരിക്കും, സാമ്പത്തികം ഒരു പ്രശ്നമല്ലേ, നഷ്ട സാധ്യത ഉണ്ടാവാനുള്ള സാധ്യത്യ കൂടുതലല്ലേ, എങ്ങനെ വിപണനം ചെയ്യണം തുടങ്ങിയ ആലോചിച്ചാൽ ഉത്തരം കിട്ടാത്ത സംശയങ്ങൾ നമുക്കുണ്ടാവാം. എന്നാൽ ഉറച്ച വിശ്വാസത്തോടുകൂടി സംരംഭം ആരംഭിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം അവർ കഠിനാധ്വാനി ആണെങ്കിൽ എളുപ്പത്തിൽ മുന്നോട്ടു കൊണ്ടു പോകാനും വിജയിക്കാനും കഴിയും. പല വിജയിച്ച ചെറുപ്പക്കാരെയും പരാജയപ്പെട്ട ചെറുപ്പക്കാരെയും നേരിട്ട് കണ്ടു സംസാരിക്കുമ്പോൾ ഈ കാര്യം വളരെവ്യക്തമായി എനിക്ക് നേരിട്ട് ബോധ്യപ്പെട്ടിട്ടുണ്ട്. ഒന്നുകിൽ ചെറിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ തന്നെ പിന്മാറി കളയുകയോ അല്ലെങ്കിൽ അസ്വസ്ഥനാവുകയോ ചെയ്തു സംരംഭത്തിന്റെഗതി മാറ്റുകയോ അല്ലെങ്കിൽ നിർത്തുകയോ ചെയ്യുന്ന ആളുകൾ . അതല്ലെങ്കിൽ അല്പം മെച്ചമായി മാറുമ്പോഴേക്കും വിപുലീകരിക്കാൻ വേണ്ടി ഒന്നും ആലോചിക്കാതെ വലിയ തുക വായ്പ എടുത്തോ അല്ലെങ്കിൽ മറ്റു പങ്കാളികളെ കൂട്ടിയോ മുന്നോട്ടു കുതിക്കാൻ ആഗ്രഹിക്കുന്നവർ. ഇങ്ങനെ നമ്മുടെ സാമൂഹ്യ മാധ്യമങ്ങളെ കണ്ട് മതിമറക്കുന്ന വൻ സംരംഭകരെയും അവരുടെ ജീവിതത്തെയും താരതമ്യം ചെയ്തു സംരംഭകരാവാൻ തയ്യാറാവുന്നവരെയാണ് പലപ്പോഴും കാണുന്നത്.



സംരംഭകത്വം എന്നാൽ ആഡംബരം അല്ലെന്നും അത് നമ്മുടെ മനസ്സമാധാനത്തിനും സന്തോഷത്തിനും, ആരെയും ആശ്രയിക്കാതെ മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കി ജീവിതം കരുപ്പിടിപ്പിക്കുവാനും ഉള്ള ഒരു യാത്രയാണെന്നും മനസ്സിലാക്കിയാൽ ഇത്തരം പ്രശ്നങ്ങൾ പലതും നമുക്ക് ദൂരീകരിക്കാനും ആത്മവിശ്വാസത്തോടുകൂടി മുന്നോട്ടു പോകാനും കഴിയും. ഇന്ന് സംരംഭകനെ സഹായിക്കാൻ ധാരാളം പദ്ധതികളും പരിപാടികളും ഉണ്ട്. ഇതൊന്നുമില്ലാത്ത കാലത്തും ധാരാളം ആളുകൾ സംരംഭകത്വത്തിലേക്ക് കുതിച്ചുചാടി വിജയകരമായി ഉന്നത മേഖലയിൽ എത്തിയിട്ടുണ്ട്. ഇന്ന് നമ്മെ സഹായിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, സ്റ്റാർട്ടപ്പ് മിഷനുകൾ എന്നിവയൊക്കെ ഉണ്ട് എന്ന് കാണാം. ധാരാളം രീതിയിൽ ഉള്ള സഹായങ്ങളും ഇവരിൽ നിന്ന് ലഭിക്കുന്നുണ്ട്. പ്രയോജനപ്പെടുത്തുന്ന ആളുകൾ എത്രയുണ്ട് എന്ന് ചോദിച്ചാൽ വളരെ കുറവാണ് എന്നതാണ് യാഥാർത്ഥ്യം. പലർക്കും പെട്ടെന്ന് തന്നെ പണക്കാരൻ ആവാനുള്ള അതിമോഹമാണ്. പ്രശസ്ത സാമ്പത്തിക വിദഗ്ധനും മുൻ റിസർവ് ബാങ്ക് ഗവർണറുമായിരുന്ന ഡോക്ടർ രഘുറാം രാജൻ പറഞ്ഞ വാക്യം ഇതാണ്. 'പണം ഉണ്ടാക്കാൻ നിങ്ങൾ എത്രത്തോളം ധൃതി കാണിക്കുന്നുവോ അത്രത്തോളം പണം നിങ്ങളിൽ നിന്ന് അകന്നു നിൽക്കുകയും എന്നാൽ നിങ്ങളുടെ ഉദ്യമം നിങ്ങൾ നെഞ്ചിലേറ്റി യാതൊരു ധൃതിയുമില്ലാതെ കഠിനാധ്വാനം ചെയ്ത് മുന്നേറുമ്പോഴോ അറിയാതെ പണം നിങ്ങളെ തേടി എത്തുമെന്നും അപ്പോൾ നിങ്ങൾ അതിനെ തിരസ്കരിക്കാതെ കൈ നീട്ടി സ്വീകരിച്ചാൽ മതി' എന്ന അർത്ഥവത്തായ വാക്യം നമുക്ക് മുഖവിലക്കെടുക്കാവുന്നതാണ്.

ഓഹരി വിപണിയിൽ പെട്ടെന്ന് കയറി ഇടപെടുന്ന ആളുകൾ, അല്ലെങ്കിൽ മറ്റു സംരംഭകരോടൊപ്പം പങ്കാളികളാകുന്ന ആളുകൾ, അതുമല്ലെങ്കിൽ ആരെങ്കിലും പറയുന്നത് കേട്ട് പെട്ടെന്ന് കുറെ പണം നിക്ഷേപിച്ചു അതിൽ പെട്ടുപോകുന്നവർ, ഇവരൊക്കെ കൃത്യമായി പഠിക്കാതെയും മനസ്സിലാക്കാതെയും ചിന്തിക്കാതെയും സംരംഭകത്വത്തിൽ ഏർപ്പെടുന്നവരാണ്. പെട്ടെന്ന് പണമുണ്ടാക്കാനുള്ള, ആഡംബരത്തിൽ ജീവിക്കാനുള്ള ഉപാധിയല്ല സംരംഭകത്വം എന്ന് നാം മനസ്സിലാക്കേണ്ടതാണ്.

അത് മെല്ലെ മെല്ലെ നമ്മുടെ സ്വപ്നങ്ങളെ സാക്ഷാത്കരിച്ച് നമ്മുടെ ചിന്തകളെ പരിപോഷിപ്പിച്ചു നാം തന്നെ ഉയർത്തി നമ്മളിൽ നിന്നുണ്ടാകുന്ന സർഗാത്മകതകളിലൂടെയും ക്രിയാത്മകതകളിലൂടെയും ഉയർന്നുവന്നു ഒരു ബ്രാൻഡ് ഇമേജ് ലഭിച്ചു മുന്നേറുന്ന പ്രക്രിയയാണ്.

വളർച്ച ഉയർച്ച വിജയം എന്നിവയാണ് അതിൻറെ 3 അടിസ്ഥാന പ്രമാണങ്ങൾ. വളർച്ച എന്നാൽ മെല്ലെ മെല്ലെ വളരുന്ന കൃത്യമായ അടിത്തറയോടെ ഉണ്ടാവുന്ന അവസ്ഥ എന്നാണ് അർത്ഥം. അത് നിലവിൽ ഒരു ബ്രാൻഡ് ആയി വന്നു ലാഭകരമായി മാറുമ്പോൾ ഉയർച്ച ഉണ്ടാകും. അത്തരം ഉയർച്ചയിൽ മതിമറന്നു പോകാതെ അതിനെ സാമൂഹ്യ ഉത്തരവാദിത്വത്തോട് കൂടി നിലനിർത്തി മുന്നോട്ടുപോകാനുള്ള പ്രക്രിയയിൽ സംരംഭകൻ ഏർപ്പെടുമ്പോഴാണ് വിജയിച്ച സ്ഥാപനമായി അത് മാറുന്നത്. ഇതിനെയാണ് സംരംഭകത്വ യാത്ര എന്ന് പറയുന്നത്. നാം ഒരു യാത്രക്കാരനായി സംരംഭകത്വത്തെ അല്ലെങ്കിൽ സംരംഭകത്വം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുക. ദൂരെ തെളിഞ്ഞു നിൽക്കുന്ന നക്ഷത്രങ്ങളാണ് നമ്മുടെ സ്വപ്നങ്ങൾ. അതിലേക്ക് നാം എത്തുക തന്നെ ചെയ്യും. പക്ഷേ അർപ്പണ ബോധവും ആത്മവിശ്വാസവും കഠിനാധ്വാനവും കൂടിയേ തീരൂ.

NATURAL
COCONUT OIL & SPICES
PERUVA-KOTTAYAM
Mob:9400953566



അഡ്വ. അമീർഷാ വി.പി



# അമേരിക്കൻ സാമ്പത്തിക രംഗം തകർച്ചയിലേക്ക് നീങ്ങുന്നുണ്ടോ?

നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് രണ്ടാമതും ഭരണത്തിൽ വന്ന ഉടനെ എടുത്തു ചാടി പ്രഖ്യാപിച്ച ഒരു സുപ്രധാന പ്രസ്താവനയാണ് മറ്റു രാജ്യങ്ങളുമായി വ്യാപാര ഇടപാടുകൾ നടത്തുമ്പോൾ റസിപ്രോക്കൽ നികുതി താരിഫ് കൊണ്ട് വരുമെന്നും അതിൽ വലിയ തിരുത്തലുകൾ വരും നാളുകളിൽ വരുമെന്നും. സ്വാഭാവികമായും ആർക്കും വായിച്ചെടുക്കാൻ കഴിയുന്ന കാര്യമാണ് പ്രസിഡന്റ് ട്രംപ് ലക്ഷ്യം വെക്കുന്നത് ലോകത്തെ മറ്റൊരു സാമ്പത്തിക ശക്തിയായ ചൈനയെ തന്നെയാണെന്ന്.

ദീർഘ വീക്ഷണത്തോടെ ഈ വിഷയം പഠിച്ചാൽ മനസ്സിലാവുന്ന കാര്യമെന്നത്, സാമ്പത്തിക രംഗത്ത് ഇത്തരം എടുത്തു ചട്ടങ്ങൾ അമേരിക്ക പോലുള്ള രാജ്യങ്ങൾ നടത്തുമ്പോൾ ലോകത്ത് വളരെ പെട്ടെന്ന് ഒട്ടും പ്രതീക്ഷിക്കാത്ത മാറ്റങ്ങളും സാമ്പത്തിക വ്യാവസായിക തിരുത്തലുകളും വരുമെന്നതാണ്. ഇന്ന് നിലവിലുള്ള പല വ്യവസായ മേഖലകളെയും രാജ്യാന്തര കയറ്റുമതി നിരക്കുകളെയും ഇത്തരം നീക്കങ്ങൾ കാര്യമായി ബാധിക്കും. മറ്റു രാജ്യങ്ങൾക്ക് ഒരു പക്ഷെ ഹൈടെക് ആയുധങ്ങൾ ലഭിക്കുന്നതിൽ പരിമിതി ഉണ്ടായാൽ പോലും ദൈനംദിന ആവശ്യങ്ങൾക്കുള്ള വസ്തുക്കൾ അമേരിക്കൻ ചൈനീസ് നിർമ്മിതമാവണമെന്ന് ഒരു നിഷ്കർച്ചയുമില്ല എന്ന് മാത്രമല്ല ഏതൊരു

രാജ്യത്തിനും വിചാരിച്ചാൽ പ്രൊഡ്യൂസ് ചെയ്യാവുന്ന ഉത്പന്നങ്ങളാണ് പലതും. പല രാജ്യങ്ങളും അവരുടെ ട്രേഡ് എന്നത് ഇതര കറൻസി മാർഗത്തിലേക്ക് മാറ്റപ്പെടാൻ വരെ ഇത്തരം പ്രശ്നങ്ങൾ കൊണ്ടെത്തിക്കും.

അതോടൊപ്പം ചേർത്തു വായിക്കേണ്ട മറ്റൊരു കഥയാണ് അമേരിക്ക 1945 ജപ്പാനിൽ ബോംബിട്ട് തകർക്കുന്നതും അതിന് ശേഷം ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ജപ്പാൻ ഉയിർത്തെഴുന്നേറ്റ് വീണ്ടും ഒരു സാമ്പത്തിക ശക്തിയായി മാറുന്നതും. ജപ്പാൻ വലിയ തോതിൽ സാമ്പത്തിക വളർച്ച നേടിയപ്പോൾ ആദ്യം ചെയ്തത് യു.എസ് കടപത്രങ്ങളിൽ നിക്ഷേപം നടത്തുക എന്ന തന്ത്രമാണ്. ഇന്ന് ലോകത്ത് ഏറ്റവുമധികം അമേരിക്കൻ കടപത്രത്തിൽ നിക്ഷേപം നടത്തിയിട്ടുള്ള രാജ്യവും ജപ്പാൻ തന്നെയാണ്. ഒരു താരതമ്യ പഠനം നടത്തിയപ്പോൾ കിട്ടിയ ഉത്തരം എന്നത് അമേരിക്കയുടെ കടബാധ്യത എന്നത് ഇന്ത്യയേക്കാൾ ഇരട്ടിയാണെന്നാണ്. ഏറ്റവും പുതിയ ഡാറ്റ അനുസരിച്ച് ഇന്ത്യയുടെ ഡെബ്റ്റ് റ്റു ജിഡിപി റേഷ്യോ എന്നത് 57% ആണെങ്കിൽ അമേരിക്കയുടെ കടം 123% ശതമാനമാണെന്ന് കാണാം. അതേയവസരത്തിൽ ഡോളറിൻറെ വിനിമയ നിരക്കിൽ കാര്യമായ കുറവും കാണുന്നില്ല. അതായത് ആഭ്യന്തര വിനിമയത്തേക്കാൾ കൂടുതൽ ഡോളറിനു മൂല്യം നൽകുന്നത് അന്താരാഷ്ട്ര വിനിമയ നിരക്കുകളാണെന്ന് കാണാൻ കഴിയും. യു.സ് ഡോളറിന് ലോക ഭൂപടത്തിൽ പിടിച്ചു നിൽക്കാൻ കഴിയും എന്ന് തിരിച്ചറിഞ്ഞത് കൊണ്ടാണ് ജപ്പാൻ അവരുടെ സമ്പാദ്യം മുഴുവൻ അമേരിക്കൻ ഫെഡറൽ കടപത്ര വിപണിയിൽ ഇറക്കുന്നത്. ഇതേ സാമ്പത്തിക സുരക്ഷ മുന്നോട്ട് കൊണ്ട് പോവുന്ന മറ്റൊരു രാജ്യമാണ് സൗദി അറേബ്യ. 1986 മുതൽ സൗദി റിയാലും അമേരിക്കൻ ഡോളറുമായി 3.75 അനുപാതത്തിൽ സെറ്റ് ചെയ്തു വെച്ചിരിക്കുകയാണ്.

**സൗദി കിരീടാവകാശി ബഹുമാനപെട്ട ഫഹദ് രാജാവാണ് ഇത്തരം വലിയ തീരുമാനങ്ങൾ സൗദി സാമ്പത്തിക രംഗത്ത് നടപ്പിലാക്കിയത്, എന്ന് മാത്രമല്ല സൗദിയുടെ ദൈനംദിന വളർച്ചക്ക് ഇത്തരം സാമ്പത്തിക ക്രമീകരണങ്ങൾ വളരെയേറെ പ്രയോജനം ചെയ്യുകയും ചെയ്തിട്ടുണ്ട്.**

സൗദി കിരീടാവകാശി ബഹുമാനപെട്ട ഫഹദ് രാജാവാണ് ഇത്തരം വലിയ തീരുമാനങ്ങൾ സൗദി സാമ്പത്തിക രംഗത്ത് നടപ്പിലാക്കിയത്, എന്ന് മാത്രമല്ല സൗദിയുടെ ദൈനംദിന വളർച്ചക്ക് ഇത്തരം സാമ്പത്തിക ക്രമീകരണങ്ങൾ വളരെയേറെ പ്രയോജനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

അമേരിക്കൻ പ്രസിഡന്റിന് നിയമപരമായി താരിഫ് നിരക്ക് മാറ്റി സ്ഥാപിക്കാൻ അധികാരമില്ല ചില പ്രത്യേക സന്ദർഭങ്ങളിൽ അല്ലാതെ. അമേരിക്കൻ നിയമമനുസരിച്ച് പ്രധാനപ്പെട്ട നാലു ഘട്ടങ്ങളിൽ ഇത്തരം വിഷയങ്ങളിൽ ഇടപെടാൻ കഴിയുമെന്നിരിക്കെ പ്രസിഡന്റ് ട്രംപ് രാജ്യ സുരക്ഷാ എന്ന






പേരിലാണ് താരിഫ് നിയമത്തിൽ ഇടപെട്ടതും കോടതിയിൽ ഈ വിഷയത്തിൽ സമവായം തേടി മുന്നോട്ട് പോയതുമെന്ന് മനസിലാക്കാം. വളരെയേറെ ചർച്ചകൾ ലോകത്തെമ്പാടും നടന്നു എന്ന് മാത്രമല്ല പല ഗ്ലോബൽ സ്റ്റോക്ക് എക്സ്ചേഞ്ച്കളും കഴിഞ്ഞ ഏതാനും മാസങ്ങൾ കൊണ്ട് കൂപ്പു കുത്തുകയും മറ്റൊരു ഭാഗത്ത് നിന്നും ചൈന പ്രതിരോധം സൃഷ്ടിച്ചുകൊണ്ട് ട്രംപിന്റെ നടപടിയെ നേരുകയും ചെയ്യാൻ തുടങ്ങിയപ്പോൾ അവസാനം അമേരിക്കൻ പ്രസിഡന്റിനു തന്നെ മാറ്റി പറയേണ്ടി വന്നു. താരിഫ് നയം 90 ദിവസം കഴിഞ്ഞു പുനഃപരിശോധിക്കാമെന്ന്.

അമേരിക്കൻ സാമ്പത്തിക രംഗം 2025 നു ശേഷം വലിയ ചാഞ്ചാട്ടത്തിലേക്ക് നീങ്ങുമെന്ന് ഇപ്പോഴുള്ള നെഗറ്റീവ് ജിഡിപി നിരക്ക് നോക്കിയാൽ കാണാൻ കഴിയും. 2008 ൽ അമേരിക്ക വലിയ കടുത്ത സാമ്പത്തിക ഞെരുക്കം നേരിടുകയും ഗ്ലോബൽ റിസഷൻ തന്നെ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. മറ്റൊരു സാമ്പത്തിക ഞെരുക്കം വരാതിരിക്കാനുള്ള തിടുക്കത്തിലാണ് ഇപ്പോൾ ട്രംപ് നടപ്പിലാക്കുന്ന റെസിപ്രോക്കൽ താരിഫ് എന്ന് വേണം മനസ്സിലാക്കാൻ.

ഗ്ലോബൽ സാമ്പത്തിക രംഗം വഷളാവാൻ മറ്റൊരു പ്രധാന കാരണം വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും തമ്മിൽ ട്രേഡ് ഡീൽസ് നടത്തുമ്പോൾ പലപ്പോഴും നാം അറിഞ്ഞോ അറിയാതെയോ എല്ലാ രാജ്യങ്ങളെയും ലൈഫ് സ്റ്റൈൽ ഇൻഫ്ളേഷൻ പിടികൂടി കളയും. ഗ്ലോബൽ റിസഷൻ വരുമ്പോൾ ഇക്കണോമിക് ചലഞ്ചസ് ഉണ്ടാവുന്നത് തുടക്കം വ്യക്തികളിലൂടെയും പിന്നീട് അത് രാജ്യമൊട്ടുക്കും പടർന്ന് പന്തലിച്ച് നിശ്ചലമായി പോവുകയും ചെയ്യും. ഇതാണ് ഗ്ലോബൽ റിസഷൻ വന്നാലുള്ള അപകടം. 2008 ലെ റിസഷൻ ഏറ്റവും കൂടുതൽ ബാധിച്ചത് ഏഷ്യൻ/ മിഡിൽ ഈസ്റ്റ് രാജ്യങ്ങളെയാണ്. ഇന്നും ഈ രാജ്യങ്ങൾ പരിപൂർണമായി കരകേറിയിട്ടില്ല എന്ന് മാത്രമല്ല ഈ രാജ്യങ്ങളിലെ ആളോഹരി വരുമാനം കഴിഞ്ഞ കുറെ വർഷങ്ങളായി ഉണർവില്ലാത്ത നിലയിലുമാണ്. നമ്മുടെ കൊച്ചു കേരളം പോലും 2008 ലെ റിസഷൻ മൂലം കൂടുതൽ കടക്കെണിയിൽ പെട്ട് കിടക്കുകയാണ് എന്ന് പറഞ്ഞാൽ അതിശയോക്തിയല്ല. അമേരിക്കൻ ഇക്കോണമി ഒരു സിങ്കിങ് ഇക്കോണമി ആണെന്നു കണ്ടെത്തിയാൽ പോലും അതിനു അപകടം പറ്റാതെ മുന്നോട്ട് കൊണ്ട് പോവുക എന്നത് അമേരിക്കയുടെ മാത്രമല്ല മറ്റെല്ലാ രാജ്യങ്ങളുടെയും ആവശ്യം കൂടിയാണ്. അത്രമാത്രം എല്ലാ രാജ്യങ്ങളും അമേരിക്കയുമായും യു.സ് ഡോളറുമായും ബന്ധപെട്ടു കിടക്കുന്നു. ഇത് കൃത്യമായി അറിയുന്നത് കൊണ്ട് തന്നെയാണ് അമേരിക്കയുടെ നിലപാടിൽ ചൈന വളരെ ശക്തമായി നിലപാടെടുത്ത് മുന്നോട്ട് പോവുന്നത്.

**ഇക്വിറ്റി ഇന്ത്യ & റിസർച്ച്, മൈൻഡ് മാഗ്ന എന്നീ സ്ഥാപനങ്ങളുടെ സാരഥിയാണ്**
**Adv. Ameersha VP. –8547484769**



ഡോ. ബൈജു നെടുങ്കേരി

# ഡിഷ് വാഷ് ബാർ– ബാർ സോപ്പ് നിർമ്മാണം

കേരളത്തിലെ ചെറുകിട വ്യവസായ രംഗം പുതിയ സാമ്പത്തിക വർഷത്തിൽ വലിയ പ്രതീക്ഷയിലാണ്. കേരളത്തിൽ സംരംഭക സൗഹൃദ ആവാസ വ്യവസ്ഥ സ്ഥാപിച്ചെടുക്കുന്നതിന് നടത്തിയ ഇടപെടലുകൾ ഫലപ്രാപ്തിയിലെത്തിയ സാമ്പത്തിക വർഷമാണ് കടന്ന് പോയത്. പുതിയതായി സംരംഭം ആരംഭിക്കുന്നതിന് നിരവധി ആളുകൾ മുന്നോട്ടു വന്നു. കേരളത്തിൽ പ്രശ്നങ്ങളില്ലാതെ വ്യവസായം ചെയ്യാം എന്ന ഒരു ആത്മവിശ്വാസം സംരംഭകർക്ക് പകർന്ന് നൽകാൻ ഗവൺമെന്റിന് കഴിഞ്ഞു. വലിയ വിപണി അവസരങ്ങൾ നിലനിൽക്കുന്ന കേരളത്തിൽ സംരംഭങ്ങൾക്കുള്ള മാർക്കറ്റിംഗ് അവസരങ്ങളും വിജയ സാധ്യതയും കൂടുതലാണ്. കേരളത്തിന്റെ ദൈനംദിന ഉപയോഗത്തിന് ആവശ്യമുള്ള നിരവധി സാധനങ്ങൾ ഇപ്പോഴും അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ച് നമ്മുടെ നാട്ടിലേക്ക് എത്തുന്നതാണ്. ഇത്തരം ഉല്പന്നങ്ങൾ നാട്ടിൽ തന്നെ നിർമ്മിക്കാൻ കഴിയും. അതുവഴി സംരംഭകത്വ വികസനവും പ്രാദേശിക തൊഴിൽ വർധനവും സാധ്യമാകും.

കേരളത്തിൽ ആരംഭിക്കാൻ കഴിയുന്ന വിജയ സാധ്യതയുള്ള സംരംഭമാണ് ബാർ സോപ്പ് -ഡിഷ് വാഷ് ബാറുകളുടെ നിർമ്മാണം. ഒരേ യന്ത്രം ഉപയോഗിച്ച് കുറഞ്ഞ മുതൽ മുടക്കിൽ ഈ രണ്ട് ഉല്പന്നങ്ങളും നിർമ്മിച്ച് വിപണയിലെത്തിക്കാനാകും.

## സാധ്യതകൾ

കേരളം എല്ലാത്തരം ഉൽപന്നങ്ങളുടെയും വലിയ വിപണിയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ ഗ്രാമങ്ങൾക്ക് പോലും നഗരങ്ങൾക്ക് തുല്യമായ വാങ്ങൽ ശേഷിയുണ്ട്. ദൈനംദിന ജീവിതത്തിൽ നമ്മൾ ധാരാളമായി ഉപയോഗിക്കുന്നതും എന്നാൽ അന്യ സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നതുമായ ധാരാളം ഉല്പന്നങ്ങളുണ്ട്. ഈ ഉല്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്തു തന്നെ നിർമ്മിച്ച് വിപണിയിലെത്തിക്കാൻ സാധിച്ചാൽ അന്യസംസ്ഥാനങ്ങളിലേക്കുള്ള പണമൊഴുക്ക് കുറച്ച് നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ശാക്തീകരിക്കാൻ കഴിയും. കേരള ബ്രാൻഡുകൾക്കു കൂടുതൽ പ്രാമുഖ്യം നൽകിയുള്ള വാങ്ങൽ സംസ്കാരവും വില്പന രീതികളും ക്രമപ്പെടുത്തണം.

സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നിർമ്മാണ രീതി ഈ വ്യവസായത്തിൽ കുത്തക നിലനിർത്താൻ സംരംഭകരെ പ്രാപ്തരാക്കും.





കുറഞ്ഞ മുതൽ മുടക്കും ഈ വ്യവസായത്തിന്റെ ആകർഷണീയതയാണ്. അസംസ്കൃത വസ്തുക്കളും സുലഭമായി ലഭിക്കും.

## ബാർ സോപ്പ്

വാഷിംഗ് മെഷീനും വാഷിംഗ് പൗഡറുമൊക്കെ വന്നെങ്കിലും ബാർസോപ്പിന് ഇപ്പോഴും വിപണിയുണ്ട്. ഗ്രാമങ്ങളിലും നഗരങ്ങളിലും ബാർസോപ്പിന് ആവശ്യക്കാരുണ്ട്. മെഷീനിൽ അലക്കുന്നവരും ബാർ സോപ്പ് ഉപയോഗിച്ച് കൂടുതൽ അഴുക്ക് പറ്റിയ ഭാഗം വൃത്തിയാക്കിയിട്ടാണ് വാഷിംഗ് മെഷീനിൽ അലക്കുന്നത്. വസ്ത്രങ്ങൾ അലക്കുന്നതിനായി പുഴകൾ, കുളങ്ങൾ, പൊതുകിണറുകൾ തുടങ്ങിയ സൗകര്യങ്ങളെ ആശ്രയിക്കുന്നവരും ബാർ സോപ്പ് ഉപയോഗിക്കുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾ ധാരാളമുള്ള കേരളത്തിൽ അവരും വസ്ത്രങ്ങൾ വൃത്തിയാക്കുന്നതിന് ബാർ സോപ്പാണ് ഉപയോഗിക്കുന്നത്. ഈ ആവശ്യങ്ങളെല്ലാം പരിഹരിക്കുന്നതിന് ചുരുക്കം ഉല്പാദകർ മാത്രമാണ് ഇന്ന് കേരളത്തിലുള്ളത്. ഇന്ന് ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് വ്യാവസായിക അടിസ്ഥാനത്തിൽ ലാഭകരമായി സോപ്പ് ബാറുകൾ നിർമ്മിക്കുന്നതിന് സാധിക്കും. വാഷിംഗ് സോപ്പ് നിർമ്മാണത്തിന് രണ്ട് തരം രീതികൾ അവലംബിക്കാറുണ്ട്. ഓയിൽ ബേസ്ഡ് സോപ്പും, ഡിറ്റർജന്റ് ബേസ്ഡ് സോപ്പുമാണ് കൂടുതലായി ഉപയോഗിക്കുന്നത്

## ഡിഷ്വാഷ് ബാർ

ദൈനം ദിന ജീവിതത്തിൽ ഉപയോഗിക്കുന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിച്ചാൽ വിപണനം സുഗമമായിരിക്കും. അടുക്കളയിൽ ഒഴിച്ച് കൂടാനാകാത്ത ഒന്നാണ് ഡിഷ് വാഷ് ബാർ. ഡിഷ്വാഷ് ബാർ നിർമ്മിക്കുന്ന യൂണിറ്റുകൾ കേരളത്തിൽ വിരലിൽ എണ്ണാവുന്നവയേ ഉള്ളൂ. വിപണി വലിയതാണുതാനും. അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന ഉല്പന്നങ്ങൾ വിപണി കൈയടക്കി വെച്ചിരിക്കുന്നു. കേരളത്തിൽ ഡിഷ്വാഷ് ബാറിന്റെ നിർമാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതും വിപണി കിഴടക്കാവുന്നതുമാണ്. വ്യത്യസ്ഥ നിറങ്ങളിലും സുഗന്ധങ്ങളിലും ലഭിക്കുന്ന ഡിഷ്വാഷ് ബാറുകളുടെ നിർമ്മാണ രീതികൾ ഒന്നുതന്നെയാണ്. നിറവും സുഗന്ധവും മാത്രമേ വ്യത്യസ്ഥമാകുന്നുള്ളു. വനിതാ സൗഹൃദ യൂണിറ്റുകളായും സംരംഭകത്വ ഗ്രൂപ്പുകൾക്കും ഡിഷ് വാഷ് ബാർ നിർമ്മാണം ആരംഭിക്കാൻ കഴിയും.

## മാർക്കറ്റിങ്

വിതരണക്കാരെ നിയമിച്ചുള്ള വില്പന രീതി തന്നെയാണ് ഉത്തമം. വിപണി പിടിക്കുന്നതിനായി സ്കീമുകളും കോംബോ പായ്ക്കുകളും പരീക്ഷിക്കാവുന്നതാണ്. സ്ത്രീകളുടെ കൈകൾക്ക് സുരക്ഷിതത്വം നൽകുന്ന തരത്തിൽ നിർമാണ രീതി പരിഷ്കരിച്ചാൽ ഇക്കാരണം കൊണ്ടുതന്നെ കൂടുതൽ വില്പന നേടാൻ സാധിക്കും.

## നിർമ്മാണരീതി – ഡിഷ് വാഷ് ബാർ

ഡിഷ് വാഷ് ബാർ നിർമ്മാണത്തിലെ ഏറ്റവും പ്രധാന ഘടകം നിർമ്മാണത്തിനുപയോഗിക്കുന്ന കോംബിനേഷനാണ്. പാത്രങ്ങൾ വൃത്തിയാക്കുന്നതിനൊപ്പം ചർമ്മ സംരക്ഷണവും പ്രധാനമാണ്. അസംസ്കൃത വസ്തുക്കളായ സോഡാ ആഷ്, ആസിഡ് സ്ളറി, സോഡിയം സിലിക്കേറ്റ്, ചൈന ക്ലേ, കാൽസ്യം സിലിക്കേറ്റ് പൗഡർ, സോളാർ നെറ്റ്, പൗഡർ, കളർ, പെർഫ്യൂം എന്നിവ നിശ്ചിത അനുപാതത്തിൽ സിഗ്മ മിക്സർ ഉപയോഗിച്ച് കുഴച്ചെടുക്കും. ആവശ്യത്തിന് വെള്ളം ചേർത്താണ് മിക്സിന്റെ ഗാഢത ക്രമപ്പെടുത്തുന്നത്. തുടർന്ന് പ്ലോഡർ ഉപയോഗിച്ച് നിശ്ചിത രൂപത്തിലുള്ള ബാറുകളാക്കി മാറ്റും. ഡിഷ് വാഷ് ബാറിന്റെ തൂക്കത്തിനനുസരിച്ച് വ്യത്യസ്ത രൂപങ്ങൾ നൽകാൻ കഴിയും. ഇതിനായി ഡൈ മാറ്റി ഉപയോഗിക്കും. തുടർന്ന് സെമി ഓട്ടോമാറ്റിക് കട്ടിങ് മെഷീൻ ഉപയോഗിച്ച് നിശ്ചിത തൂക്കത്തിൽ കട്ട് ചെയ്ത് എടുക്കാം. തുടർന്ന് റോട്ടോഗ്രെവിയർ പ്രിന്റ് ചെയ്ത് കവറുകളിലോ പേപ്പർ പാക്കുകളോ ചെയ്ത് വിപണിയിലെത്തിക്കാം.

## നിർമ്മാണരീതി– ഓയിൽ ബേസ്ഡ് വാഷിംഗ് സോപ്പ്

സോപ്പ് നിർമ്മാണത്തിന്റെ അസംസ്കൃത വസ്തുക്കൾ മിസ്കിങ് യന്ത്രത്തിൽ നന്നായി മിക്സ് ചെയ്തെടുക്കുക. തുടർന്ന് ടി സോപ്പ് മിക്സ് തണുപ്പിച്ച് കട്ടയാക്കി മാറ്റുന്നതിനായി കൂളിംഗ് ബോക്സിൽ ഒഴിച്ച് വയ്ക്കും. തുടർന്ന് മിക്സ് ഉറച്ചതിന് ശേഷം സ്ളാബ് കട്ടിങ് യന്ത്രം ഉപയോഗിച്ച് ചെറിയ കട്ടകളാക്കി മാറ്റും. തുടർന്ന് സ്റ്റാമ്പിങ് യന്ത്രം ഉപയോഗിച്ച് നിശ്ചിത ആകൃതിയിലേക്ക് എത്തിക്കും. തുടർന്ന് ലാമിനേറ്റഡ് പേപ്പർ കവറുകളിൽ പൊതിഞ്ഞു വിപണിയിലെത്തിക്കും.

## മൂലധന നിക്ഷേപം

ഡിറ്റർജന്റ് ബാർസോപ്പ് - ഡിഷ് വാഷ് ബാർ

| | | |
|---|---|---|
| 1 ഡിറ്റർജന്റ് സോപ്പ് പ്ലോഡർ മെഷീൻ | – | 1,80,000 |
| 2 ഡിറ്റർജന്റ് മിക്സ്ചർ | – | 1,00,000 |
| 3 സോപ്പ് കട്ടിംഗ് യന്ത്രം | – | 25,000 |
| 4 അനുബന്ധ സംവിധാനങ്ങൾ | – | 20,000 |
| ആകെ | | 3,25,000 |

## മൂലധന നിക്ഷേപം

ഓയിൽ ബേസ് ബാർ സോപ്പ്

| | | |
|---|---|---|
| 1 മിക്സിങ് യന്ത്രം | – | 95,000 |
| 2 കൂളിംഗ് ബോക്സ് | – | 20,000 |
| 3 കട്ടിങ് യന്ത്രം | – | 40,000 |
| 4 സ്റ്റാമ്പിങ് യന്ത്രം | – | 40,000 |
| 5 അച്ച് | – | 9,000 |
| ആകെ | – | 2,04,000 |



## വരവ് ചിലവ് കണക്ക്

പ്രതിദിനം 500 kg നിർമ്മിക്കുന്നതിനുള്ള ചിലവ്

| | | |
|---|---|---|
| അസംസ്കൃത വസ്തുക്കൾ (നിർമ്മാണ രീതിയിൽ പ്രതിപാദിച്ചിരിക്കുന്നവ | = | 8250.00 |
| തൊഴിലാളികളുടെ വേതനം | = | 1000.00 |
| പാക്കേജിംഗ് മെറ്റീരിയൽ | = | 2000.00 |
| വൈദ്യുതി ഇതര ചിലവുകൾ | = | 500.00 |
| ട്രാൻസ്പോർട്ടേഷൻ | = | 2500.00 |
| ആകെ | = | 14,250 .00 |

## വരവ്

(പ്രതിദിനം 1000 Kg ഡിഷ് വാഷ് ബാർ 100g വീതമുള്ള പായ്ക്കുകളിൽ വില്ക്കുമ്പോൾ ലഭിക്കുന്നത്

| | | |
|---|---|---|
| 100g MRP | = | 10.00 |
| 40% കമ്മീഷൻ കിഴിച്ച് ഉൽപാദകന് ലഭിക്കുന്നത് | = | 6.00 |
| 5,000 Nos x 6 | = | 30,000.00 |

## ലാഭം

| | | |
|---|---|---|
| വിൽപന വില | = | 30,000.00 |
| ഉൽപാദന ചിലവ് | = | 14,250 .00 |
| ലാഭം | = | 15750 .00 |

## യന്ത്രങ്ങൾ പരിശീലനം

ഡിറ്റർജന്റ് ബാർസോപ്പ്, ഓയിൽ ബേസ്ഡ് ബാർ സോപ്പ്, ഡിഷ് വാഷ് ബാർ എന്നിവ നിർമ്മിക്കുന്നതിനുള്ള യന്ത്രങ്ങളും പരിശീലനവും പിറവം അഗ്രോപാർക്കിൽ ലഭിക്കും.

ഫോൺ നമ്പർ - 0485- 299990

## വായ്പ– സബ്സിഡി– ലൈസൻസിംഗ്

ഉദ്യോഗ് ആധാർ ഗുഡ്സ് & സർവീസ് ടാക്സ്, പാക്കേജിംഗ് ലൈസൻസ് എന്നിവ നേടണം. വിവിധ വായ്പാ പദ്ധതികൾക്കും സബ്സിഡികൾക്കുമായി ബാങ്കുകളെയോ വ്യവസായ ഓഫീസിലോ സമീപിക്കാം.



ബിനോയ് ജോർജ് പി

# മഴവെള്ള കൊയ്ത്തിലെ സംരംഭക സാധ്യത



മഴവെള്ള കൊയ്ത്തിനുള്ള (Rain water harvesting) സംവിധാനങ്ങൾ വീടുകളിലും കിണറുകളുള്ള മറ്റിടങ്ങളിലും സ്ഥാപിച്ചു നൽകി മികച്ച വിജയം നേടിയ ഒരു സ്റ്റാർട്ടപ്പ് ആണ് ആർഎച്ച്ആർഡിസി (RHRDC-Rain water harvesting Reserch and Developent Centre). ഇരിങ്ങാലക്കുടയ്ക്കടുത്ത് മൂർക്കനാട് സ്വദേശികളായ വിബിനും ഭാര്യ സിനിയും പാർട്ണർഷിപ്പിൽ 2023ൽ ആരംഭിച്ച ഈ സംരംഭം ഇതുവരെ 1000ൽ ഏറെ കിണറുകൾ ഫലപ്രദമായ രീതിയിൽ റീചാർജ് ചെയ്തു കഴിഞ്ഞു. തൃശൂർ ജില്ലയിലും മലപ്പുറം, പാലക്കാട് ജില്ലകളിലുമെല്ലാം ഇവർ കിണർ റീചാർജിംഗ് പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്. ഐടി സെക്ടറിൽ നിരവധി സ്റ്റാർട്ടപ്പുകളുണ്ടെങ്കിലും മഴ വെള്ള കൊയ്ത്തുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ ഒന്ന് സംസ്ഥാനത്ത് ആദ്യമായാണ്. അതുകൊണ്ടു തന്നെ സംസ്ഥാന സർക്കാരിന്റെയും വ്യവസായ വകുപ്പിന്റെയും നിർലോഭമായ പിന്തുണയും അംഗീകാരവും ആർഎച്ച്ആർഡിസിക്ക് ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് കിണർ റീചാർജിംഗ് അഥവ മഴവെള്ള കൊയ്ത്തു നടത്തുന്ന നമ്പർ വൺ സംരംഭകർ എന്ന നിലയിൽ ഇവർക്ക് യൂണിറ്റ് കോസ്റ്റ് നിജപ്പെടുത്തി സർക്കാർ ഓർഡറും ഇറക്കിയിരുന്നു. തൃശൂർ ജില്ലാ ആസൂത്രണ സമിതിയും ഇവരുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

മഴവെള്ള കൊയ്ത്തിലൂടെ വരൾച്ചയിൽ നിന്നും ജനങ്ങളെ രക്ഷപെടുത്തുന്നതിനൊപ്പം, സ്വന്തമായൊരു സംരംഭം എന്ന സ്വപ്നം കൂടിയാണ് ഇവർ സാക്ഷാത്കരിച്ചത്. അതിനു പ്രചോദനമായത് വ്യവസായ വകുപ്പിന്റെ 'വ്യവസായ കേരളം'



മാസികയും വകുപ്പ് നടത്തിയ ശില്പശാലയുമാണ്. 'വൺ ഫാമിലി വൺ എന്റർപ്രൈസ്' എന്ന ലേഖനമാണ് ഈ ദമ്പതികളെ സംരംഭത്തിലേക്ക് നയിച്ചത്. സ്വയംതൊഴിൽ സംരംഭം ആകുമ്പോൾ തന്നെ, ഭൂമിയ്ക്കും ആ പ്രദേശത്തിനും ഗുണഭോക്താക്കൾക്കും ഉണ്ടാകുന്ന നേട്ടം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. ജലം, പ്രത്യേകിച്ച് കുടിവെള്ളം എത്രമാത്രം അമൂല്യമാണെന്ന് മനസിലാക്കണമെങ്കിൽ അതിന്റെ ദൗർലഭ്യം അനുഭവിക്കണം. സംസ്ഥാനത്ത് വർഷങ്ങളായി ലക്ഷക്കണക്കിനാളുകൾ ഇതനുഭവിക്കുന്നവരാണ്. അവരുടെ കണ്ണുകളിലെ തിളക്കമേറ്റാൻ ഇവരുടെ പ്രവർത്തനത്തിലൂടെ കഴിയുന്നു എന്നത് വ്യവസായ സംരംഭത്തിനപ്പുറമുള്ള സംതൃപ്തിയാണ് നൽകുന്നതെന്ന് വിബിൻ പറയുന്നു. വറ്റിവരണ്ടു പോയ കിണറുകളിൽ മഴവെള്ളം ആർട്ടിഫിഷ്യൽ ആയി ഇൻജക്ട് ചെയ്ത് (rain water harvesting) ജല ലഭ്യത സൃഷ്ടിക്കാൻ കഴിയുന്നത് സമാനതകളില്ലാത്ത സന്തോഷം ഗുണഭോക്താക്കൾക്ക് നൽകുന്നു. അതുകൊണ്ടുതന്നെ ഈ സംരംഭത്തിലൂടെ പ്രകൃതിയ്ക്കും മനുഷ്യനും സമൂഹത്തിനൊട്ടാകയും വലിയ സംഭാവനയാണ് സംരംഭം നൽകുന്നതെന്ന് പറയാം. മറ്റേതെങ്കിലും വ്യവസായ യൂണിറ്റുകളുടെ ലാഭനഷ്ട കണക്കുകളുമായി ഇതിനെ താരതമ്യപ്പെടുത്തുവാനും സാധിക്കില്ല.

ഏറ്റവും ലളിതവും അതേസമയം ശ്രദ്ധയോടെ നിർവഹിക്കേണ്ടതുമായ പ്രവർത്തനമാണ് മഴവെള്ള കൊയ്ത്ത്. ഇതിനായി ഇവർക്കൊപ്പം അമ്പതോളം പേർ ഫീൽഡിൽ പ്രവർത്തിക്കുന്നുണ്ട്. രണ്ടു സംരംഭകരുൾപ്പടെ 7 പേർ ഓഫീസിലും ജോലി ചെയ്യുന്നു.2 ലക്ഷം രൂപ മുതൽ മുടക്കി ആരംഭിച്ച സ്ഥാപനം ഇന്ന് ലാഭകരമായാണ് മുന്നേറുന്നത്. വെള്ളത്തിന്റെ പ്രാധാന്യം മനസിലാക്കിയാണ് ഈ മേഖലയിലേക്ക് വിബിനും ഭാര്യയും ചുവടുറപ്പിക്കുന്നത്. ഒഴുകി പോകുന്ന മഴവെള്ളത്തെ എങ്ങനെ വില്പന നടത്തി ജീവിതം മെച്ചപ്പെടുത്താം എന്ന ചിന്തയിൽ നിന്നുമാണ് തുടക്കം. കണക്കുകൾ പ്രകാരം ഒരു സീസണിൽ 3000 മില്ലിമീറ്റർ മഴ ലഭിക്കുന്ന കേരളത്തിൽ, ധാരാളം വെള്ളം ലഭിക്കുന്നുണ്ടെങ്കിലും മഴക്ക് ശേഷം ആറുമാസം കഴിയുമ്പോഴേക്കും ശക്തമായ വരൾച്ച നേരിടുന്ന നിരവധി പ്രദേശങ്ങൾ കേരളത്തിലുണ്ടെന്നത് യാഥാർത്ഥ്യമാണ്. സുലഭമായി ലഭിക്കുന്ന മഴവെള്ളത്തെ ഉപയോഗപ്പെടുത്തി വെള്ള ക്ഷാമത്തിൽ നിന്നും രക്ഷപ്പെടുവാനുള്ള ഏറ്റവും മികച്ച മാർഗമാണ് മഴവെള്ള കൊയ്ത്തെന്ന് തിരിച്ചറിഞ്ഞതോടെയാണ് സംരംഭം ആരംഭിക്കുന്നത്.

വീടിനു മുകളിൽ വീഴുന്ന മഴ വെള്ളത്തെ പൈപ്പിലൂടെ ടാങ്കുകളിൽ സംഭരിച്ച് ശുദ്ധീകരിച്ച് കിണറുകളിലേക്ക് ഇറക്കുന്ന രീതിയെയാണ് മഴ വെള്ള കൊയ്ത്ത് എന്നു പറയുന്നത്. 1000 സ്ക്വയർ ഫീറ്റുള്ള ഒരു വീടിന്റെ മേൽക്കൂരയിൽ നിന്നും ഒരു സീസണിൽ 3 ലക്ഷം ലിറ്റർ മഴ വെള്ളം



ലഭിക്കുമെന്നാണ് കണക്ക്. ഒരു ലിറ്റർ കുടിവെള്ളത്തിന് 20 രൂപ നൽകി വാങ്ങുന്നവർ, ഒഴുകി പോകുന്ന ഇത്രയേറെ വെള്ളത്തിന്റെ വിപണി സാധ്യതയും മൂല്യവും മനസിലാക്കുമ്പോഴാണ് അത്ഭുതപ്പെടുക. ഇതിലാണ് വിബിൻ ശ്രദ്ധ കേന്ദ്രീകരിച്ചത്. കിണറുകളിൽ കൃത്രിമമായി മഴ വെള്ളം എത്തിക്കുക, വലിയ കുളങ്ങൾ പുനരുജ്ജീവിപ്പിക്കുക, വെള്ളത്തിനായി വലിയ സംഭരണികൾ നിർമ്മിക്കുക തുടങ്ങിയവയാണ് ആർഎച്ച്ആർഡിസി ചെയ്തു വരുന്നത്. ഇത്തരത്തിൽ പല പ്രദേശങ്ങളെയും വീടുകളെയും ജല ലഭ്യതയിലേക്ക് എത്തിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. ആയിരം സ്ക്വയർഫീറ്റ് വീടിന്റെ പരന്ന മേൽക്കൂരയിൽ പൈപ്പുകളും മറ്റും ബന്ധിപ്പിച്ച് മഴ വെള്ളത്തെ ടാങ്കുകളിലെത്തിച്ച് കിണർ റീചാർജ്ജിംഗ് ചെയ്യുന്നതിനെ 12,000 രൂപയാണ് ചെലവ്. ചെരിഞ്ഞ മേൽക്കൂരയാണെങ്കിൽ 15.000 രൂപ ചെലവു വരുമെന്ന് പറയുന്നു. എന്നാൽ കേരളത്തിലെ എല്ലാം തദ്ദേശസ്ഥാപനങ്ങളിലും ഇതിനുള്ള ഫണ്ട് ലഭ്യമാണ്. സംസ്ഥാന സർക്കാരിന്റെ പുതിയ മാർഗരേഖ പ്രകാരം എല്ലാ വീടുകൾക്കും കിണർ റീചാർജിങ്ങിനുള്ള പണം ലഭിക്കും. ജനറൽ, എസിഎസ്ടി കാറ്റഗറികളിൽ വരുമാനത്തിന് അനുസരിച്ചാണിവ നൽകുന്നത്. നിരപ്പായ വാർക്ക വീടുകൾക്ക് 12,000 രൂപയും ചെരിഞ്ഞ മേൽക്കൂരയുള്ള ഓടിട്ട വീടുകൾ ഉൾപ്പടെയുള്ളവർക്ക് 15,000 രൂപയും സബ്സിഡി ലഭിക്കും. മനസിലാക്കേണ്ട വസ്തുത കിണർ റീചാർജിംഗ് നടത്തുന്ന വീട്ടുടമക്ക് പണം ചെലവഴിക്കേണ്ടതില്ലെന്നാണ്. പക്ഷെ പല തദ്ദേശസ്ഥാപനങ്ങളിലും ഈ പ്രക്രിയ ഭാഗികമായി മാത്രമെ പ്രയോഗത്തിൽ ആയിട്ടുള്ളൂ.

മഴ വെള്ള കൊയ്ത്ത് സംവിധാനം കിണറുകളിൽ ബന്ധിപ്പിക്കുന്നതിന് പ്രധാനമായും പ്ലംബറുടെ സേവനമാണ് ആവശ്യമുള്ളത്. അത്തരത്തിലുള്ള അമ്പതിലേറെ പേർക്ക് ഈ സംരംഭം തൊഴിൽ നൽകുന്നുണ്ട്. എല്ലാ വീടുകളിലും ഒരേ പോലെയല്ല, ഇവ സജ്ജീകരിക്കുന്നത്. ഓടിട്ട വീടുകളിലും റൂഫിങ്ങ് ഷീറ്റ് മേഞ്ഞവയിലുമെല്ലാം മഴ വെള്ള കൊയ്ത്ത് സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കും. അതിന് അധികം സ്ഥലമോ മറ്റു സൗകര്യമോ ആവശ്യമില്ല. ആയിരത്തിന്റെയോ അഞ്ഞൂറിന്റെയോ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള ഇടം മാത്രമാണ് ആവശ്യം. പിവിസി പൈപ്പ്, വാട്ടർ ടാങ്ക്, ഫിൽറ്റർ സംവിധാനം എന്നിവയാണ് ഇതിനായി ഉപയോഗിക്കുന്നത്. ആയിരം ലിറ്ററിന്റെ ടാങ്കിലേക്ക് പുരപ്പുറത്തു നിന്നും ശേഖരിച്ച് വീഴ്ത്തുന്ന മഴവെള്ളത്തെ ശുദ്ധീകരിച്ചാണ് കിണറിലേക്ക് വിടുന്നത്. ടാങ്കിന്റെ 25 ശതമാനത്തോളം ഭാഗം ഇതിനായി ഉപയോഗിക്കും. പ്രകൃതിദത്ത




**മഴ വെള്ള കൊയ്ത്ത് സംവിധാനം കിണറുകളിൽ ബന്ധിപ്പിക്കുന്നതിന് പ്രധാനമായും പ്ലംബറുടെ സേവനമാണ് ആവശ്യമുള്ളത്. അത്തരത്തിലുള്ള അമ്പതിലേറെ പേർക്ക് ഈ സംരംഭം തൊഴിൽ നൽകുന്നുണ്ട്. എല്ലാ വീടുകളിലും ഒരേ പോലെയല്ല, ഇവ സജ്ജീകരിക്കുന്നത്.**

വസ്തുക്കളായ 6എംഎം ബേബി മെറ്റൽ ഒരു നിരപ്പ് ഇട്ടതിനു ശേഷം ഫിൽറ്റർ നെറ്റ് വെയ്ക്കും. തുടർന്ന് മുകളിൽ കരിയുടെ (ചാർക്കോൾ) ഒരു നിരപ്പിടും. അതിനു മുകളിൽ ഫൈബറിന്റെ ഫിൽറ്റർ നെറ്റ് സ്ഥാപിക്കും. വീണ്ടും ബേബി മെറ്റൽ, പിന്നെ കരി, അങ്ങനെ ടാങ്കിന്റെ 25 ശതമാനം നിറയുന്നതുവരെ തുടരും. ഈ ഫിൽറ്റർ സംവിധാനത്തിലൂടെ കടന്നുവരുന്ന മഴ വെള്ളമാണ് കിണറിലെത്തുന്നത്. സ്വാഭാവികമായി ശുദ്ധീകരിക്കപ്പെട്ട വെള്ളത്തിന്റെ

സാന്നിധ്യം അല്പം സാന്ദ്രത കൂടിയ ഉപ യോഗയോഗ്യമല്ലാത്ത ജലത്തെ പോലും സാവകാശം പരിവർത്തിപ്പിക്കുമെന്ന് ഈ മേഖലയിൽ പ്രവർത്തി ക്കുന്ന വിദഗ്ധർ സാക്ഷ്യപ്പെടുത്തുന്നു.

5 ലക്ഷം മുതലുള്ള ചെറിയ ജോലികൾ ഏറ്റെടുത്തിരുന്ന ആർഎച്ച്ആർഡിസി സ്റ്റാർട്ടപ്പ് ഇപ്പോൾ ഒരു കോടി രൂപ വരെയുള്ള പദ്ധതികളാണ് പ്രാവർത്തികമാക്കി കൊണ്ടിരിക്കുന്നത്. മാത്രമല്ല ഐടിഐ പഠനം കഴിഞ്ഞെത്തുന്ന പ്ലംബിങ്ങ്, ഫിറ്റർ, സിവിൽ ട്രേഡുകളിലെ ഉദ്യോഗാർത്ഥികൾക്ക് അപ്രിന്റിഷിപ്പ് ട്രെയിനിംഗും സ്ഥാപനം നൽകു ന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും നേതൃത്വത്തിലാണ് മഴകൊയ്ത്ത് പദ്ധതികൾ അധികമായി സംരംഭകർ ചെയ്യുന്നത്. മഴകൊയ്ത്ത് പദ്ധതി ഏറ്റവും ആദ്യം പൂർത്തിയാക്കിയത് തൃശൂർ ജില്ലയിലെ കൊടകരയ്ക്ക് അടുത്തുള്ള മറ്റത്തൂർ പഞ്ചായത്തിലാണ്. ഇവിടെ പ്രധാനമായും പൊതു സ്ഥാപനങ്ങളിലാണ് മഴവെള്ള കൊയ്ത്ത് സംവിധാനം ഏർപ്പെടുത്തിയത്. സമീപ ത്തെ കോടശ്ശേരി പഞ്ചായത്തിലെ വീടുകളിലും പ്രവർത്തികൾ നടന്നു. മുരിയാട് പഞ്ചായത്തിലും ചാലക്കുടി മുൻസിപ്പാലിറ്റിയിലും ഉടനെ പദ്ധതികൾ ആരംഭിക്കുന്നതിന് കരാറുകൾ ആയി കഴിഞ്ഞു. പാലക്കാട് ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്കിനു കീഴിലെ വിവിധ പഞ്ചായത്തുകളിലും മലപ്പുറം അരിക്കോട് ബ്ലോക്കിലുമെല്ലാം ആർഎച്ച്ആർഡിസി മഴവെള്ള കൊയ്ത്ത് പദ്ധതികൾ സജീവമായി പൂർത്തീകരിച്ചിട്ടുണ്ട്.

വലിയ സാധ്യതകൾ തുറന്നു നൽകുന്ന പ്രവർത്തനമാണ് ആർഎച്ച്ആർഡിസി സർക്കാരിന്റെ അംഗീകാരത്തോടെ കേരളത്തിലെ പല ജില്ലകളിലായി നിർവഹിക്കുന്നത്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിലും മഴവെള്ള കൊയ്ത്ത് സംവിധാനം സ്ഥാപിച്ചതോടെ ഭൂഗർഭ ജലസാന്നിധ്യം വലിയ തോതിൽ വർദ്ധിച്ചതായി കണ്ടെത്തിയിരുന്നു. മാത്രമല്ല, ഈ സംവിധാനം ഏർപ്പെടുത്തിയ കിണറുകളെ പ്രദേശത്തെ ഇതു ചെയ്യാത്ത മറ്റു കിണറുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ജലലഭ്യത ഒരു മീറ്റർ വരെ വർദ്ധിച്ചതായാണ് സംരംഭകർ പറയുന്നത്. ശാസ്ത്രീയമായി പരിശോധി ക്കുകയാണെങ്കിൽ കിണർ റീ ചാർജിംഗ് നടക്കുന്നത് ഭൂമിക്കടിയിലെ ജലപത്തായ (water Body)ങ്ങളിൽ ആണ്. ഒരു കിണർ കുഴിക്കുമ്പോൾ സ്ഥാനം നിർണയിക്കുന്നത് ഇത്തരം ജലപത്തായങ്ങളുടെ മുകളിലോ സമീപത്തോ ആണ്. ഒഴുകി പോകുന്ന പുരപ്പുറത്തെ മഴവെള്ളത്തെ, ആർട്ടിഫിഷ്യൽ ഇഞ്ചക്ടിലൂടെ ജല പത്തായങ്ങളിൽ നിറയ്ക്കുകയാണ് മഴ വെള്ള കൊയ്ത്തിലൂടെ ചെയ്യുന്നത്. സ്പോഞ്ചു പോലെയുള്ള ഈ ജലപത്തായങ്ങൾ ഒന്നോ രണ്ടോ കിലോമീറ്റർ പല ആകൃതികളിലായി ഉണ്ടാകാം. ജലസമൃദ്ധിയുടെ കാലത്ത് പരമാവധി ജലം സംഭരിക്കുന്ന ഇത്തരം പത്തായങ്ങൾ വരൾച്ചയുടെ കാലത്ത് സംഭരിച്ച ജലത്തെ കിണറുകളിലൂടെ പുറത്തേക്ക് വിടുന്നു. ഈ പ്രവർത്തനം കൂടുതൽ വിപുലമാക്കുകയാണെങ്കിൽ സംസ്ഥാനത്തെ കുടി വെള്ള ക്ഷാമം വലിയൊരു അളവിൽ ഇല്ലാതാക്കുവാൻ സാധിക്കുമെന്നാണ് സംരംഭകരുടെ പക്ഷം. മുൻപ് സൂചിപ്പിച്ചതു പോലെ ഇതു വിബിന്റെയും മറ്റു കുറച്ചുപേരുടെയും മാത്രം ജീവനോപാധിയല്ല. മറിച്ച് ജീവന്റെയും പ്രകൃതിയുടെയും നിലനിൽപ്പിനെ കൂടി സംബന്ധിക്കുന്ന സാമൂഹിക-പാരിസ്ഥിതിക സേവന മാണ്.

ബന്ധപ്പെടാനുള്ള നമ്പർ -9656024985






**എഴുമാവിൽ രവീന്ദ്രനാഥ്**

# കല്ലിനുമുണ്ടഹ കഥ പറയാൻ!



പ്രകൃതി ഒരു മഹാ സർവകലാശാലയാണ്. അതിന്റെ ഉപപാഠശാലകളാണ് നമ്മുടെ ചുറ്റുപാടുകൾ. നിരീക്ഷണ പരീക്ഷണങ്ങൾ നടത്തുന്നവർക്ക് അവസരങ്ങളുടെ മായാജാലം ഒരുക്കുന്ന പ്രകൃതി സാധാരണക്കാരിൽ ഒരു വികാരവും ഉണർത്തുന്നില്ല. അവർക്ക് പുഴയും മലയും കരയും കടലുമെല്ലാം ചില വസ്തുക്കൾ മാത്രം. എന്നാൽ പ്രകൃതിയെ സ്നേഹിക്കുന്നവർക്ക് അവാച്യമായ അനുഭൂതികൾ പകർന്നു നൽകുന്ന ഇടമാണ് ഇവയൊക്കെ. കവികളും, കഥാകാരന്മാരും, ചിത്രകാരന്മാരുമൊക്കെ പ്രകൃതിയെ ഊർജ്ജസ്രോതസ്സായി കാണുന്നു. അവർക്ക് ഓരോ പ്രഭാതവും ഓരോ പാഠങ്ങളാണ്. അല്പം താത്വികമായി തുടക്കമിടാൻ കാരണം പ്രകൃതിയിൽ അത്രകണ്ട് ശ്രദ്ധിക്കപ്പെടാതെ പോകുന്ന കുഞ്ഞൻ കല്ലുകൾ കൊണ്ട് വമ്പൻ സംരംഭം തുടങ്ങിവെച്ച നാല് പെൺകുട്ടികളെ പറ്റി പറയാൻ വേണ്ടിയാണ്.

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിലെ ഒരു കാർഷിക ഗ്രാമമായ മയ്യിൽ ഒരുകാലത്ത് കോലത്ത് നാടിന്റെ ഭാഗമായിരുന്നു. നിരവധി ചരിത്രസ്മൃതികൾ പേറുന്ന മയ്യിൽ തെങ്ങും, നെല്ലും, റബ്ബറും വിളയുന്ന ഭൂമികയാണ്. വികസിച്ചുവരുന്ന ഈ ചെറുപട്ടണത്തിലെ ആകർഷണ കേന്ദ്രമായി മാറുകയാണ് നാല് പെൺകുട്ടികൾ നയിക്കുന്ന സിൻഹാര. വഴിയിൽ കിടക്കുന്ന ചരൽ കല്ലുകൾ കൊണ്ട് കവിത രചിക്കുന്ന മിടുക്കികളുടെ ചെറിയ സംരംഭം.

കോലത്ത് നാടിന് കുളിർ പകരുന്ന മലപ്പട്ടം പുഴയും, വളപട്ടണം പുഴയും തീരങ്ങൾക്ക് സമ്മാനിച്ചു പോകുന്ന ഉരുളൻ കല്ലുകൾ മുതൽ പാതയോരങ്ങളിലും പറമ്പിലും അലക്ഷ്യമായി കിടക്കുന്ന ചരൽ കല്ലുകൾ വരെ കരകൗശല






വസ്തുക്കൾ ആക്കി മാറ്റാനുള്ള സാധ്യത ആദ്യമായി തിരിച്ചറിഞ്ഞത് സോഫ്റ്റ്‌വെയർ എൻജിനീയറായ വി. വിജിൻ ആയിരുന്നു. എൻജിനീയറിങ് പശ്ചാത്തല മുള്ള സിസ്നയും, സൂര്യയും ബിരുദധാരികളായ ജിൻഷയും, ശ്രീലക്ഷ്മിയും ഈ ആശയത്തിന് സാക്ഷാത്കാരമേകാൻ ഒപ്പം ചേർന്നു. അതോടെ സിൻഹാര എന്ന വിചിത്ര നാമത്തിൽ ഒരു പ്രസ്ഥാനം തുടക്കമിട്ടു.

ആറുമാസത്തിൽ ഒരിക്കലാണ് അസംസ്കൃത വസ്തുവായ കല്ലുകൾ തേടിയുള്ള ഇവരുടെ യാത്ര. വെള്ളാരങ്കല്ലുകളും പൊടിക്കല്ലുകളും ഒപ്പം ചില പ്രത്യേക ആകൃതി തോന്നിക്കുന്ന ചെറുകല്ലു കളുമെല്ലാം സംഭരിച്ച് കഴുകി വൃത്തിയാക്കി ഉണ ങ്ങാൻ കൂട്ടിയിടും. പിന്നീടാണ് മനസ്സിൽ തോന്നുന്ന ആശയങ്ങൾ ക്യാൻവാസിൽ കോറുന്നത്. ഉപ ഭോക്താക്കൾ കൊടുക്കുന്ന ഐഡിയയും ഇപ്രകാരം ക്യാൻവാസിൽ പകർത്തും. തുടർന്ന് അതിനനു സരിച്ചുള്ള കല്ലുകൾ എടുത്ത് ചിത്രത്തിൽ വെച്ച് ഒത്തു നോക്കുന്നു. അനുരൂപമെങ്കിൽ പശക്കുപ്പി തുറക്കുകയായി. പശ ഉണങ്ങും വരെ ക്യാൻവാസ് നിദ്രയിലാഴും. പിന്നീടാണ് രൂപത്തിനൊത്ത വർണ്ണങ്ങൾ ചാലിച്ചെടുത്ത് പുരട്ടുന്നത്. പെർഫെ ക്ഷന് വേണ്ടി വർണ്ണ സംയുക്തങ്ങളും, ബഹുവർണ്ണ ങ്ങളും ഒന്നിലേറെ തവണ കല്ലുകളിൽ അപ്ലൈ ചെയ്യും.

നിലവിളക്കുകൾ, ബുദ്ധ പ്രതിമകൾ, വിവിധതര ശില്പങ്ങൾ, കണ്ണാടി ഫ്രെയിമുകൾ, പക്ഷികൾ, മൃഗങ്ങൾ തുടങ്ങി മനസ്സിൽ തോന്നുന്നതെല്ലാം നാൽവർ സംഘം മനോഹരമായി രൂപപ്പെടുത്തി യെടുക്കും. ജീവൻ തുടിക്കുന്ന അരയന്നങ്ങളും ആന കളും മയിലുകളുമൊക്കെ ചൂടപ്പം പോലെ വിറ്റഴിക്കപ്പെടുന്നു. 150 രൂപ മുതൽ 5000 രൂപ വരെയുള്ള റേഞ്ചിലാണ് സിൻഹാരയിലെ കലാ രൂപങ്ങൾ ഒരുങ്ങുന്നത്. ചിത്രങ്ങൾക്ക് എ ഫോർ സൈസ് മുതൽ മുകളിലോട്ടാണ് വലുപ്പം.

സമീപ ജില്ലകളിൽ നിന്നും സിൻഹാരയിൽ നേരിട്ടെത്തി ഈ കരകൗശല വസ്തുക്കൾ സ്വന്തമാക്കുന്നവരെക്കാൾ ഓൺലൈൻ പർച്ചേസ് ആണ് തകൃതിയായി നടക്കുന്നത്. സിൻഹാര ഹാൻഡ് മെയ്ഡ് കളക്ഷൻസ് എന്ന ഇൻസ്റ്റഗ്രാം









പേജ് ആണ് ഇവരുടെ പ്രധാന മാർക്കറ്റിംഗ് വിൻഡോ. വ്യത്യസ്തത തേടുന്ന ഉപഭോക്താക്കളെ പരമാവധി ചൂഷണം ചെയ്യാൻ സിൻഹാരയുടെ മനോഹരമായ ഉത്പന്നങ്ങൾക്ക് കഴിയുന്നു. ഇവിടെ ചൂഷണം എന്നത് പോസിറ്റീവായി മാത്രമേ വായനക്കാർ എടുക്കാവൂ. വ്യത്യസ്തതയ്ക്കൊപ്പം ഗുണമേന്മയും ഇവർ ഉറപ്പുനൽകുന്നു. ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ അതിമനോഹരമായി ഡിസ്പ്ലേ ഒരുക്കുന്ന പല ഉൽപ്പന്നങ്ങളും പർച്ചേസിന് ശേഷമാണ് തല്ലിപ്പൊളി എന്ന് ഉപഭോക്താക്കൾ തിരിച്ചറിയുന്നത്. ഇതിൽ പലതും ഉപഭോക്തൃ കോടതികളിൽ എത്താറില്ല. കാരണം ഉത്പാദകന് അല്ലെങ്കിൽ മുഖ്യവിതരണക്കാരന് ഉപഭോക്താക്കളുമായി യാതൊരു ബന്ധവുമില്ല. പണം വാങ്ങുന്ന ഡെലിവറി ബോയിക്കോ ഓൺലൈൻ പെയ്മെന്റ് സ്വീകരിക്കുന്ന ഇടനിലക്കാരനോ ഉത്പന്നത്തെപ്പറ്റി യാതൊരു ഗ്യാരണ്ടിയും നൽകാനുമാവില്ല. ഇവിടെ തങ്ങൾ ഡിസ്പ്ലേ ചെയ്യുന്ന യഥാർത്ഥ ഉൽപ്പന്നങ്ങൾ തന്നെ മനോഹരമായ പാക്കിങ്ങിൽ ഉപഭോക്താക്കളുടെ വീട്ടകത്തേക്ക് സിൻഹാര എത്തിച്ചു കൊടുക്കുന്നു. സീറോ പെർസന്റ് കംപ്ലയിന്റ്, ഹൺഡ്രഡ് പെർസന്റ് സാറ്റിസ്ഫാക്ഷൻ; ഇതാണ് സിൻഹാരയുടെ നയം. പ്ലാസ്റ്റിക്കിൽ തീർത്ത അതേ ഉൽപ്പന്നങ്ങൾ ഒരുപക്ഷേ തുച്ഛമായ വിലയ്ക്ക് ലഭിച്ചേക്കാം. ഒരു മോൾഡിൽ പതിനായിരക്കണക്കിന് സമാന ഉൽപ്പന്നങ്ങൾ ചെയ്തെടുക്കുമ്പോൾ വിലകുറയും. കാരണം അധ്വാനം അവിടെ നന്നേ കുറവ്. എന്നാൽ ഇവിടെ ഒരു ശില്പം തീർത്തെടുക്കാൻ ദിവസങ്ങൾ വേണ്ടിവരും. അതിനാൽ അധ്വാനം കൂടുതലും, പെർഫെക്ഷൻ അതിലും കൂടുതലുമാണ്. മയ്യിൽ കമ്പനി പീടികയിലാണ് ശില്പങ്ങളുടെ പണിപ്പുര. ഡയറക്ട് വില്പനയ്ക്കായി ഷോറൂം ഒരുക്കിയിരിക്കുന്നത് ചെക്യാട്ട് പാറയിൽ. 2023 ൽ ആരംഭിച്ച സിൻഹാരയ്ക്ക് വിപണനം ഒരു പ്രശ്നമേയല്ല. അതിനാൽ അധ്വാനിക്കുന്നവർക്ക് ന്യായമായ പ്രതിഫലവും ലഭിക്കുന്നു.

അനുകരണീയമായ ഇത്തരം സംരംഭങ്ങൾ ഗ്രാമീണതലത്തിൽ തൊഴിലവസരങ്ങളൊരുക്കുന്നു. പുതിയ ആശയങ്ങളും അവ പ്രായോഗിക തലത്തിൽ എത്തിക്കാനുള്ള ചിന്തകളും ഉള്ള ചെറിയ കൂട്ടായ്മകൾക്ക് വലിയ വിജയം കൊയ്തെടുക്കാനാവും എന്ന് സിൻഹാര നമ്മെ ഓർമ്മപ്പെടുത്തുന്നു. സൗഹൃദമായ നിർമ്മാണ യൂണിറ്റുകളും പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങളും പുതിയ സംരംഭകർക്ക് ഉയർത്തിയെടുക്കുവാൻ കഴിയട്ടെ. അതിലൂടെ സ്ഥിര വരുമാനം ഉറപ്പാക്കാൻ അവർക്കാവട്ടെ.

**അനുകരണീയമായ ഇത്തരം സംരംഭങ്ങൾ ഗ്രാമീണതലത്തിൽ തൊഴിലവസരങ്ങളൊരുക്കുന്നു. പുതിയ ആശയങ്ങളും അവ പ്രായോഗിക തലത്തിൽ എത്തിക്കാനുള്ള ചിന്തകളും ഉള്ള ചെറിയ കൂട്ടായ്മകൾക്ക് വലിയ വിജയം കൊയ്തെടുക്കാനാവും എന്ന് സിൻഹാര നമ്മെ ഓർമ്മപ്പെടുത്തുന്നു.**



റ്റി. എസ്. ചന്ദ്രൻ

## വിഴിഞ്ഞം പോർട്ട് –

# ലഘു സംരംഭകർക്ക് സമാനതകളില്ലാത്ത അവസരങ്ങൾ

വിഴിഞ്ഞം പോർട്ട് ഏറെക്കുറെ പ്രവർത്തന സജ്ജമായിരിക്കുന്നു. നിരവധി ഷിപ്പുകൾ വന്നു തുടങ്ങിയിരിക്കുന്നു. എം എസ് സി കമ്പനികളുടെ ഷിപ്പുകളാണ് ഇപ്പോൾ തീരം തൊട്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് നിരവധി ബിസിനസ് സാധ്യതകളാണ് കേരളീയർക്ക് മുന്നിൽ തുറന്നു നൽകുന്നത്. സിംഗപ്പൂർ പോലെ മാതൃകാപരമായ പോർട്ടിൽ ഉള്ള സൗകര്യങ്ങൾ എല്ലാം തന്നെ കേരളത്തിലെ വിഴിഞ്ഞം പോർട്ടിലും ഉണ്ടാകേണ്ടതുണ്ട്. ഇവിടെ വലിയ തോതിലുള്ള നിക്ഷേപ സാധ്യതകളാണ് ചെറു സംരംഭകർക്ക് മുമ്പിൽ തുറന്നു നൽകുന്നത്. സംഗപ്പൂർ പോർട്ടിലെ എല്ലാ അനുബന്ധ (ആൻസിലറി) പ്രവർത്തികളെക്കുറിച്ച് പഠിച്ചാൽ അവ എല്ലാം തന്നെ വിഴിഞ്ഞത്തേക്കും കൊണ്ടുവരാൻ ആകും എന്ന് മനസ്സിലാകും. യൂറോപ്പ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്കുള്ള ചരക്ക് ഗതാഗതം സുഗമമാവുകയും ചിലവ് വളരെ കുറയുകയും ചെയ്യും എന്നുള്ളതാണ് വിഴിഞ്ഞം പോർട്ടിന്റെ പ്രധാന സവിശേഷത. സിംഗപ്പൂർ പോർട്ടിനെക്കാൾ മികച്ച രീതിയിലേക്ക് വിഴിഞ്ഞം മാറും എന്നുള്ളതാണ് വാണിജ്യ ലോകത്തിന്റെ പ്രതീക്ഷ. അതുകൊണ്ടുതന്നെ വലിയ സാധ്യതകളും അവസരങ്ങളും ആണ് വിഴിഞ്ഞം പോർട്ട് ചെറുകിട ബിസിനസുകാർക്ക് തുറന്നു നൽകുന്നത്.



## 1– ഡ്രൈ സ്റ്റോറുകൾക്കുള്ള അവസരങ്ങൾ

ഡ്രൈ സ്റ്റോറുകൾ എന്ന് മൊത്തമായി അറിയപ്പെടുന്ന നിരവധി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള വലിയ സാഹചര്യം ഇവിടെ ഒരുങ്ങുകയാണ്. പ്രൊവിഷൻ സാധനസാമഗ്രികൾ, മാംസം, പച്ചക്കറികൾ, ഡ്രൈഫ്രൂട്ട്സ്, ഭക്ഷ്യ എണ്ണകൾ, ധാന്യങ്ങൾ, വെജിറ്റബിൾസ്, പഴങ്ങൾ അങ്ങനെ നിരവധി നിരവധി ആയിട്ടുള്ള ഉൽപ്പന്നങ്ങൾ വിഴിഞ്ഞം കേന്ദ്രീകരിച്ച് വിൽക്കുന്നതിനുള്ള സാഹചര്യങ്ങൾ തുറക്കുകയാണ്. സ്വകാര്യ വ്യക്തികൾക്കും സംരംഭങ്ങൾക്കും ഇവിടെ വലിയ തോതിലുള്ള അവസരങ്ങളാണ് വരാൻ പോകുന്നത്. ഇവ സ്റ്റോക്ക് ചെയ്യുന്നതിനും, പ്രിസർവ് ചെയ്യുന്നതിനും ട്രാൻസ്പോർട്ട് ചെയ്യുന്നതിനും ഒക്കെയുള്ള സൗകര്യങ്ങൾ ഇതിനോട് അനുബന്ധിച്ച് ഉണ്ടാകേണ്ടതുണ്ട്. ഇവിടെയെല്ലാം തന്നെ ലഘു സംരംഭകർക്ക് ധാരാളമായ നിക്ഷേപ സാധ്യതകൾ ഉണ്ട്.

## 2– സേഫ്റ്റി എക്യൂപ്മെന്റുകളുടെ വിതരണം

സേഫ്റ്റി എക്യുമെന്റുകൾക്ക് വലിയ ഡിമാൻഡ് ആണ് ഈ പ്രദേശം കേന്ദ്രീകരിച്ച് ഉണ്ടാകാൻ പോകുന്നത്. ഹെൽമറ്റുകൾ, എയർ മട്സ്, ബോയിലർ സ്യൂട്സ്, (ഓവറോൾ സ്യൂട്സ്) ഗൗണുകൾ, ഗ്ലൗസുകൾ അങ്ങനെ അങ്ങനെ നിരവധി ആയിട്ടുള്ള സേഫ്റ്റി എക്യുപ്മെന്റുകൾ വിൽക്കുന്നതിനും ആയത് എത്തിച്ചു നൽകുന്നതിനും കഴിയുന്ന സൗകര്യങ്ങൾ ഒരുക്കുക എന്നത് വ്യാപാര മേഖലയ്ക്ക് വലിയ അവസരമാണ്.

## 3– മെഷിനറി പാർട്സുകൾ

ഒരു ഷിപ്പിന്റെ പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ള നിരവധി എൻജിനീയറിങ് പാർട്സുകൾക്ക് വൻ സാധ്യതകളാണ് ഉള്ളത്. ഷിപ്പ് പാർട്സുകൾ, എൻജിൻ പാർട്സുകൾ, മെക്കാനിക്കൽ പാർട്സുകൾ അങ്ങനെയങ്ങനെ നീളുന്ന നിരവധി എൻജിനീയറിങ് ഉൽപ്പന്നങ്ങൾക്ക് ഇവിടെ സാധ്യതകളുണ്ട്. ചെറിയ എൻജിനീയറിങ് യൂണിറ്റുകൾക്ക് പോലും വലിയ തോതിലുള്ള പ്രവർത്തനങ്ങൾ ഇവിടെ കാഴ്ചവയ്ക്കാൻ കഴിയും. ആധുനികവൽക്കരിച്ച മെഷീനറികൾ അധിഷ്ഠിതമായിട്ടുള്ള എൻജിനീയറിങ് യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് ഇത്തരം മെക്കാനിക്കൽ വർക്കുകളും ഏറ്റെടുത്ത് ചെയ്യാനാകും.

## 4– സേഫ്റ്റി എക്യുപ്മെന്റുകളുടെ സർവീസിംഗ്.

എൻജിൻ പ്രവർത്തനം, ഫയർ ഫൈറ്റിങ് എക്യുപ്മെന്റുകളുടെ പ്രവർത്തനം, അതിന്റെ സർവ്വേ, അതിന്റെ ത്രൈമാസ- വാർഷിക മെയിന്റനൻസുകൾ ഇവയ്ക്കെല്ലാം തന്നെ സ്ഥിരം കോൺട്രാക്ടർമാരെയും സ്ഥിരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനങ്ങളെയും ആവശ്യമായി വരുന്നു. ഇത് സമയാസമയങ്ങളിൽ നടത്തേണ്ടത് ഷിപ്പ് കമ്പനികളുടെ ഉത്തരവാദിത്വം കൂടിയാണ്.





## 5–ക്രൂ മാനേജ്മെന്റ്

ഷിപ്പിംഗ് ഏജൻസി സർവീസസ്, ഷിപ്പ് മാനേജ്മെന്റ് എന്നീ ഘടകങ്ങളിലും സംരംഭസാധ്യതകൾ ഉണ്ട്. വിസ, ഫ്ലൈറ്റ്, റിപ്പർഹേഷൻ മാനേജ്മെന്റ് (പകരക്കാരെ നൽകൽ), മെഡിക്കൽ സേവനങ്ങൾ, വിവരസാങ്കേതികവിദ്യ ലഭ്യമാക്കൽ, തുടങ്ങി നൂറുകണക്കിന് ഷിപ്പ് മാനേജ്മെന്റ് സേവനങ്ങൾ നൽകുന്നതിന് സംരംഭങ്ങൾക്ക് വൻ സാധ്യതകൾ ഉണ്ട്. സൈൻ ഓൺ (ഷിപ്പിൽ കയറ്റൽ) സൈയിൻ ഓഫ് (ഷിപ്പിൽ ഇറക്കൽ) ഇതിനിടയിൽ വരുന്ന ക്രൂ സംബന്ധിച്ച മാറ്റങ്ങൾ നിയന്ത്രിക്കുന്നതിന് കൃത്യമായ ബദൽ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്.

## 6– ബംഗർ സപ്ലൈ (ഇന്ധനവിതരണം )

ഇന്ധനങ്ങൾ, ഡീസൽ, ഓയിൽ/ ലൂബ്രിക്കേറ്റിങ്ങ് ഓയിൽ, ഹൈ ഫ്ളൂയിഡ് ഓയിൽ, ഫ്രഷ് വാട്ടർ സപ്ലൈ തുടങ്ങി നിരവധി ആയിട്ടുള്ള ബംഗർ സർവീസ് സേവനങ്ങൾക്ക് ഇവിടെ സാധ്യതകളുണ്ട്. കൂടുതൽ കമ്പനികൾ ഇതുമായി ബന്ധപ്പെട്ട് രംഗ പ്രവേശനം ചെയ്യേണ്ടതുണ്ട്. എന്നാൽ മാത്രമേ വിഴിഞ്ഞം തുറമുഖം സുഗമമായി പ്രവർത്തിക്കുകയുള്ളൂ.

## 7– ബംഗർ സർവേ

ബംഗർ സർവ്വേ എന്നാൽ ഇന്ധനം സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് ആണ്. ഒരു ഷിപ്പിൽ എത്ര ഇന്ധനം ഉണ്ട്, എത്ര ഉപയോഗിച്ചു, എത്ര നൽകി, ഇനിയെത്ര വേണം ഇതിന്റെ കാൽക്കുലേഷനുകൾ സമയാസമയങ്ങളിൽ എടുത്ത് നൽകുക എന്നത് മികച്ച ഒരു പ്രൊഫഷണൽ സർവീസാണ്. വിഴിഞ്ഞം തുറമുഖം പ്രവർത്തന പദത്തിൽ വരുമ്പോൾ മുതൽ ഇത്തരം സർവീസുകൾ ഒഴിച്ചുകൂടാൻ ആകില്ല. നിരവധി സാങ്കേതിക / പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് സാധ്യതകൾ ഉണ്ട്.

## 8– ഡ്രാഫ്റ്റ് സർവേയർ കമ്പനികൾ.

ഡ്രാഫ്റ്റ് സർവെയർ എന്നത് ഒരു പ്രൊഫഷണൽ കമ്പനികളുടെ പ്രവർത്തിയാണ്. ഇത് ചരക്കുമായി ബന്ധപ്പെട്ട് കിടക്കുന്നു. കപ്പലിലെ ചരക്കിന്റെ അളവ് നോക്കുക എന്നുള്ളതാണ് ഇതിന്റെ ഒരു പ്രവർത്തന രീതി. എത്ര കയറ്റി, എത്ര ഇറക്കി, ഇനിയെത്ര, എത്ര ഏരിയ ഉപയോഗിക്കുന്നു, എത്ര ഏരിയ ബാക്കി കിടക്കുന്നു, ഇൻവോയ്സിൽ പറയുന്ന അളവ് ഉറപ്പുവരുത്തിയിട്ടുണ്ടോ ഇത്തരം കാര്യങ്ങളൊക്കെ വിലയിരുത്തുന്നത് ഡ്രാഫ്റ്റ് സർവേയർമാരാണ്. പ്രൊഫഷണൽ യോഗ്യതയുള്ള ഇത്തരം സർവ്വേ സ്ഥാപനങ്ങൾക്ക് വലിയ സാധ്യതകളാണ് വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് തുറക്കാൻ പോകുന്നത്. വിലയിരുത്തലുകൾമാത്രമല്ല അവയുടെ സർട്ടിഫിക്കേഷനുകളും ഒഴിച്ചുകൂടാനാവാത്തതാണ്.

## 9– ധനകാര്യ സ്ഥാപനങ്ങൾ

അന്താരാഷ്ട്ര തലത്തിൽ പണം കൈകാര്യം ചെയ്യുന്നതിന് നിരവധിയായ സംവിധാനങ്ങൾ ആവശ്യമുണ്ട്. മണി എക്സ്ചേഞ്ച് ഉൾപ്പെടെയുള്ള ഇന്റർനാഷണൽ ബാങ്കിംഗ് സേവനങ്ങൾ, വിദൂരങ്ങളിലേക്ക് പണം അയക്കൽ, ഇൻഷുറൻസ് സേവനങ്ങൾ എന്നിവയെല്ലാം തന്നെ ഇതിന്റെ ഭാഗമായി പ്രത്യേകം ഉണ്ടാകേണ്ടതുണ്ട്. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾക്ക് വേണ്ട അനുബന്ധ സേവനങ്ങളും നൽകുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇവിടെയും ചാർട്ടേഡ് അക്കൗണ്ടർമാർ പോലുള്ള വിദഗ്ദരുടെ സേവനങ്ങൾ കൂടുതലായി വേണ്ടിവരും.

## 10–മെഡിക്കൽ സേവനങ്ങൾ

ഏതൊരു പ്രദേശത്തെയും പോലെ തന്നെ തുറമുഖ രംഗത്തും വലിയ സാധ്യതകളുള്ള ഒന്നാണ് മെഡിക്കൽ സേവനം. ആയുർവേദം, അലോപ്പതി എന്നിവയ്ക്ക് എല്ലാം തന്നെ ഇവിടെ സാധ്യതകളുണ്ട്. വൻകിട ഹോസ്പിറ്റലുകൾ മാത്രമല്ല ചെറിയ ചെറിയ നേഴ്സിങ് ഹോമുകൾ, ഡോക്ടർ/ ഫാർമസിസ്റ്റ്/ എക്സ് റേ ടെക്നീഷ്യന്മാർ അവരുടെ സേവനങ്ങൾ, എന്നീ മേഖലകളിലെല്ലാം തന്നെ അവസരങ്ങളുണ്ട്. ചെറിയ അസുഖങ്ങൾക്ക് വേഗത്തിൽ വന്നു കണ്ടു ചികിത്സിച്ച് തിരിച്ചു പോകാൻ കഴിയുന്ന സംവിധാനങ്ങളാണ് കൂടുതലായി കൊടുക്കേണ്ടി വരിക.ആരോഗ്യ സേവന രംഗത്ത് പുതു സാധ്യതകൾ വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് വന്നു ചേരുകയാണ്.

ഇങ്ങനെ നോക്കിയാൽ ഉപ്പുതൊട്ട് കർപ്പൂരം വരേയും പ്രൊഫഷണൽ/ കൺസൾട്ടൻസി മുതൽ എൻജിനീയറിങ് യൂണിറ്റുകൾ വരേയും നിരവധി ചെറുതും വലുതുമായ സംരംഭങ്ങൾക്ക് സാധ്യതകൾ തുറന്നു നൽകുകയാണ് വിഴിഞ്ഞം പോർട്ട്.

**സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്**
**മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ**



ജി. കൃഷ്ണപിള്ള

# കേരളം സിംഗപ്പൂരോ തായ്‌വാനോ?

## എന്താണ് എം. എസ്. എം.ഇ

എം. എസ്. എം. ഇ കൾക്ക് ആഗോളതലത്തിൽ പൊതുവായി അംഗീകരിക്കപ്പെട്ട ഒരു നിർവ്വചനമില്ല. ഓരോ രാജ്യവും പ്രദേശവും അനുസരിച്ച് എം. എസ്. എം. ഇ നിർവ്വചനത്തിൽ വ്യത്യാസമുണ്ടാകും. തൊഴിലാളികളുടെ എണ്ണം, വാർഷിക വരുമാനം, യന്ത്രങ്ങളിലെ നിക്ഷേപം, ആസ്തികൾ എന്നിവ അനുസരിച്ചാണ് ഒരു സംരംഭത്തിന്റെ തരം നിർണയിക്കുന്നത്

എം. എസ്. എം. ഇ കളുടെ ആഗോള പ്രാധാന്യം (Global Importance of MSME)

എം. എസ്. എം. ഇ കളുടെ ആഗോള പ്രാധാന്യം വ്യക്തമാക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങൾ:-

I. **ആഗോള സാമ്പത്തിക വളർച്ചയും വികസനവും** (Global Economic Growth and Development)

**എ. മൊത്തം ആഭ്യന്തര ഉൽപാദനത്തിലേക്കുള്ള സംഭാവന (Contribution to GDP)**

ആഗോള ജിഡിപിയുടെ 50% സംഭാവന ചെയ്യുന്നത് എം. എസ്. എം. ഇ കളാണ്



**ബി. കയറ്റുമതി വർദ്ധനവ് (Export Promotion)**

പല രാജ്യങ്ങളിലും കയറ്റി ബന്ധിപ്പിക്കുന്നതിൽ എം. എസ്. എം. ഇ കൾ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. ആഗോള ഉത്പാദന കയറ്റുമതിയിൽ എം. എസ്. എം. ഇ കളുടെ സംഭാവന 25% മുതൽ 35% വരെയാണ്.

**സി. തൊഴിൽ സൃഷ്ടി (Employment Creation)**

ദശലക്ഷക്കണക്കിന് തൊഴിലവസരങ്ങളാണ് എം. എസ്. എം. ഇ മേഖല പ്രദാനം ചെയ്യുന്നത്. ധാരാളം പേരുടെ വരുമാനത്തിന്റെ മുഖ്യ ഉറവിടവും ജീവനോപാധിയുമാണ് ഈ മേഖല. ഗ്രാമീണ മേഖലയിൽ ഉൾപ്പെട്ട ഏറ്റവും കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്ന മേഖലയാണിത്. ആഗോളതലത്തിൽ തൊഴിൽ ശക്തിയുടെ 60% മുതൽ 70% വരെ എം. എസ്. എം. ഇ മേഖലയുടെ സംഭാവനയാണ്.

**ഡി. ദാരിദ്ര്യ ലഘൂകരണം (Poverty Alleviation)**

തൊഴിൽ സൃഷ്ടിയും വരുമാനവും വർദ്ധിപ്പിക്കുന്നതിലൂടെ എം. എസ്. എം. ഇ കൾക്ക് ദാരിദ്ര്യം ലഘൂകരിക്കാനും ആഗോള ജീവിതം നിലവാരം ഉയർത്തുന്നതിനും സാധ്യമാകുന്നു.

**ഇ. സാമ്പത്തിക വൈവിധ്യവൽക്കരണം (Economic Diversification)**

വ്യത്യസ്ത മേഖലകളിൽ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ സമ്പദ് വ്യവസ്ഥയുടെ വൈവിധ്യവൽക്കരണം സാധ്യമാകുന്നു.

**എഫ്. നൂതനാശയങ്ങളും സംരംഭകത്വവും (Innovation and Entrepreneurship)**

വിപണിയിൽ സംഭവിക്കുന്ന മാറ്റങ്ങളോട് പെട്ടെന്ന് പ്രതികരിക്കാനും പുതിയ സാങ്കേതിക വിദ്യകളെ സ്വീകരിക്കുവാനും കഴിയുന്നതിലൂടെ നൂതനാശയങ്ങളും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുവാൻ കഴിയുന്നു.

**ജി. വളർച്ച നേട്ടങ്ങൾ (Inclusive Growth)**

സ്ത്രീകൾ, യുവാക്കൾ, വൈദഗദ്ധ്യമില്ലാത്ത തൊഴിലാളികൾ എന്നീ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിന് സാമ്പത്തിക വളർച്ചയുടെ തുല്യത നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയുന്നു

## II. പ്രത്യേക മേഖലകളിലേക്കുള്ള സംഭാവന

(Contribution to Specific Sectors)

(i) **ഉല്പാദന മേഖല:** ഉത്പാദനവും കയറ്റുമതി വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു.

(ii) **കാർഷിക മേഖല:** ഭക്ഷ്യ സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഗ്രാമീണ വികസനം എന്നിവയിൽ പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു.

(iii) **സാങ്കേതിക മേഖല:** നൂതനാശയങ്ങളിലൂടെ പരിഹാരമാർഗ്ഗങ്ങളും സേവനവും മെച്ചപ്പെട്ടതാക്കാൻ കഴിയുന്നു.





III. **ആഗോള സ്വാധീനം** (Global Impact)

**(അ) ആഗോള വിപണി (Global Market):** ആഗോള വിപണിയിൽ ഒരു രാജ്യത്തിന്റെ സാന്നിധ്യം ശക്തമാക്കാൻ എം. എസ്. എം. ഇ കൾ സംഭാവന ചെയ്യുന്നു.

**(ആ) പ്രാദേശിക വികസനം (Regional Development):** വരുമാനം, തൊഴിൽ എന്നിവ വർദ്ധിക്കുന്നതിലൂടെ പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തമാക്കാൻ കഴിയുന്നു. പ്രാദേശിക അസമത്വം ലഘൂകരിക്കുന്നതിനും സന്തുലിതമായ വികസനവും സാധ്യമാകുന്നു.

**(ഇ) സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals)**

സാമ്പത്തിക വളർച്ച, ദാരിദ്ര്യ ലഘൂകരണം, തൊഴിൽ സൃഷ്ടി എന്നിവയിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുന്നു

## എം എസ് എം ഇയും – കേരളവും സിംഗപ്പൂരും

സിംഗപ്പൂർ മാതൃകഎം. എസ്. എം. ഇ വികസന വും കേരള മാതൃക എം. എസ്. എം. ഇ വികസനവും തമ്മിലുള്ള സാമ്യങ്ങൾ വളരെ കുറവാണ്. എന്നാലും സിംഗപ്പൂർ എം. എസ്. എം. ഇ മേഖലയിൽ നടപ്പി ലാക്കി കൊണ്ടിരിക്കുന്ന പല കാര്യങ്ങളും കേരള എം എസ് എം ഇ മേഖലയിലും കാണപ്പെടുന്നു

### (1) നൂതനാശയങ്ങളും സാങ്കേതിക വിദ്യയും

വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന എം. എസ്. എം. ഇ മേഖലയിൽ ഗവേഷണവും നൂതന സാങ്കേതികവിദ്യയും പ്രോത്സാഹിപ്പിക്കുന്നതിലൂടെ ആ മേഖലയെ കൂടുതൽ മത്സരക്ഷമതയുള്ളതാക്കാൻ കഴിയുന്നതാണ്. സർക്കാർ പിന്തുണയോട് കൂടിയാണ് സിംഗപ്പൂരിൽ ഇവ നടപ്പാക്കുന്നത്. ഇതേ രീതിയിൽ തന്നെ കേരളത്തിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് എം. എസ്. എം. ഇ മേഖലയിൽ നവീന സാങ്കേതിക വിദ്യകളും നൂതനാശയങ്ങളും വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിന്ന് സാങ്കേതികവിദ്യ കരസ്ഥമാ ക്കുവാനും നൂതനാശയങ്ങൾ പ്രോത്സാഹിപ്പി ക്കുവാനും സംരംഭക പിന്തുണ പദ്ധതിയിലൂടെയും ഇന്നൊവേഷൻ ഗ്രാന്റ് സ്കീം മുഖേനയും സർക്കാർ പിന്തുണ നൽകുന്നു. നൂതനാശയങ്ങളെ വികസിപ്പിച്ച് പ്രാവർത്തികമാക്കുന്നതിന് വേണ്ടി എല്ലാവിധ പിന്തുണയും സംരംഭകർക്ക് പ്രദാനം ചെയ്യുന്നതിന് വേണ്ടി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ കേന്ദ്രങ്ങൾ സർക്കാർ പിന്തുണ യോടുകൂടി സജ്ജമാക്കിയിട്ടുണ്ട്. ഏഷ്യയിൽ ഡിജിറ്റലൈസേഷൻ മത്സരക്ഷമതയിൽ രണ്ടാം സ്ഥാനവും ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ രണ്ടാം സ്ഥാനവും സിംഗപ്പൂരിനാണ്. സിംഗപ്പൂരിലെ

10 തൊഴിലാളികളിൽ അഞ്ചും വൈദഗ്ധ്യം ഉള്ളവരാണ്. കേരളം സാക്ഷരതയിൽ 100% ആണ്. 14 വയസ്സിന് മുകളിലുള്ള എല്ലാവരെയും ഡിജിറ്റലൈസേഷൻ അറിവ് നൽകുന്നതിന് വേണ്ടി ഡിജി - കേരളം (Digi - Keralam) പദ്ധതി സർക്കാർ നേതൃത്വത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്.

## (2) എം. എസ്. എം. ഇ കൾ

### ശ്രദ്ധാകേന്ദ്രം (Focus on MSME)

സിംഗപ്പൂരും കേരളവും സാമ്പത്തിക വളർച്ചയിലും തൊഴിൽ സൃഷ്ടിയിലും എം. എസ്. എം. ഇ കളുടെ നിർണായക പങ്ക് തിരിച്ചറിഞ്ഞിട്ടുണ്ട്. സിംഗപ്പൂരിൽ മൊത്തം തൊഴിൽ ശക്തിയുടെ 70 % വും ജിഡിപിയുടെ 50 % സംഭാവന ചെയ്യുന്നത് എം. എസ്. എം. ഇ യാണ്. കേരളത്തിൽ സംരംഭക വർഷം പദ്ധതിയിലൂടെ മൂന്നു മുതൽ നാല് ലക്ഷം വരെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. കഴിഞ്ഞ രണ്ട് വർഷം കൊണ്ട് കേരളത്തിൽ 4,56,913 എണ്ണം തൊഴിലുകൾ സൃഷ്ടിക്കാൻ കഴിഞ്ഞു. കേരളത്തിൽ സംസ്ഥാന ജിഡിപിയിലേക്ക് എം.എസ്.എം.ഇ കളുടെ സംഭാവന 37.5% ആണ്.

## (3) സർക്കാർ പിന്തുണ

സിംഗപ്പൂരും കേരളവും എം. എസ്. എം. ഇ യെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സാമ്പത്തിക സഹായം, പരിശീലനം, അടിസ്ഥാന സൗകര്യ വികസനം എന്നിവ പ്രദാനം ചെയ്യുന്നതിന് വേണ്ടി വിവിധ പദ്ധതികളും നയങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി സംസ്ഥാന വ്യവസായ വകുപ്പ് വ്യവസായ - വാണിജ്യ ഡയറക്ടറേറ്റിനെ ഒരു സൗകര്യ പ്രദായക കേന്ദ്രമായി (Facilitating Centre) സജ്ജമാക്കിയിട്ടുണ്ട്. സിംഗപ്പൂർ സർക്കാർ എം. എസ്. എം. ഇ മേഖലയുടെ വികസനത്തിനുള്ള വിവിധങ്ങളായ ഗ്രാന്റുകൾ അനുവദിച്ചു വരുന്നു. എന്റർപ്രൈസസ് ഡെവലപ്മെന്റ് ഗ്രാന്റ് (EDG), പ്രൊഡക്ടിവിറ്റി സൊല്യൂഷൻ ഗ്രാന്റ് (PSG), മാർക്കറ്റ് റെഡിനസ് അസിസ്റ്റൻസ് (MRA) എൻജി എഫിഷ്യന്റ് ഗ്രാന്റ് (EFG) എന്നിവയാണിതിൽ പ്രധാനപ്പെട്ടവ. കേരളത്തിൽ എം.എസ്.എം.ഇകളെ സഹായിക്കുന്നതിനുള്ള വിവിധ ഗ്രാന്റ് നൽകുന്നതിനുവേണ്ടി ഇ.എസ്.എസ്, പലിശ ഇന്റർർവെൻഷൻ സ്കീം, ഒ. എഫ്. ഒ. ഇ, എം എസ് എം ഇ ഇൻഷുറൻസ്, എം എസ് എം ഇ 1000, സ്കെയിൽ അപ് സ്കീം മുതലായവ ആവിഷ്കരിച്ചിട്ടുണ്ട്.

## (4) ഈസ് ഓഫ് ഡൂയിങ് ബിസിനസ്

### (Ease of Doing Business)

കേരള എം എസ് എം ഇ ഫെസിലിറ്റേഷൻ നിയമം അനുസരിച്ച് 10 ലക്ഷം വരെയുള്ള സംരംഭങ്ങൾക്ക് ലൈസൻസ് ആവശ്യമില്ല. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് പട്ടികയിൽ കേരളത്തിന് പ്രഥമ സ്ഥാനമാണുള്ളത്. ലോകബാങ്ക് റിപ്പോർട്ട് പ്രകാരം സിംഗപ്പൂരിന് ഏകദേശം മൂന്നാം സ്ഥാന മാണുള്ളത്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട

**എം. എസ്. എം. ഇ മേഖല–**
**സിംഗപ്പൂരും കേരളവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ**

| സവിശേഷതകൾ | സിംഗപ്പൂർ | കേരളം |
|---|---|---|
| 1. ശ്രദ്ധാ കേന്ദ്രം | സൂക്ഷ്മ- ചെറുകിട ഇടത്തരം സംരംഭങ്ങളും സാമ്പത്തിക വളർച്ചയും | മാനവശേഷി വികസനം, സാമൂഹ്യക്ഷേമം സാമൂഹ്യ സൂചകങ്ങളായ സാക്ഷരത, ആരോഗ്യ രക്ഷ |
| 2. വികസന മാതൃക | എം. എസ്. എം. ഇ കളുടെ ഊർജ്ജിത വികസനം നൂതനാശയ വത്കരണം | മാനവശേഷി വികസനം സാമൂഹ്യ പുരോഗതിക്ക് പ്രാധാന്യം നൽകുന്ന കേരള മാതൃക |
| 3. സാമ്പത്തിക | പ്രാഥമികമായി ഉല്പാദനം, വാണിജ്യം, സേവനം എന്നീ മേഖലകളെ ആശ്രയിക്കുന്നു | സേവന മേഖലയ്ക്ക് പ്രാമുഖ്യം, ഉൽപാദന മേഖലയിലേക്കും ഊന്നൽ നൽകുന്നു. |
| 4. പ്രാഥമിക ലക്ഷ്യം | സാമ്പത്തിക വളർച്ചയും മത്സരക്ഷമതയും | സാമ്പത്തിക വളർച്ചയിലൂടെ തൊഴിൽ സൃഷ്ടി, നിക്ഷേപം വർദ്ധിപ്പിക്കുക, ആഗോള വിപണനം ശക്തമാക്കുക |

നിക്ഷേപക സൗഹൃദ രാജ്യങ്ങളിലൊന്നാണ് സിംഗപ്പൂർ.

### (5) കയറ്റുമതി (Export)

ഇന്ത്യയുടെ കയറ്റുമതിയിലേക്ക് കേരളത്തിന്റെ എം. എസ്. എം. ഇ മേഖലയുടെ സംഭാവന 40% ത്തിൽ കൂടുതലാണ്. എന്നാൽ തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ ആഗോള കയറ്റുമതിയിലേക്ക് നൽകുന്ന സംഭാവന 20% ആണ്. അതിൽ കൂടുതലും സംഭാവന ചെയ്യുന്നത് സിംഗപ്പൂരാണ്.

## കേരളവും തായ്‌വാനും (Kerala & Taiwan)

കേരളത്തിലെ എം. എസ്. എം. ഇ മേഖല സാമ്പത്തിക വികസനം, തൊഴിൽ സൃഷ്ടി, ഗ്രാമീണ മേഖല ഉൾപ്പെടെയുള്ള മേഖലയുടെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ച മുതലായവയിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. തായ്‌വാൻ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് എം. എസ്. എം. ഇ മേഖല. തായ്‌വാന്റെ ആകെ തൊഴിൽ ശക്തിയുടെ ഭൂരിഭാഗവും എം. എസ്. എം. ഇ മേഖലയിലാണ്.

### എ. തായ്‌വാൻ മാതൃക (Taiwan Model)

വളരെ ശക്തമായ എം. എസ്. എം. ഇ മേഖലയെയും വിജ്ഞാന സമ്പദ് വ്യവസ്ഥയെയും ശ്രദ്ധ കേന്ദ്രമാക്കിക്കൊണ്ട് ഇന്ത്യയിലെ തായ്‌വാൻ ആകാനുള്ള സാധ്യത കേരളത്തിനുണ്ട്.

### ബി. സർക്കാർ പിന്തുണ (Government Support)

തായ്‌വാൻ സർക്കാരും കേരള സർക്കാരും എം. എസ്. എം. ഇ കളുടെ വളർച്ചയ്ക്ക് വേണ്ടി നയങ്ങളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വായ്പ പദ്ധതികൾ, നികുതിയിളവ്, ക്രെഡിറ്റ് ഗ്യാരന്റി, നിക്ഷേപ സംഗമം മുതലായവയാണ് അതിൽ പ്രധാനപ്പെട്ടവ.

### സി. വിവര സാങ്കേതിക രംഗത്ത് ഊന്നൽ (Focus on IT)

വിവര സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്ക് തായ്‌വാനും കേരളവും ഊന്നൽ നൽകുന്നു. കേരളത്തിലെ ബ്രോഡ് ബാന്റ് കണക്ടിവിറ്റി എം. എസ്. എം. ഇ മേഖലയുടെ സാധ്യത വർദ്ധിപ്പിക്കുന്നു.

### ഡി. ആവാസ വ്യവസ്ഥയുടെ വികസനം (Eco System Development)

തായ്‌വാനെ പോലെ തന്നെ കേരളത്തിലും എം. എസ്. എം. ഇ മേഖലയുടെ വളർച്ചയ്ക്ക് അനുകൂലമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിന് സംരംഭകത്വ പിന്തുണ, നൂതനാശയ വികസനം, സ്റ്റാർട്ടപ്പുകൾക്ക് ഇന്നോവേഷൻ ഗ്രാന്റ് മുതലായ പദ്ധതികൾ സർക്കാർ പിന്തുണയോട് ആവിഷ്കരിക്കുന്നു. എം. എസ്. എം. ഇ ഇന്നോവേഷൻ ഡവലപ്മെന്റ് പ്രോജക്ട് വായ്പ, സ്മാൾ എന്റർപ്രൈസസ് വായ്പ, സ്മാൾ ഇന്നോവേഷൻ റിസർച്ച് ഗ്രാന്റ്, എം. എസ്. എം. ഇ ഇന്നോവേഷൻ അവാർഡ് മുതലായവ തായ്‌വാൻ സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രധാന വായ്പ- ഗ്രാന്റ്- പ്രോത്സാഹന പദ്ധതികളാണ്.



| രാജ്യം | ആകെ സംരംഭങ്ങൾ ളിൽ MSME യുടെ | തൊഴിൽ സംഭാവന | GDP-ലേക്കുള്ള യിലേക്കുള്ള സംഭാവന | കയറ്റുമതി സംഭാവന |
|---|---|---|---|---|
| സിംഗപ്പൂർ | 99% | 70% | 50% | 70% |
| തായ്‌വാൻ | 97.7% | 78% | 50% | 68% |
| ഇന്ത്യ (കേരളം ഉൾപ്പെടെ) | 99% | 40% | 30% | 48% |

### ഇ. ഡിജിറ്റലൈസേഷനും സുസ്ഥിരതയും

എം. എസ്. എം. ഇ മേഖലയിൽ ഡിജിറ്റലൈസേഷനും സുസ്ഥിരതയും വ്യവസായങ്ങൾ തമ്മിലുള്ള പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി തായ്‌വാൻ സർക്കാർ നിക്ഷേപം നടത്തുന്നു. സംരംഭ വർഷം പദ്ധതിയും സംരംഭങ്ങളുടെ സുസ്ഥിരതയും എന്നത് സംസ്ഥാന സർക്കാരിന്റെ വിജയകരമായ പദ്ധതികളാണ്. കൂടാതെ ഡിജി കേരള (Digi Kerala) എന്ന പ്രത്യേക പരിപാടിയിലൂടെ എല്ലാ മേഖലയിലും ഡിജിറ്റലൈസേഷൻ കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കെ- ഫോൺ, കെ- സ്മാർട്ട് എന്നിവയെല്ലാം ഡിജിറ്റലൈസേഷനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളാണ്.

### എഫ്. പ്രകൃതി വിഭവങ്ങൾ, ഭൂമി & തൊഴിലാളി വൈദഗ്ദ്ധ്യം

തായ്‌വാനെ പോലെ തന്നെ കേരളത്തിലും പ്രകൃതി വിഭവങ്ങൾ പരിമിതമാണ്. ലഭ്യമായ ഭൂമിയുടെ അളവ് രണ്ട് സ്ഥലങ്ങളിലും കുറവാണ്. എന്നാൽ കേരളത്തിലും തായ്‌വാനിലും വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ എണ്ണം കൂടുതലാണ്.

### കേരളം ഇന്ത്യയുടെ സിംഗപ്പൂർ അല്ലെങ്കിൽ ഇന്ത്യയുടെ തായ്‌വാൻ (Kerala became the "Singapur of India" or "Taiwan of India"

കേരളം ഉയർന്ന സാക്ഷരത, സാമൂഹിക വികസനം, പ്രവാസ ശക്തി എന്നിവയ്ക്ക് പേരുകേട്ടതാണ്. മുൻപ് കേരളത്തെ ഉപഭോഗ- സേവന, ആശ്രിത സമ്പദ് വ്യവസ്ഥ എന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ നവീകരണം, വ്യവസായ വികസനം, കയറ്റുമതി എന്നിവയിലൂടെ കേരളം വളർന്നു കൊണ്ടിരിക്കുന്നു. ഈ വളർച്ചയുടെ അടിത്തറ എം. എസ്. എം. ഇ മേഖലയുടെ വളർച്ചയും ആധുനിക വത്കരണവുമാണ്. സിംഗപ്പൂരും തായ്‌വാനും എം. എസ്. എം. ഇ മേഖലയുടെ നൂതന വത്കരണം, ആധുനിക വത്കരണം, വളർച്ച എന്നീ മാർഗങ്ങൾ വിജയകരമായി പിന്തുടർന്ന് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എം. എസ്. എം. ഇ കൾ അനവധി രാജ്യങ്ങളിലെ സമ്പദ് വ്യവസ്ഥയുടെ ജീവരേഖയാണ് (Lifeline). ഈ സമ്പദ് വ്യവസ്ഥകളിലെ എം. എസ്. എം. ഇ കളുടെ എണ്ണം, തൊഴിൽ സൃഷ്ടിയിലുള്ള വർദ്ധനവ് എന്നിവയിലൂടെ സമ്പദ്‌വ്യവസ്ഥയ്ക്ക് ആകെമാനം വികസനവും വളർച്ചയും സാധ്യമാകുന്നു. ഒരു സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിലും വളർച്ചയിലും എം. എസ്. എം. ഇ കളുടെ പങ്ക് എത്രയാണെന്ന് താഴെ പറയുന്ന പട്ടികയുടെ വിശകലനത്തിൽ നിന്നും മനസ്സിലാകുന്നതാണ്.

ഇന്ത്യയിൽ എം. എസ്. എം. ഇ കൾ ഏറ്റവും ശക്തമായ സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ പുതിയ വ്യവസായ വാണിജ്യ നയം ഉൽപാദന ക്ഷമത, കയറ്റുമതി, ആഗോള മത്സരശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്. മിഷൻ 1000 (സ്കെയിൽ അപ് പ്രോഗ്രാം), കേരള ബ്രാൻഡ്, റാംപ്, ആഗോള നിക്ഷേപക സംഗമം, പുതിയ വ്യവസായ ഇടനാഴി, ബ്രോഡ്ബാന്റ് കണക്ടിവിറ്റി,



തുറമുഖങ്ങളുടെ സാന്നിധ്യം (വിഴിഞ്ഞം, കൊച്ചി) മുതലാവയെല്ലാം കയറ്റുമതി, ആഗോള മത്സരക്ഷമത, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിന് പിന്തുണയാകും.

താഴെ പറയുന്ന കാര്യങ്ങളിൽ സിംഗപ്പൂരിനെയും തായ്‌വാനെയും മാതൃകയാക്കാം:-

1. പോളിസി സപ്പോർട്ട് & ഈസ് ഓഫ് ഡൂയിങ് ബിസിനസ്
2. സാങ്കേതികവിദ്യ സംയോജനം & ഗവേഷണം (Integrationa of Technology & Research)
3. കയറ്റുമതി ലക്ഷ്യം (Export- Oriented)
4. ക്ലസ്റ്റർ വികസനം (Cluster Development)

എം. എസ്. എം. ഇ വികസനത്തിന് കേരള മാതൃക(Kerala Model MSME Development)

## 1. പ്രധാന മേഖലകളെ തിരിച്ചറിയുക

**(Identification of Specific sectors)**

എം. എസ്. എം. ഇ വികസനത്തിന് കേരളം ഓരോ മേഖലകളെയും തിരിച്ചറിഞ്ഞ് കൊണ്ടുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഉദാ: ഭക്ഷ്യ-സംസ്കരണ മേഖല, വിവര സാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്, ഔഷധ മേഖല, വിജ്ഞാന മേഖല, ടെക്സ്റ്റയിൽസ്

## 2. എം. എസ്. എം. ഇ ക്ലസ്റ്റർ വികസിപ്പിക്കൽ (MSME Cluster Development)

സമാന സ്വഭാവമുള്ള സംരംഭങ്ങളെ സംയോജിപ്പിച്ചുകൊണ്ട് അവരുടെ ഉൽപാദനക്ഷമത, മത്സരക്ഷമത, വിലപേശൽ ശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ക്ലസ്റ്റർ രൂപീകരിക്കുക. ഉദാ: ഫർണിച്ചർ ക്ലസ്റ്റർ, എൻജിനീയറിങ് ക്ലസ്റ്റർ, അപ്പാരൽ ക്ലസ്റ്റർ, റബ്ബർ ക്ലസ്റ്റർ മുതലായവ.

## 3. ഇൻഡസ്ട്രിയൽ പാർക്കുകളും അടിസ്ഥാന സൗകര്യ വർദ്ധനവും

**(Industrial Parks and Infrastructure Development)**

സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി സംരംഭകർക്ക് വളരെ കുറഞ്ഞ നിരക്കിൽ ഇൻഡസ്ട്രിയൽ പാർക്കുകളിൽ സ്ഥലം പ്രദാനം ചെയ്യുന്നതിനുവേണ്ടി സർക്കാരിന്റെ നിയന്ത്രണത്തിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനും സർക്കാർ സഹായം നൽകിവരുന്നു. കൂടാതെ നിലവിലുള്ള പാർക്കുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും സർക്കാർ സഹായം നൽകി വരുന്നു. സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനും സർക്കാർ സഹായം നൽകി വരുന്നു.

## 4. വൈദഗ്ദ്ധ്യവും നവീകരണവും

സംരംഭകരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക വിദ്യയുടെ സഹായത്തോടെ നൂതനാശയങ്ങളെ പ്രോത്സാഹപ്പിക്കുന്നതിനും സർക്കാർ സഹായം നൽകി വരുന്നു. ഉദാ: സംരംഭകത്വപരിശീലന പരിപാടി (EDP), & സ്റ്റാർട്ടപ്പ് ഇന്നോവേഷൻ ഗ്രാന്റ്

## 5. ആഗോള വിപണിയുമായി ബന്ധം പ്രോത്സാഹിപ്പിക്കൽ

കേരളത്തിന്റെ സ്വന്തം ബ്രാൻഡ് സൃഷ്ടിക്ക് ആഗോള വിപണിയുമായി ബന്ധം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു. ഉദാ: കേരള ബ്രാൻഡ്

എം. എസ്. എം. ഇ കളുടെ വളർച്ചയ്ക്കുള്ള കേരള വിഷൻ (Kerala Vision for MSME Growth)

1. സംസ്ഥാന ജി. ഡി. പി. യിലേക്കുള്ള സംഭാവന വർദ്ധിപ്പിക്കുക ( Contribution State GDP)
2. കയറ്റുമതിയിലേക്കുള്ള സംഭാവന വർദ്ധിപ്പിക്കുക (Contribution to Export)
3. തൊഴിൽ മേഖലയിലേക്ക് നൽകുന്ന സംഭാവന വർദ്ധിപ്പിക്കുക (Contribution to Employment)
4. ഹരിത വ്യവസായം, ആയുർവേദം, ഭക്ഷ്യ സംസ്കരണം, സൃഷ്ടിപരത (Green Industries, Ayurveda, Food Processing, Creativity) തുടങ്ങിയ വ്യവസായങ്ങളുടെ ശ്രദ്ധാകേന്ദ്രമായി കേരളത്തെ മാറ്റുക.

സിംഗപ്പൂർ അല്ലെങ്കിൽ തായ്‌വാൻ വിജയപാത പിന്തുടരുന്നതിനുള്ള സാമൂഹ്യ മൂലധനം (Social Captial), ആഗോള ബന്ധങ്ങൾ (Global Network), ഭൂമിശാസ്ത്രപരമായ സവിശേഷത (Geographical Feature) എന്നീ മേഖലകൾ കേരളത്തിന് മുതൽക്കൂട്ടായി ഉണ്ട്. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം, സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന നയം, തന്ത്രപരമായ നിക്ഷേപങ്ങൾ എന്നിവയിലൂടെ കേരളത്തിന് ഇന്ത്യയുടെ സിംഗപ്പൂർ അല്ലെങ്കിൽ ഇന്ത്യയുടെ തായ്‌വാൻ ആകാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

**(മുൻ വ്യവസായ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)**


NUCLEUS
COMMERCIAL
PLYWOODS
FROM KERALA FACTORY
ALL TYPE OF GOOD QUALITY PLYWOOD AND VENEERS AVAILABLE
NUCLEUS PLY
FACTORY SALE
ALL INDIA DELIVERY
NUCLEUS PLY
Kochi, Kerala - 686 671
FORE MORE DETAILS
8156-913875
www.nucleusply.in
E-mail: nucleusply6@gmail.com, Ph: 9496826151, 6238891925

ടെക്നോട്രെൻഡ്സ്



ലോറൻസ് മാത്യു

# ലാൻഡ് ടോക്കണൈസേഷൻ

## മാറുന്ന ബിസിനസ് രംഗം



ആശയങ്ങളാണ് ലോകത്തെ മാറ്റി മറിച്ചത്. പ്രതിഭാ ശാലികൾ മുന്നോട്ട് വെക്കുന്ന ആശയങ്ങൾ പലതും ലോകത്തിന്റെ മുന്നോട്ടുള്ള ഗതിയെത്തന്നെ മാറ്റി മറിച്ചിട്ടുണ്ട്. ഇന്ന് ലോകത്തിന് മുന്നിൽ ഇന്ത്യ തലയുയർത്തി നിൽക്കുവാൻ നിദാനമമായ 2 ആശയങ്ങളായിരുന്നു ആധാറും യു പി ഐ ഐഡിയും. ഒരു വ്യക്തിയുടെ എല്ലാ കാര്യങ്ങളും ആധാറുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽത്തന്നെ സർക്കാർ സേവനങ്ങൾക്ക് ഗതിവേഗം കൂടിയെന്നത് ഒരു വസ്തുതയാണ്. അത് പോലെ തന്നെയാണ് വിവിധ യു പി ഐ സേവനങ്ങൾ. ഇരുപത് വർഷങ്ങ ൾക്കു മുൻപ് ചിന്തിക്കുവാൻ കഴിയാതിരുന്നതായിരുന്നു ഒരു മൊബൈൽ കയ്യിലുണ്ടെങ്കിൽ ബാങ്ക് ട്രാൻസാക്ഷൻ സാധ്യമാകുമെന്നത്. ഇന്നീ മാറ്റങ്ങളുടെ ലോകത്ത് നമ്മൾ ജീവിക്കുമ്പോൾ പലപ്പോഴും സംഭവിച്ച് കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ ആഴം പലപ്പോഴും നാം ശ്രദ്ധിക്കാറില്ലായെന്നത് ഒരു വസ്തുതയാണ്. ഇന്ത്യയിൽ പുതു ചരിത്രം രചിച്ച ഈ മാറ്റങ്ങളുടെയൊക്കെ ചുക്കാൻ പിടിച്ചത് ഐ ഐ ടി മുംബൈയിലെ അലുമിനിയും ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ ഐ ടി കമ്പനിയായ ഇൻഫോസിസിന്റെ സ്ഥാപകരിലൊരാളുമായ ശ്രീ. നന്ദൻ നിലേക്കനിയാണ്.

ഇപ്പോൾ അദ്ദേഹം മുന്നോട്ട് വെച്ചിരിക്കുന്ന വളരെ വിപ്ലവകരമായ ഒരാശയമാണ് ലാൻഡ് ടോക്കണൈസേഷൻ എന്നുള്ളത്. ഇന്ത്യയുടെ നിലവിലെ 6% ജിഡിപി വളർച്ചയെ 8% വരെ എത്തിക്കണമെങ്കിൽ, രാജ്യത്ത് മൂലധനം വർധിപ്പിക്കുന്നതിന്റെ ഒരു മാർഗ്ഗമായി ഭൂമിയെന്ന ആസ്തിയുടെ ടോക്കണൈസേഷൻ ചെയ്യണമെന്ന് അദ്ദേഹം നിർദേശിക്കുന്നു. ഭൂമിയെന്ന ആസ്തിയെ ടോക്കൺ ചെയ്യുന്നത്, ശരിയായ ലെഡ്ജറുകളും മറ്റ് സംവിധാനങ്ങളുമുപയോഗിച്ച് അത് നടത്തുന്നത് വലിയൊരു പരിഷ്കാരമാകും എന്ന് അദ്ദേഹം അർക്കം വെഞ്ചേഴ്സ് സംഘടിപ്പിച്ച ഒരു പൊതു ചടങ്ങിൽ പ്രസംഗിക്കുമ്പോൾ പറഞ്ഞു. "ഓരോ ഭൂഭാഗവും ടോക്കൺ ചെയ്യാനാകും, പിന്നീട് അതിന് വളരെ എളുപ്പത്തിൽ വ്യാപാര മൂല്യവും ലഭിക്കും." അദ്ദേഹം Finternet ആശയം അവതരിപ്പിച്ച് ഭൂമിയുടെയും മറ്റ് ആസ്തികളുടെയും ടോക്കണൈസേഷന് വഴി ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് വഴി തെളിക്കാൻ കഴിയും എന്ന നിലപാടിലാണ്.

### എന്താണ് ലാൻഡ് ടോക്കണൈസേഷൻ

ലാൻഡ് ടോക്കണൈസേഷൻ (Land Tokenization) എന്നത് ഭൂമിയെ ഒരു ഡിജിറ്റൽ ആസ്തിയായി (digital

asset) മാറ്റുന്ന ഒരു നൂതന സാങ്കേതിക പ്രക്രിയയാണ്. ഇത് ബ്ലോക്ക്ചെയിൻ (blockchain) എന്ന സാങ്കേതികതയുടെ സഹായത്തോടെ നടപ്പാക്കപ്പെടുന്നു. ഇതിലൂടെ ആ ഭൂമിയുടെ ഉടമസ്ഥാവകാശം മുഴുവൻ അല്ലെങ്കിൽ ഭാഗികമായി ബ്ലോക്ക്ചെയിൻ വഴി കൈമാറാനാകും. അതായത്, ആ ഭൂമിയുടെ ഉടമസ്ഥാവകാശം ഇപ്പോൾ ഡിജിറ്റൽ ടോക്കണുകൾ ആയാണ് പ്രതിനിധീകരിക്കുന്നത് എന്നർത്ഥം. അതിന്റെ അടിസ്ഥാനത്തിൽ ഒരു ടോക്കൺ (token) സൃഷ്ടിക്കുന്നു ഭൂമിയുടെ ഉടമസ്ഥാവകാശത്തെ പ്രതിനിധീകരിക്കുന്ന ഡിജിറ്റൽ ആസ്തി. ഈ ടോക്കൺ ബ്ലോക്ക് ചെയിനിൽ സൂക്ഷിക്കപ്പെടുന്നു, അതായത് ഇതിന് മാറ്റം വരുത്താനാവില്ലെന്നും, തികച്ചും Transparent ആണെന്നും ഉറപ്പുണ്ടാകും. ലളിതമായി പറഞ്ഞാൽ നമുക്ക് ഒരു 50 ലക്ഷം രൂപ വില വരുന്ന ഭൂമി എടുത്തു നോക്കാം. അതിനെ 5,000 ടോക്കണുകളായി വിഭജിച്ചാൽ ഓരോ ടോക്കണിനും വില 1,000 രൂപയായിരിക്കും. നിക്ഷേപകർക്ക് ആ ടോക്കൺ വാങ്ങാം. ഭൂമിയിൽ കൃഷി, വാടക, കെട്ടിടം തുടങ്ങിയവയിലൂടെ വരുമാനം ഉണ്ടാകുമ്പോൾ അത് ടോക്കൺ ഉടമകൾക്ക് അവരുടെ ഓഹരിക്കാനുപതികമായി ലഭിക്കുകയും ചെയ്യും. ഇവിടെ ഉടമസ്ഥാവകാശവും ട്രാൻസാക്ഷനുകൾ സേവ് ചെയ്യുന്ന സാങ്കേതികത വിദ്യയുമായി ഉപയോഗിക്കപ്പെടുന്നത് ബ്ലോക്ക് ചെയിൻ ടെക്നോളജിയായിരിക്കും.

നിലവിൽ ഗുജറാത്തിലെ ഗാന്ധി നഗറിലെ ഗിഫ്റ്റ് സിറ്റിയിൽ ഇന്ത്യയിലെ ആദ്യത്തെ റെഗുലേറ്ററിയായിട്ടുള്ള റിയൽ എസ്റ്റേറ്റ് ടോക്കണൈസേഷൻ പ്ലാറ്റ്ഫോം അവിടെ ടെസ്റ്റ് ചെയ്യപ്പെട്ട് കൊണ്ടിരിക്കുന്നുണ്ട്. ആന്ധ്രപ്രദേശിലും മഹാരാഷ്ട്രയിലും ലാൻഡ് റിക്കോർഡുകളെ ബ്ലോക്ക് ചെയിനിലേക്ക് മാറ്റുന്ന സാങ്കേതിക വിദ്യ പരീക്ഷിച്ച് കൊണ്ടിരിക്കുന്നുണ്ട്.

## എന്ത് കൊണ്ട് ടോക്കണൈസേഷൻ

നന്ദൻ നിലേക്കനിയുടെ അഭിപ്രായത്തിൽ ഇന്ത്യക്കാരുടെ ആസ്തിയുടെ 50 ശതമാനവും ഭൂമിയിലാണ്. എന്നാൽ ഇത് വിറ്റ് ലിക്വിഡ് പണമാക്കി മാറ്റുകയെന്നത് ഏറെ ശ്രമകരമായ ഒരു പ്രക്രിയയാണ്. ഉദാഹരണമായി ഒരു വ്യക്തിക്ക് ഒരേക്കർ ഭൂമി ഉണ്ടെന്നിരിക്കട്ടെ. അദ്ദേഹത്തിന് പുതൊയൊരു സംരംഭം തുടങ്ങുവാൻ 10 ലക്ഷം രൂപയാവശ്യമുണ്ടെന്ന് കരുതുക. ഈ സ്ഥലത്തിന്റെ ആധാരവുമായി ബാങ്കിൽ പണയം വെക്കുവാൻ പോകേണ്ടി വരും. ഭൂമിയുടെ ആധാരമുൾപ്പെടെ പല രേഖകളും ഹാർഡ് കോപ്പിയായിത്തന്നെ നൽകേണ്ടി വരും. പല രേഖകളും സംഘടിപ്പിച്ച് കൊടുക്കുവാൻ ദിവസങ്ങൾ എടുത്തേക്കാം. ഇവിടെയാണ് ലാൻഡ് ടോക്കണൈസേഷൻറെ പ്രസക്തി. ഭൂമിയുടെ

**നിലവിൽ ഗുജറാത്തിലെ ഗാന്ധി നഗറിലെ ഗിഫ്റ്റ് സിറ്റിയിൽ ഇന്ത്യയിലെ ആദ്യത്തെ റെഗുലേറ്ററിയായിട്ടുള്ള റിയൽ എസ്റ്റേറ്റ് ടോക്കണൈസേഷൻ പ്ലാറ്റ്ഫോം അവിടെ ടെസ്റ്റ് ചെയ്യപ്പെട്ട് കൊണ്ടിരിക്കുന്നുണ്ട്.**

ഉടമസ്ഥാവകാശം ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടാകും. 1acre ഭൂമി 1000 ടോക്കണുകളായി മാറ്റുന്നു (ഒരൊറ്റ ടോക്കൺ 1 sq.m. പ്രതിനിധീകരിക്കുന്നു). കൈയ്യിലുള്ള ടോക്കൺ ബാങ്കിൽ നൽകി ആവശ്യമുള്ള പൈസ വാങ്ങിക്കാം. മുഴുവൻ വസ്തുവും പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യേണ്ടി വരികയില്ല. കാലതാമസം കൂടാതെ തന്നെ ഇടപാട് നടത്തുവാൻ കഴിയുന്നു. ഇവ ഭൗതീക രേഖകളല്ല. ബാങ്ക് സുരക്ഷിതമായി ടോക്കണുകൾ കൈവശം വയ്ക്കുന്നു. സമയത്ത് തിരിച്ചടച്ചാൽ ടോക്കണുകൾ തിരികെ വാങ്ങുവാനും കഴിയുന്നു.



## എങ്ങനെ ഡിജിറ്റലൈസ് ചെയ്യാം

ആദ്യമായി ചെയ്യേണ്ടത് ഭൂമിയുടെ ഉടമസ്ഥാവകാശം കൃത്യമാണോയെന്ന് ഉറപ്പ് വരുത്തുകയെന്നതാണ്. നികുതിയടച്ചതിന്റെ രേഖകളും കൈവകാവകാശ രേഖകൾ പോലുള്ളവയും പരിശോധിച്ച് ഇത് ഉറപ്പ് വരുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. ഭൂമിയിൽ തിരുത്തലുകളോ മറ്റ് തർക്കങ്ങളോ ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഭൂരേഖയുടെ ഉടമസ്ഥാവകാശം കൃത്യമായ ഒരു Private Limited Company അല്ലെങ്കിൽ Trust- ലേക്ക് മാറ്റേണ്ടതുണ്ട്. ഈ Entity-യിലെ ഓഹരികളാണ് പിന്നീടുള്ള ടോക്കണുകൾ ആകുക. ഒപ്പം SEBI (Securities & Exchange Board of India) യുടെ നിയമങ്ങളും മനസ്സിലാക്കേണ്ടതുണ്ട്. തുടർന്നാണ് ഭൂമിയുടെ വിവരങ്ങൾ ഡിജിറ്റലായി മാറ്റേണ്ടത്. ഭൂമിയുടെ നിർദ്ദിഷ്ട വിവരങ്ങൾ ആയ ലാറ്റിറ്റ്യൂഡ്/ലോങിറ്റ്യൂഡ് (GPS co-ordinates), റവന്യു രേഖകൾ, സർവേ നമ്പറുകൾ, പട്ടയങ്ങൾ, ഭൂരേഖയുടെ സ്കാൻ, ഫോട്ടോ തുടങ്ങിയവയൊക്കെ Inter Planetary File System (IPFS) പോലുള്ള Decentralized storage-ൽ സുരക്ഷിതമായി സൂക്ഷിക്കാം.




ബ്ലോക്ക്ചെയിൻ & ടോക്കൺ തിരഞ്ഞെടുക്കുകയാണ് അടുത്തതായി ചെയ്യേണ്ടത്. ഭൂരേഖയുടെ ഉടമസ്ഥാവകാശം പ്രതിനിധീകരിക്കുന്ന ടോക്കൺ ഏത് ബ്ലോക്ക്ചെയിനിൽ വേണം എന്നത് തീരുമാനിക്കുക. Ethereum (ഏറ്റവും ജനപ്രിയമായ പ്ലാറ്റ്ഫോം). ERC-721 (NFT) അല്ലെങ്കിൽ ERC-1155 ടോക്കണുകൾ ഉപയോഗിച്ചാണ് ഇവിടെ ലാൻഡ് ടോക്കൺസ് സൃഷ്ടിക്കുന്നത്. Polygon (Matic) Ethereum-ൽ നിന്നുള്ള low- cost alternative. Binance Smart Chain (BSC) (Scalability & Cheaper and faster transactions.) Algorand (High-speed, low-cost, Used in projects for real-world asset tokenization), Tezos (Focus on compliance & formal verification, Preferred by projects looking for legally compliant land tokenization. Avalanche (Highly scalable, Subnetworks can be created - useful for region-specific land records) Cardano (Built for rteal-world use cases, Collaborated with governments (e.g., Ethiopia) for land registry.) ഇങ്ങനെ ഏതെങ്കിലും തിരഞ്ഞെടുക്കാം.

ടോക്കൺ ഒരു വ്യക്തിയുടെ ഡിജിറ്റൽ ഉടമസ്ഥാവകാശം ആയി ബ്ലോക്ക്ചെയ്നിൽ രജിസ്റ്റർ ചെയ്യുന്നു. തുടർന്ന് സ്മാർട്ട് കോൺട്രാക്റ്റ് എഴുതുകയാണ് ചെയ്യേണ്ടത്. ഭൂരേഖയുടെ ഉടമസ്ഥാവകാശം അതിലൂടെയാണ് കൈമാറുക. അതായത് ഇനി അതേ ഭൂപ്രദേശം മറ്റൊരാൾക്ക് വിൽക്കണമെങ്കിൽ, സ്മാർട്ട് കോൺട്രാക്റ്റ് ഉപയോഗിച്ച് automatic ആയി, record-accurate ആയി ട്രാൻസ്ഫർ ചെയ്യും. ഉദാഹരണമായി രമേശ് എന്ന വ്യക്തിക്ക് തൃശൂരിൽ 10 സെൻറ് ഭൂമി ഉണ്ടെന്ന് കരുതുക, അദ്ദേഹം തന്റെ ഭൂമിയുടെ ഡിജിറ്റൽ രേഖകൾ IPFS-ൽ (Inter Planetary File System) സൂക്ഷിച്ചിരിക്കുന്നു എന്നും ബ്ലോക്ക് ചെയിനിൽ സ്മാർട്ട് കോൺട്രാക്റ്റ് സെറ്റ് ചെയ്തിട്ടുണ്ട് എന്നും കരുതുക. അതായത് ഭൂമി ഇപ്പോൾ ഒരു നമ്പറുള്ള ലാൻഡ് ടോക്കൺ ആയി മാറിയിരിക്കുന്നു. ആ ലാൻഡ് ടോക്കൺ രമേശിന്റെ വിലാസത്തിൽ ആണ്. ഇനി ഇതേ 10 സെന്റ് ഭൂമി സുരേഷിന് വാങ്ങണമെന്ന് കരുതുക. സുരേഷ് ബാങ്ക് വഴിയോ ക്രിപ്റ്റോ വഴിയോ പണമയച്ചാൽ സ്മാർട്ട് കോൺട്രാക്റ്റ് സ്വയം പരിശോധിക്കും. ഉടമയുടെ അനുവാദമമുണ്ടോ, പണം വന്നോ എന്നൊക്കെ. എല്ലാം ശരിയാണെങ്കിൽ സ്മാർട്ട് കോൺട്രാക്റ്റ് സ്വയം ആ ലാൻഡ് ടോക്കൺ സുരേഷിന് ട്രാൻസ്ഫർ ചെയ്യും.

## ഗുണങ്ങളെന്തൊക്കെ

നന്ദൻ നിലേക്കനി പറയുന്നത് ഇതിന്റെ ഏറ്റവും വലിയ ഗുണമെന്നത് അൺലോക്കിങ്ങ് ക്രെഡിറ്റ് ആണെന്നാണ്. അതായത് ഭൂമി പണയം വെച്ചിട്ട് ലോൺ എടുക്കുന്ന പ്രക്രിയ വളരെ എളുപ്പത്തിൽ നടക്കുമെന്നർത്ഥം. വളരെ പെട്ടെന്ന് ഭൂമിയെ പണമാക്കി മാറ്റുവാൻ കഴിയുമെന്നർത്ഥം. അത്




പോലെ ഭൂമി വാങ്ങുമ്പോൾ എത്ര ചെറിയ ഫ്രാക്ഷനായിട്ടും വാങ്ങുവാൻ കഴിയും. അതായത് ചെറിയ തുക കൊണ്ട്

ഭമിയിൽ നിക്ഷേപം നടത്തുവാൻ കഴിയുമെന്നർത്ഥം. ലോകമാകെയുള്ള നിക്ഷേപകർക്ക് ഓൺലൈൻ വഴി ഭൂമി വാങ്ങാൻ കഴിയുന്ന സാഹചര്യം ഇതു മൂലമുണ്ടാകും. ഗ്രാമീണ ഇന്ത്യയെ സംബന്ധിച്ച് ധാരാളം

ഭൂമിയുള്ളവരുണ്ടാകും. എന്നാൽ അത് പണയം വെച്ച് ഒരു ലോൺ ലഭിക്കുന്ന സാഹചര്യം ഏറെ ബുദ്ധിമുട്ട് ആകുന്നിടത്ത് ഇത് സഹായകരമായി വന്നേക്കാം. പണയം മാത്രമല്ല വളരെ വേഗം ഭൂമി വിൽക്കുവാൻ കഴിയും.

മാത്രമല്ല സർക്കാരിനും ഈ രീതി ഏറെ സുതാര്യമായ ഒന്നാകും. ഓരോ സ്ഥലത്തേയും ലാൻഡ് ആരുടെ കൈവശമാണ്, എത്ര ടോക്കണുകൾ ആരുടെയൊക്കെ കൈവശമാണെന്നുള്ള ഡേറ്റാ ബേസ് കൈയ്യിലുള്ളത് നികുതി പിരിക്കുവാൻ ഏറെ സഹായകരമാകുന്നയൊന്നാണ്. നഗരാസൂത്രണം നടക്കുമ്പോൾ, വലിയ സർക്കാർ പ്രൊജക്റ്റുകളൊക്കെ വരുമ്പോഴാണ് ഇതിന്റെ ഗുണം കാണുവാൻ കഴിയുക. ഓരോ പ്രദേശത്തും എത്ര ഭൂമിയുണ്ട്. അതിന്റെ ഉടമസ്ഥത ആർക്കൊക്കെയാണ്, എത്ര രൂപ കൊടുത്ത് ആൾക്കാരെ ഒഴിപ്പിക്കേണ്ടി വരുമെന്നൊക്കെ വളരെയെളുപ്പത്തിൽ കണക്ക് കൂട്ടുവാൻ കഴിയും.

ബാങ്കുകൾക്ക് പുതിയ തരം റിസ്ക്-ഫ്രീ ലോൺ മോഡലുകൾ സ്ഥാപിക്കാം. ലോണുകൾ pre-approved smart contracts വഴി അനുവദിക്കും അതായത്, ഗുണഭോക്താവിന് കോഡ് എഴുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ വായ്പ ലഭിക്കും. ബാങ്ക് ഇനി ചെറുകിട വായ്പ നൽകുമ്പോൾ, ടോക്കണൈസ് ചെയ്ത ആസ്തികൾ (land tokens, invoice tokens, etc.) സ്വീകരിക്കും. അതിനാൽത്തന്നെ ഭൂമിയുള്ള ചെറുകിട സംരംഭകർക്ക് വായ്പയെടുക്കുന്നത് താരതമ്യേന എളുപ്പമായി മാറും.

## ബിസിനസ് അവസരങ്ങൾ

ലാൻഡ് ടോക്കണൈസേഷൻ വഴി കിട്ടുന്ന പ്രധാനമായ ബിസിനസ് അവസരങ്ങൾ നമുക്ക് വലിയ തോതിൽ ആണുള്ളത് tech മേഖലയിൽ, real estate, legal, even local governance വരെ. ലാൻഡ് ടോക്കണൈസേഷൻ (Land Tokenization) എന്നത് ഭൂമിയെ ബ്ലോക്ക്ചെയ്ൻ ടെക്നോളജിയുടെ സഹായത്തോടെ ഡിജിറ്റൽ ടോക്കണുകളായി മാറ്റുന്നതാണ്. ഈ ടോക്കണുകൾക്ക് ഉടമസ്ഥാവകാശം, വാടക, ലാഭവിഹിതം തുടങ്ങിയവയെ പ്രതിനിധീകരിക്കാൻ കഴിയും. ഇത് റിയൽ എസ്റ്റേറ്റ് മേഖലയിലൊരു വിപ്ലവം തന്നെ ആകുന്നു. ഒരാളിൽ നിന്നല്ല, പലരിൽ




നിന്ന് നിക്ഷേപം സ്വീകരിക്കാൻ കഴിയും. അതായത്, ചെറിയ നിക്ഷേപങ്ങൾ സ്വീകരിച്ച് വലിയ റിയൽ എസ്റ്റേറ്റ് ഡീൽ നടക്കാൻ ഇടവരുന്നു. ബിസിനസ് മോഡൽ പ്ലാറ്റ്ഫോം നിർമ്മിച്ച് ചെറിയ നിക്ഷേപകരെ റിയൽ എസ്റ്റേറ്റിലേക്ക് ആകർഷിക്കുവാൻ കഴിയും. ഇത് സ്റ്റോക്ക് മാർക്കറ്റ് പോലെ പ്രവർത്തിക്കും. ഒറ്റൊറ്റ ടോക്കണുകൾ പോലും വാങ്ങി വിറ്റ് ലാഭം ഉണ്ടാക്കുവാൻ കഴിയും.

ടോക്കണൈസേഷൻ പ്ലാറ്റ്ഫോമുകൾക്ക് വേണ്ട റിയൽ എസ്റ്റേറ്റ് ഡാറ്റാ അനലിറ്റിക്സ്, മാർക്കറ്റ് ട്രെൻഡുകൾ തുടങ്ങിയവയിലെ സേവനങ്ങൾ ഒരു ബിസിനസ്സ് ആയി ഉയർന്ന് വരാം. ടോക്കണൈസേഷനുമായി ബന്ധപ്പെട്ട നിയമപരമായ പിന്തുണ, due diligence, smart contract drafting തുടങ്ങിയ സേവനങ്ങൾ ഒരു ബിസിനസ്സ് ആയി മാറാം. റിയൽ എസ്റ്റേറ്റ് ടോക്കൺ പ്ലാറ്റ്ഫോമുകൾക്ക് വേണ്ട സാങ്കേതിക സേവനങ്ങൾ നൽകുന്ന സ്റ്റാർട്ടപ്പുകൾ മറ്റൊരു സാധ്യതയാണ്. ടോക്കണൈസ് ചെയ്യേണ്ടതെങ്ങനെയെന്ന് ഭൂമി ഉടമകൾക്കും റിയൽ എസ്റ്റേറ്റ് കമ്പനികൾക്കും മാർഗനിർദ്ദേശം നൽകുന്ന കൺസൾട്ടിങ്ങ് പരിഗണിക്കപ്പെടാവുന്ന ഒരവസരമാണ്. ബ്ലോക്ക് ചെയിൻ ഇന്റഗ്രേഷൻ, ഹോളിസ്റ്റിക് പ്ലാറ്റ്ഫോം തുടങ്ങിയവയൊക്കെ നൽകുന്ന നിരവധി സ്റ്റാർട്ടപ്പുകൾ ഏറെ ഉടലെടുക്കുവാൻ സാധ്യതയുണ്ട്.

## ആശങ്കകൾ

ഐ ഐ ടി മദ്രാസിലെ ഒരു അലുമിനിയും ബിസിനസ് മാഗ്നറ്റും ഇന്ത്യയിലെ മുൻനിര സോഫ്റ്റ് വെയർ കമ്പനിയായ സോഹോ കോർപ്പറേഷന്റെ സ്ഥാപകനും മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ശ്രീ. ശ്രീധർ വെമ്പു നന്ദൻ നിലേക്കനിയുടെ ലാൻഡ് ടോക്കണൈസേഷനെ വിമർശിച്ച് കൊണ്ട് രംഗത്തെത്തിയത് ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്. നന്ദൻ നിലേക്കനിയുടെ കാഴ്ചപ്പാട് ഇന്ത്യയുടെ ഭൂസ്വത്തിനെ സാമ്പത്തികമായി വിനിയോഗിക്കാവുന്ന രൂപത്തിൽ മാറ്റുക എന്നുള്ളതാണ്. നിലവിൽ ഇന്ത്യയിലെ ആസ്തികളുടെ 50% ഭൂമിയിലാണ്, എന്നാൽ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട അനിശ്ചിതത്വം കാരണം അത് വില്പനയ്ക്കോ വായ്പയ്ക്കോ ഉപയോഗിക്കാൻ കഴിയുന്നില്ലെന്ന് നിലേക്കനി പറയുന്നു. ബ്ലോക്ക്ചെയിനിൽ അടിസ്ഥാനമാക്കിയുള്ള ഭൂമിയുടമസ്ഥാവകാശ രേഖകൾ ഉപയോഗിച്ച് കൂടുതൽ വ്യക്തതയും, ഇടപാടുകളുടെ തെളിച്ചവും നൽകാനാകും എന്ന് അദ്ദേഹം വിശ്വസിക്കുന്നു. എന്നാൽ ശ്രീധർ വെമ്പു ഈ ആശയത്തെ 'Fundamental Axiom of Financialization" എന്നാണ് വിളിക്കുന്നത്. അതായത് ഓരോ ആസ്തിയും ലിക്വിഡ് ആക്കുന്നത് വളർച്ചയ്ക്ക് ഇടയാക്കുമെന്ന് കരുതുന്ന ഒരു അടിസ്ഥാന തത്വം. ഭൂപ്രകൃതിയെ ടോക്കൺ ആക്കിയാൽ

ഉടമസ്ഥാവകാശം ഡിജിറ്റൽ ആകും, അതിനായി കച്ചവടം സാധ്യമാകും, വായ്പയ്ക്കും ഉപ യോഗിക്കാം എന്നത് സത്യമാണ്. പക്ഷേ, ഇതിന്റെ പിന്നിൽ "ലാഭം മാത്രം നോക്കുന്ന സാമ്പത്തിക കളികൾ" നടക്കാനിടയുണ്ട്. എന്നതാണ് അദ്ദേഹ ത്തിന്റെ കാഴ്ചപ്പാട്. ഉടമസ്ഥരുടെ പിഴവിൽ നിന്ന് ഗ്രാമീണ ഇന്ത്യയുടെ ഭൂമി അവരിൽ നിന്ന് കോർപ്പറേറ്റുകളിലേക്ക് മാറ്റപ്പെടാനുള്ള സാധ്യതയെ അദ്ദേഹം ഭയപ്പെടുന്നുണ്ട്. അതായത് ഈ ലിക്വിഡിറ്റി വർദ്ധന, പ്രത്യേകിച്ച് സാമൂഹികമായി നിസ്സഹായരായ വ്യക്തികൾക്കിടയിൽ, ചൂഷണത്തിനും നഷ്ടങ്ങൾക്കും വഴി വെക്കാമെന്ന്. മദ്യപാനത്തിനും മറ്റ് ആസക്തി കൾക്കുമടിമപ്പെട്ട വ്യക്തികൾ തങ്ങളുടെ ഭൂമി താൽക്കാലിക ലാഭത്തിന് വേണ്ടി വിറ്റ് നശിപ്പിക്കുന്ന യൊരു സാഹചര്യം സംജാതമാവുകയും ഇത് ആദിവാസികളുടേയും മറ്റും ഭൂമി അവർക്ക് നഷ്ടപ്പെടു വാനുള്ള തലത്തിലേക്ക് കാര്യങ്ങളെത്തിക്കുകയും ചെയ്യുമെന്നാണ് അദ്ദേഹം പറയുന്നത്.

നന്ദൻ നിലേക്കനിയുടെ നിർദ്ദേശത്തിൽ, ഇന്ത്യയിലെ ലക്ഷക്കണക്കിന് ഭൂമിയുടമകൾക്ക് അവരുടെ ആസ്തികളുടെ മൂല്യം തുറന്ന് ഉപ യോഗിച്ച് ബിസിനസ്സുകൾ തുടങ്ങാനും, തൊഴില വസരങ്ങൾ സൃഷ്ടിക്കാനും, സാമ്പത്തിക നില മെച്ചപ്പെടുത്താനും കഴിയുന്ന ഒരു ആകർഷകമായ സമ്പദ്‌വ്യവസ്ഥയുടെ ദർശനമുണ്ട്. ഇന്ത്യയുടെ ഭൂമിസമ്പത്ത് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സാമ്പത്തിക ഉല്പാദനത്തിന് ഉപയോഗിക്കാ മെന്നതിനുള്ള ഒരു വിപ്ലവാത്മക സമീപനമാണിത്. പക്ഷേ, ശ്രീധർ വെമ്പുവിന്റെ മുന്നറിയിപ്പ് നമ്മെ ഓർമ്മിപ്പിക്കുന്നത് സാമ്പത്തിക ഉൾപ്പെടുത്തലി ലേക്കും നവീകരണത്തിലേക്കുള്ള യാത്ര വളരെ സൂക്ഷ്മമായി നിയന്ത്രിക്കപ്പെടേണ്ടതുണ്ടെന്നാണ്. അതു ചെയ്യാതിരുന്നാൽ, ഭൂമിയെ ലിക്വിഡ് ആസ്തിയാക്കി മാറ്റുന്ന പ്രക്രിയ, സമൂഹത്തിലെ നിസ്സഹായരായ വിഭാഗങ്ങളെ കൂടുതലായി അപകട സാധ്യതയിലാക്കാനിട വരും എന്ന് തന്നെയാണ്. ഈ ആശയം നടപ്പിലാക്കുമ്പോൾ അതിന്റെ സാമ്പ ത്തിക, സാമൂഹിക, നൈതിക മൂല്യങ്ങളിലുണ്ടാവുന്ന പ്രശ്നങ്ങളേയും അവഗണിക്കരുത് എന്നതാണ് ശ്രീധർ വെമ്പുവിന്റെ മുന്നറിയിപ്പ്. സാധുതകളെ ആശ്രയിച്ച് മുന്നോട്ട് പോകുമ്പോൾ, അപകട സാധ്യതകളും അതിനോടൊപ്പം പരിഗണിക്കേണ്ടത് അത്യാവശ്യമാണ്. മിതമായ സമീപനവും, ശക്തമായ നിയമരേഖകളും ഇല്ലാതെ നടപ്പിലാക്കിയാൽ, ഈ സാങ്കേതിക പരിഷ്കാരം നിസ്സഹായരെ അപ കടത്തിലാക്കാനും, ഭൂമിയുടെ ആസ്തിമൂല്യത്തെ വിപണിയിലെ വേറിട്ട ലാഭാർത്ഥികളികൾക്ക് ഇരയാക്കാനും സാധ്യതയുണ്ട്. അതിനാൽ, ടോക്കണൈസേഷൻ പോലുള്ള വലിയ മാറ്റങ്ങൾ, താത്വികവും പ്രായോഗികവുമായ സംവാദങ്ങൾക്കും വാസ്തവപരമായ പരിശോധനയ്ക്കും വിധേയ മാക്കണം. ശക്തമായ റെഗുലേറ്ററി പരിരക്ഷയും, ലഘുനിയമ സംവിധാനവും, പൊതുജന ബോധ വത്കരണവും ഉണ്ടായാലേ ഇത് സമുദായത്തിനും സംരംഭകർക്കും ഒരുപോലെ ഗുണകരമാകൂ. പുതുമയേയും പുരോഗതിയേയും ഒരേ സമയം സുസ്ഥിരതയോടെയും സഹാനുഭൂതിയോടെയും ചേർത്ത് ചിന്തിക്കുകയാണെങ്കിൽ, ലാൻഡ് ടോക്ക ണൈസേഷൻ ഇന്ത്യയുടെ വിപുലമായ ഭൗമസമ്പ ത്തിനെ ശരിക്കും പ്രവർത്തനക്ഷമമായ സാമ്പത്തിക ആസ്തിയാക്കി മാറ്റുവാൻ കാരണമാകും.





ഡോ. സുധീർ ബാബു

# വ്യത്യസ്തരാകുവാനും കൂടുതൽ പണം നേടാനും മൂന്ന് തന്ത്രങ്ങൾ

**സെൽഫ് സർവീസ്** (Self Service)

നിങ്ങൾ റെയിൽവേ സ്റ്റേഷനിൽ എത്തുന്നു. ടിക്കറ്റ് എടുക്കേണ്ടതുണ്ട്. ടിക്കറ്റ് കൗണ്ടറിൽ നല്ല തിരക്കുണ്ട്. ട്രെയിൻ ഇപ്പോഴെത്തും. ക്യൂ നിന്ന് ടിക്കറ്റ് എടുക്കുവാനുള്ള സമയമില്ല. നിങ്ങൾ നേരെ ഓട്ടോമാറ്റിക് ടിക്കറ്റ് വെന്റിംഗ് മെഷീനിന്റെ (ATVM) അരികിലേക്ക് ചെല്ലുന്നു. സ്വയം ടിക്കറ്റ് എടുക്കുന്നു. പ്ലാറ്റ്ഫോമിലേക്ക് പായുന്നു.

ഇവിടെ ആരും നിങ്ങളെ സഹായിക്കുന്നില്ല. നിങ്ങൾ തന്നെ ടിക്കറ്റ് എടുത്തു. ക്യൂ നിന്ന് വിലപ്പെട്ട സമയം പാഴായില്ല. റെയിൽവേയുടെ ഒരു ഉദ്യോഗസ്ഥനും നിങ്ങൾക്ക് ടിക്കറ്റ് നൽകാനായി സമയമോ ശ്രമമോ വിനിയോഗിച്ചില്ല. നിങ്ങൾക്കാവശ്യമുള്ളത് നിങ്ങൾ തന്നെ കണ്ടെത്തി. ഒരു എ ടി എമ്മിൽ നിന്നും പണമെടുക്കുന്നത് പോലെ നിസ്സാരമായി നിങ്ങളത് ചെയ്തു. പണമെടുക്കാൻ ബാങ്കിൽ പോകേണ്ട, ക്യൂ നിൽക്കേണ്ട നിങ്ങൾ സ്വയം സേവിക്കുന്നു, സ്വയം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു.

നിങ്ങളുടെ ബിസിനസിൽ പെട്ടെന്ന് സപ്ലയർക്ക് പണം നൽകണം. നിങ്ങൾ ചെക്ക് എഴുതി അതുമായി ബാങ്കിൽ ചെന്ന് സമയം കളയുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതേയില്ല. പകരം നിങ്ങൾ സപ്ലയർക്ക് പണം ഓൺലൈൻ ട്രാൻസ്ഫർ ചെയ്യുന്നു. ഇരുന്നിടത്തു നിന്ന് അനങ്ങാതെ നിങ്ങൾ ആ പണം നൽകിക്കഴിഞ്ഞു. കസ്റ്റമർക്ക് ബാങ്കിലേക്ക് വരാതെ തന്നെ ഇടപാടുകൾ നടത്താനുള്ള സൗകര്യം ബാങ്ക് ഒരുക്കിയിരിക്കുന്നു. രണ്ടു കൂട്ടർക്കും പണവും സമയവും ലാഭം.

ബിസിനസുകൾ തങ്ങളുടെ ഉപഭോക്താക്കളെ ശാക്തീകരിക്കുകയാണ് (Empowerment) സെൽഫ് സർവീസിലൂടെ ചെയ്യുന്നത്. ഉപഭോക്താക്കളെ അവരുടെ പ്രശ്നങ്ങൾക്ക് സ്വയം പരിഹാരം തേടാൻ പ്രാപ്തരാക്കുന്നു. ഇന്നിപ്പോൾ ഒരു ഉൽപ്പന്നം വാങ്ങിക്കുക എത്ര എളുപ്പമായിരിക്കുന്നു. വെബ്സൈറ്റിൽ കയറുക, ഉൽപ്പന്നം ഓർഡർ ചെയ്യുക, ഓൺലൈനായി പണം നൽകുക. നിമിഷങ്ങൾക്കുള്ളിൽ ഇടപാടുകൾ കഴിയുന്നു. ഉപഭോക്താവ് കൂടുതൽ സംതൃപ്തനും സന്തോഷവാനുമായിത്തീരുന്നു. ഉപഭോക്താവിനെ സ്വീകരിക്കുവാനും ഉൽപ്പന്നങ്ങളെക്കുറിച്ച് വിശദീകരിക്കുവാനും വിൽപ്പന നടത്തുവാനും ജീവനക്കാരുടെ ആവശ്യമില്ല. ഉപഭോക്താവ് തന്നെ ആവശ്യമുള്ളത് തിരഞ്ഞെടുക്കുന്നു, ഓർഡർ ചെയ്യുന്നു, പണമടക്കുന്നു. സാങ്കേതികതയുടെ (Technology) കാലഘട്ടത്തിൽ സെൽഫ് സർവീസ് (Self Service) ശക്തമായ ബിസിനസ് തന്ത്രമായി മാറുന്നു.

നിങ്ങൾ മാളിലെ ഫുഡ് കോർട്ടിൽ കയറുന്നു. മെനു നോക്കി ഭക്ഷണം തിരഞ്ഞെടുത്ത് ഓർഡർ ചെയ്യുന്നു, പണമടക്കുന്നു. നിങ്ങൾക്ക് ഒരു ടോക്കൺ (Token) ലഭിക്കുന്നു. അതുമായി നിങ്ങൾ കാത്തിരിക്കുന്നു. അതാ നിങ്ങളുടെ ഭക്ഷണം തയ്യാറായിക്കഴിഞ്ഞു. നിങ്ങൾ കൗണ്ടറിൽ പോയി ഭക്ഷണം എടുക്കുന്നു. ഇവിടെ നിങ്ങളെ സഹായിക്കുവാൻ ആരുമില്ല. നിങ്ങൾ തന്നെ ഭക്ഷണം എടുക്കണം. ഇത്തരം സെൽഫ് സർവീസ് നിങ്ങൾ തീർച്ചയായും അനുഭവിച്ചിട്ടുണ്ടാകും.

ബിസിനസിലെ പ്രക്രിയകൾ ഉപഭോക്താക്കൾക്ക് സ്വയം സേവിക്കുവാൻ സാധ്യമായ തരത്തിൽ ചിട്ടപ്പെടുത്തുവാൻ കഴിഞ്ഞാൽ ബിസിനസുകൾക്ക് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കും. സാങ്കേതിക വിദ്യയുടെ വളർച്ച ഇന്ന് ബിസിനസിൽ ഇത്തരം പ്രവൃത്തികളെ കൂടുതൽ എളുപ്പത്തിൽ ഉൾക്കൊള്ളിക്കുവാൻ സഹായിക്കുന്നു. ഒരു ബിസിനസിന് വെബ്സൈറ്റിൽ കൂടിയോ മൊബൈൽ ആപ്ലിക്കേഷൻ വഴിയോ വളരെ വേഗത്തിൽ ഉപഭോക്താക്കൾക്ക് സേവനങ്ങൾ നൽകുവാൻ സാധിക്കും. ഉപഭോക്താക്കൾ തന്നെ സ്വയം സേവിക്കുന്നു. ഇതുവഴി ബിസിനസുകൾ പണവും സമയവും ലാഭിക്കുന്നു. കൂടുതൽ ഉപഭോക്താക്കളെ കുറഞ്ഞ സമയം കൊണ്ട് സേവിക്കുവാൻ സാധിക്കുന്നു. ബിസിനസിലെ ലാഭം വർദ്ധിക്കുകയും ചെയ്യുന്നു.




സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക. ഉപഭോക്താക്കൾക്ക് സ്വയം ഇടപെടാൻ, സ്വയം സേവിക്കുവാൻ അവസരങ്ങൾ സൃഷ്ടിക്കുക. അവർ സ്വയം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തും. കാലം കടന്നുപോകവേ ബിസിനസിന്റെ കാര്യക്ഷമത കൂടും. ബിസിനസിന്റെ വിപുലീകരണത്തിന് സെൽഫ് സർവീസ് (Self Service) എന്ന തന്ത്രം ശക്തി പകരും.

### സബ്സ്ക്രിപ്ഷൻ മോഡൽ (Subscription Model)

സൗന്ദര്യം നിങ്ങൾക്ക് വളരെ പ്രധാനപ്പെട്ടതാണ്. മേക്കപ്പ് സാമഗ്രികൾ തിരഞ്ഞെടുക്കുവാനും വാങ്ങിക്കുവാനും നിങ്ങൾ ധാരാളം സമയവും പണവും ചെലവഴിക്കുകയും ചെയ്യുന്നു. എന്നാൽ യാതൊരു ബുദ്ധിമുട്ടുകളും കൂടാതെ മേക്കപ്പ് സാമഗ്രികൾ നിങ്ങളുടെ വീട്ടുപടിക്കൽ എത്തിയാലോ? അതിൽപ്പരം സന്തോഷം വേറെയുണ്ടോ?.

ബിർച്ച് ബോക്സ് (Birch Box) ആവശ്യമുള്ള മേക്കപ്പ് സാമഗ്രികൾ നിങ്ങളുടെ കൈകളിൽ എത്തിക്കും. മാസം ചെറിയൊരു തുക തുടർച്ചയായി മുടക്കി ബിർച്ച് ബോക്സിന്റെ വരിക്കാരനായാൽ (subscriber) മതി. ഇഷ്ടമുള്ള ബ്രാൻഡ് തിരഞ്ഞെടുക്കാം. ഒരു മാസം, മൂന്ന് മാസം, പന്ത്രണ്ട് മാസം തുടങ്ങിയ സബ്സ്ക്രിപ്ഷൻ പ്ലാനുകൾ ലഭ്യമാണ്. ഒരു ബ്രാൻഡിലും ആസക്തി തോന്നേണ്ടതില്ല. മികച്ചവ പരീക്ഷിക്കാം. തിരഞ്ഞെടുക്കാൻ കൈനിറയെ ബ്രാൻഡുകളുണ്ട്. പർച്ചേസിന്റെ മറ്റൊരു ആസ്വാദനതലവും ഇതിലൂടെ കണ്ടെത്താം.

ബിർച്ച് ബോക്സിന്റെ കാലടികൾ അതേപോലെ പിന്തുടർന്ന മറ്റു ബിസിനസുകളുണ്ട്. ഡോളർ ഷേവ് ക്ലബ് (Dollar Shave Club) വിവിധ രാജ്യങ്ങളിലുള്ള തങ്ങളുടെ ഉപഭോക്താക്കൾക്ക് റേസറുകൾ തുടർച്ചയായി അയച്ചു കൊടുക്കുന്നു. ബ്ലൂ ഏപ്രൺ (Blue Apron) ദിവസവും മൂന്നരലക്ഷം ഭക്ഷണപ്പൊതികൾ ഉപഭോക്താക്കൾക്ക് എത്തിച്ചു നൽകുന്നു. സബ്സ്ക്രിപ്ഷൻ മോഡൽ (Subscription Model) കൃത്യമായ, സുരക്ഷിതമായ വരുമാനം ബിസിനസുകൾക്ക് ഉറപ്പു വരുത്തുന്നു.

നിങ്ങളുടെ ബിസിനസിന് ഒരു സോഫ്റ്റ്‌വെയർ വേണം. എന്നാൽ മുഴുവൻ വില കൊടുത്ത് അത് വാങ്ങി ഉപയോഗിക്കുവാനുള്ള സാമ്പത്തിക സ്ഥിതി നിങ്ങൾക്കില്ല. ബിസിനസിന്റെ പ്രവർത്തനങ്ങൾക്ക് അത് അനിവാര്യമാണ് താനും. എന്തുചെയ്യും? അതെ നിങ്ങളെ സഹായിക്കാൻ സോഫ്റ്റ്‌വെയർ കമ്പനികൾ തയ്യാറാണ്. അവരുടെ സോഫ്റ്റ്‌വെയർ വരിക്കാരനായാൽ മാത്രം മതി. മാസം ചെറിയൊരു തുക ചെലവഴിക്കുക. സോഫ്റ്റ്‌വെയർ ഉപയോഗിക്കുക. അത് വാങ്ങാൻ തുക ഒരുമിച്ച് മുടക്കേണ്ടതില്ല. എന്നാൽ നിങ്ങളുടെ ആവശ്യം സാധിക്കുകയും ചെയ്യും.

ഒരൊറ്റ തവണ മാത്രം വാങ്ങുന്ന ഉപഭോക്താക്കളെയല്ല സബ്സ്ക്രിപ്ഷൻ മോഡൽ ലക്ഷ്യം വെയ്ക്കുന്നത്. ഉപഭോക്താക്കളെ തുടർച്ചയായി ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുകയാണ് ഈ തന്ത്രത്തിലൂടെ നടപ്പിലാക്കുന്നത്. സബ്സ്ക്രിപ്ഷൻ മോഡൽ നിരന്തരമായ ഉപയോഗം ഉറപ്പു വരുത്തുന്നു. ദീർഘകാലത്തേക്കുള്ള വരുമാനം കൂടി ഇതിലൂടെ ലഭ്യമാകുന്നു.

നിങ്ങൾക്ക് സിനിമ ഇഷ്ടമാണ്. ധാരാളം സിനിമകൾ നിങ്ങൾ കാണുന്നു. അതിനായി പണം മുടക്കുന്നു. മാസം നല്ലൊരു തുക തന്നെ ഇതിനായി ചെലവാകുന്നു. എന്നാൽ ഓരോ സിനിമയ്ക്കും പണം മുടക്കുന്നതിന് പകരം സിനിമ നിരന്തരം കാണാൻ സാധ്യമാകുന്ന ഒരു പ്ലാറ്റ്ഫോം വാടകക്കെടുത്താലോ? ചെറിയൊരു തുക മുടക്കിയാൽ മതി. വ്യത്യസ്ത ഭാഷകളിലെ എത്ര സിനിമ വേണമെങ്കിലും കാണാം. പുതിയതായി ഇറങ്ങുന്ന ചിത്രങ്ങൾ ചൂടോടെ ആസ്വദിക്കാം. ഇത്തരമൊരു ഓഫർ എങ്ങിനെ ആകർഷിക്കാതിരിക്കും. നിങ്ങൾ നെറ്റ്ഫ്ലിക്സിന്റെയോ (Netflix) ആമസോൺ പ്രൈമിന്റെയോ (Amazon Prime) സബ്സ്ക്രിപ്ഷൻ എടുക്കുന്നു. അവയുടെ ദീർഘകാല വരിക്കാരനായി മാറുന്നു.

നിങ്ങൾക്ക് കാർ ആവശ്യമുള്ളപ്പോൾ മാസ വരിക്ക് (Monthly Subscription) കാർ ലഭ്യമായാലോ? അല്ലെങ്കിലൊരു ഫ്ളൈറ്റ് ആയാലോ? തമാശയല്ല സബ്സ്ക്രിപ്ഷൻ മോഡൽ (Subscription Model) മറ്റ് മേഖലകളിലേക്കും കടന്നു വരികയാണ്. നിങ്ങളുടെ ബിസിനസിലും ഇത് പ്രാവർത്തികമാക്കുവാൻ സാധിക്കുമോ? ചിന്തിക്കുന്നതിൽ തെറ്റില്ല. ഉപഭോക്താക്കൾ നിങ്ങളെ ദീർഘകാലം ആശ്രയിക്കും, തുടർച്ചയായ വരുമാനം ലഭ്യമാകും. ഉൽപ്പന്നമാവട്ടെ സേവനമാവട്ടെ സബ്സ്ക്രിപ്ഷൻ മോഡൽ പരീക്ഷിക്കാം. ബിസിനസിനെ മറ്റൊരു തലത്തിലേക്ക് മാറ്റുവാൻ ഈ തന്ത്രത്തിന് സാധിക്കും.



## പ്രീമിയമൈസേഷൻ (Premiumisation)

ആർട്ടിസനൽ ഭക്ഷണം (Artisanal Foods) വിളമ്പുന്ന റസ്റ്റോറന്റുകൾ നിങ്ങൾ കണ്ടിരിക്കാം. അതായത് വളരെ കുറഞ്ഞ അളവിൽ അതീവ ശ്രദ്ധയോടെ മികച്ച ഗുണമേന്മയോടെ കൃഷി ചെയ്തെടുക്കുന്ന വയെയാണ് Artisanal Foods എന്ന് വിളിക്കുന്നത്. ചില വിശിഷ്ടങ്ങളായ ഇടങ്ങളിൽ പ്രത്യേക പരിസ്ഥിതി കളിൽ കൃഷി ചെയ്യുന്ന ഇത്തരം ഉൽപ്പന്നങ്ങൾ അപൂർവ്വങ്ങളാണ്. അതുകൊണ്ടുതന്നെ ഇവയ്ക്ക് പ്രീമിയം വിലയുമാണ് റസ്റ്റോറന്റുകൾ ഈടാക്കുന്നത്.

ബാഗ്രിസ് (Bagrry's) ഓട്സ് (Oats) വിപണിയിൽ ഇറക്കാൻ ആലോചിക്കുന്നു. വിപണി ആകെ താറുമാറായി കിടക്കുകയാണ്. ധാരാളം എതി രാളികൾ, ധാരാളം ഉൽപ്പന്നങ്ങൾ, മത്സരം വളരെ കടുപ്പമേറിയതാണ്. സാധാരണ ഓട്സുമായി വിപ ണിയിലേക്കിറങ്ങിയാൽ നിലം തൊടില്ല. അതുകൊണ്ട് അവർ കളി മാറ്റാൻ തീരുമാനിച്ചു. വിലകൂടിയ ചില സുഗന്ധവ്യഞ്ജനങ്ങളും (Spices) ഒലിവ് ഓയിലും അവർ തങ്ങളുടെ ഓട്സിനൊപ്പം കൂട്ടിച്ചേർത്തു. സാധാരണ ഓട്സിൻറെ വിലയുടെ ഇരട്ടിയാണ് ഈ ഉൽപ്പന്നത്തിൻറെ വില. പ്രീമിയം വിലയുമായി വന്ന വ്യത്യസ്തമായ ഈ ഉൽപ്പന്നം വിപണിയിൽ ഹിറ്റായി മാറി.

ഉയർന്ന ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾക്ക് പ്രീമിയം വില നൽകാൻ ഉപഭോക്താക്കൾ തയ്യാറാകും. സാധാരണ നിലവാരം പുലർത്തുന്ന ഉൽപ്പന്നങ്ങൾക്ക് കുറഞ്ഞ വില ഈടാക്കുന്ന കൊമോഡറ്റൈസേഷൻറെ (Commoditization) നേരെ വിപ രീതമാണ് ഈ തന്ത്രം. ഇവിടെ ഉൽപ്പന്നത്തിൻറെ മേന്മ (Qulaity) സമാനതകളില്ലാത്തതാണ്. മേന്മയിൽ അതീവ താൽപ്പര്യം പുലർത്തുന്ന ഉപഭോക്താക്കൾ ഉയർന്ന വില നൽകാൻ തയ്യാറാകുന്നു. പ്രീമിയമൈസേഷൻ (Premiumisation) വിപണിയിലെ മത്സരത്തെ മറികടക്കുവാൻ ബിസിനസുകൾക്ക് വഴിയൊരുക്കുന്നു.

Zandu എന്ന ബ്രാൻഡിന്റെ പതിവ് ചവന പ്രാശത്തിന്റെ വില 250 രൂപയാണ്. അവരുടെ Sona Chandi ചവനപ്രാശത്തിന്റെ വില 340 രൂപയും. പതിവ് ചവനപ്രാശത്തെക്കാൾ അൽപ്പം കൂടുതൽ. കാരണം അതിൽ 32 മില്ലിഗ്രാം സിൽവർ ഫോയിലും 0.06 മില്ലിഗ്രാം സ്വർണ്ണവും അടങ്ങിയിരിക്കുന്നു. എന്നാൽ അവരുടെ തന്നെ മറ്റൊരു ചവനപ്രാശമാണ് Zandu Kesari Jivan അതിന്റെ വില 740 രൂപയാകുന്നു. മറ്റുള്ളവയെക്കാൾ ഇരട്ടിയിൽ കൂടുതൽ. കാരണമെന്താണെന്നോ അതിൽ 0.2 ഗ്രാം കുങ്കുമ പ്പൂവും (Saffron) 0.1 ഗ്രാം ഏലക്കയും ചേർത്തിരിക്കുന്നു. സാധാരണ ചവനപ്രാശത്തിന്റെ കൂടെ ചില




ആകർഷകങ്ങളായ ചേരുവകൾ (Ingredients) കൂട്ടിച്ചേർത്തപ്പോൾ അത് പ്രീമിയം ഉൽപ്പന്നമായി മാറി, ഒപ്പം പ്രീമിയം വിലയും.

വിപണിയിൽ ഒരു പ്രത്യേക ബ്രാൻഡിന്റെ 100000 കാറുകൾക്ക് ഡിമാൻഡ് ഉണ്ടെന്ന് കരുതുക. അവർ 10000 എണ്ണം മാത്രം ഉൽപ്പാദിപ്പിക്കുകയും പ്രീമിയം വില ഈടാക്കിക്കൊണ്ട് വിപണിയിലേക്കിറക്കുകയും ചെയ്യുന്നു. ഇവിടെ ഉപഭോക്താവിന്റെ ആവശ്യകതയെ ബുദ്ധിപരമായി ഉപയോഗിച്ചു കൊണ്ട് ഉയർന്ന വില ചുമത്തുവാൻ കമ്പനിക്ക് സാധിക്കുന്നു. പ്രീമിയ മൈസേഷൻ അവസരങ്ങൾ അനുസരിച്ചും നടപ്പിൽ വരുത്താൻ കഴിയുന്നു.

ചില സ്ഥലങ്ങൾ (Locations) തന്നെ പ്രീമിയ മൈസേഷന് സഹായകരമാകും. ഒരു ആഡംബര (Posh) ലൊക്കേഷനിലുള്ള ബിസിനസിനോടുള്ള ഉപ ഭോക്താക്കളുടെ സമീപനം വ്യത്യസ്തമായിരിക്കും. അവിടെ നിന്നും വാങ്ങുന്ന ഉൽപ്പന്നങ്ങൾക്ക് ഉയർന്ന ഗുണമേന്മ അവർ പ്രതീക്ഷിക്കുന്നു. അതിനൊപ്പം തന്നെ പ്രീമിയം വില നൽകാനും അവർ തയ്യാറാകുന്നു. അത്തരമൊരു ലൊക്കേഷനിൽ സ്ഥിതിചെയ്യുന്ന ബിസിനസുകൾക്കും ബ്രാൻഡു കൾക്കും ഒരു പ്രീമിയം പരിവേഷം ലഭിക്കുന്നു.

പ്രശസ്തനായ ഒരു ഫാഷൻ ഡിസൈനർ ഡിസൈൻ ചെയ്ത ഡ്രസ്സ് ഒരിക്കലും കുറഞ്ഞ വിലയ്ക്ക് വിൽക്കപ്പെടുന്നില്ല. ആ വസ്ത്രത്തിന്റെ മേന്മയ്ക്കും ഡിസൈനും ഉപഭോക്താക്കൾ വലിയ മൂല്യം കൽപ്പിക്കുന്നു. പ്രീമിയം വില ഈടാക്കാൻ ഇത് ആ ഫാഷൻ ഡിസൈനറെ സഹായിക്കുന്നു. ഉൽപ്പന്നത്തിൻറെ മേന്മ (Qulaity) ഉയർത്തുക അതിനൊപ്പം വിലയും. നിങ്ങളുടെ ഉൽപ്പന്നം മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാവട്ടെ.

റിഷിക നാരായൺ

# ഡ്രഗ്സ് കൺട്രോൾ



## ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റും സംരംഭകരും

ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് (Drugs Control Department) എന്നത് ഔഷധങ്ങളുടെ ഗുണനിലവാരം, സുരക്ഷ, ഫലപ്രാപ്തി എന്നിവ ഉറപ്പാക്കുന്നതിനായി പ്രവർത്തിക്കുന്ന ഒരു സർക്കാർ ഏജൻസിയാണ്. ഇത് മരുന്നുകൾ, കോസ്മെറ്റിക്സ് എന്നിവയുടെ ഉത്പാദനവും വിതരണവും ചെയ്യുന്ന മേഖലയിലെ നിയന്ത്രണങ്ങളും നിയമവും പാലിപ്പിക്കാൻ ബാധ്യസ്ഥമായ ഒരു സർക്കാർ വകുപ്പാണ്. ഈ ഡിപ്പാർട്ട്മെൻറ് പൊതുജനങ്ങൾക്ക് സുരക്ഷിതവും ഗുണമേൻമയുമുള്ള മരുന്നുകൾ ലഭ്യമാക്കാൻ, നിയമസഹിതമായ നടപടികൾ നടപ്പിലാക്കാൻ പ്രവർത്തിക്കുന്നു. ഔഷധങ്ങളുടേയും കോസ്മെറ്റിക് ഉൽപ്പന്നങ്ങളുടേയും നിർമ്മാണത്തിലും വിപണനത്തിലുമേർപ്പെട്ടിരിക്കുന്ന സംരംഭകർ ഡിപ്പാർട്ടമെന്റിന്റെ പൊതുവായ നിയമങ്ങൾ പാലിക്കേണ്ടതാണ്.

## ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ പ്രാധാന്യം:

1. പൊതുജനാരോഗ്യ സംരക്ഷണം: ഔഷധങ്ങളുടെ ഗുണനിലവാരവും സുരക്ഷയും ഉറപ്പാക്കുന്നതിലൂടെ, പൊതുജനാരോഗ്യം സംരക്ഷിക്കുന്നു.

Government of Kerala
DRUGS CONTROL DEPARTMENT
www.dc.kerala.gov.in

2. നിയമ പാലനം: ഔഷധ നിയമങ്ങൾ പാലിപ്പിക്കുന്നതിലൂടെ, അനധികൃത ഔഷധ ഉൽപ്പാദനവും വിതരണവും തടയുന്നു.

3. അപകടം തടയൽ: അസുരക്ഷിതവും നിലവാരമില്ലാത്തതുമായ ഔഷധങ്ങളുടെ ഉപയോഗം തടയുന്നതിലൂടെ, ആരോഗ്യപരമായ അപകടങ്ങൾ ഒഴിവാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ സമൂഹ നന്മക്കായി പ്രവർത്തിക്കുന്ന ഒരു സർക്കാർ സ്ഥാപനമാണിത്.

## ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ പ്രധാന ധർമ്മങ്ങളും പ്രവർത്തനങ്ങളും.

1. ലൈസൻസിംഗ്: ഔഷധ ഉൽപ്പാദനശാലകൾ, വിതരണക്കാർ, ഫാർമസികൾ എന്നിവയ്ക്ക് ലൈസൻസ് നൽകുകയും അവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുക.



മരുന്നുകളുടെ (അലോപ്പതി/വെറ്ററിനറി) നിർമ്മാണത്തിന് 5 വർഷത്തേക്കുള്ള ഫീസ് 7500 രൂപയാണ്. ഒരു ഡോർ നമ്പറിനാണ് ഒരു ലൈസൻസ് അനുവദിക്കുക.

## കോസ്മെറ്റിക് ലൈസൻസ്

മരുന്നുകളുടെ നിർമ്മാണത്തിന് മാത്രമല്ല കോസ്മറ്റിക് അഥവാ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിനും ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ ലൈസൻസ് എടുക്കേണ്ടതാണ്. അതായത് കോസ്മെറ്റിക് സാധനങ്ങളായ സോപ്പ്, സ്കിൻ ക്രീം, ബോഡി ലോഷൻ, ഫെയ്സ് വാഷ്, ഫെയ്സ് പായ്ക്ക്, ഹെയർ ഓയിൽ തുടങ്ങിയവയുടെയൊക്കെ ഉൽപ്പാദനത്തിനും ലൈസൻസ് എടുക്കേണ്ടതാണ് എന്നർത്ഥം. ഫ്ളോർ ക്ലീനർ ഉൽപ്പാദിപ്പിക്കുന്നവർ അതിൽ ജെംസിനെ നശിപ്പിക്കുന്നു, Disinfectant എന്നീ വാക്കുകൾ ഉപയോഗിക്കുന്നുവെങ്കിൽ ലൈസൻസ് എടുക്കേണ്ടതാണ്. കോസ്മറ്റിക് സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നവർക്ക് അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുവാൻ പ്രത്യേകം സ്ഥലം വേണ്ടതാണ്. ടോയ്ലറ്റ് സോപ്പ് നിർമ്മിക്കുന്നവർക്ക് ഉൽപ്പാദനത്തിനായി കുറഞ്ഞത് 100 $m^2$ സ്ഥലം ആവശ്യമാണ്. സ്കിൻ ക്രീം, ഷാമ്പൂ, ഹെയർ ഓയിൽ, ഫെയ്സ് വാഷ്, ഹാൻഡ് വാഷ് തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്നവർക്ക് ഓരോന്നിനും കുറഞ്ഞത് 25 $m^2$ സ്ഥലം ആവശ്യമാണ്. ഫെയ്സ് വാഷ്, ഫെയ്സ് പൌഡർ, ഹെയർ ഡൈ

2. ഔഷധ ഉൽപ്പാദന ശാലകളുടെ പരിശോധന: ഔഷധ ഉൽപ്പാദന ശാലകളുടെ പരിശോധന നടത്തി, അവ നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമാണെന്ന് ഉറപ്പാക്കുകയും ഔഷധ ഉൽപ്പാദനം, വിതരണം, വിൽപ്പന എന്നിവ നിയന്ത്രിക്കുകയും ചെയ്യുക.
3. ഗുണനിലവാര പരിശോധന: ഔഷധങ്ങളുടെ ഗുണനിലവാരം പരിശോധിക്കുകയും അവ സുരക്ഷിതവും ഫലപ്രാപ്തിയുള്ളതുമാണെന്ന് ഉറപ്പാക്കുകയും ചെയ്യുക.
4. നിയമ പാലനം: ഔഷധ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും നിയമലംഘനങ്ങൾക്കെതിരെ നടപടി എടുക്കുകയും ചെയ്യുക.
5. പൊതുജന ബോധവൽക്കരണം: ഔഷധങ്ങളുടെ ശരിയായ ഉപയോഗം, സുരക്ഷ, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക.

## ലൈസൻസ് സംബന്ധിയായ വിവരങ്ങൾ

(അലോപ്പതി/വെറ്ററിനറി) മരുന്നുകളുടെ നിർമ്മാണത്തിനും അവയുടെ വിൽപ്പനക്കും കോസ്മെറ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും ഡിപ്പാർട്ട്മെന്റിന്റെ ലൈസൻസ് എടുക്കേണ്ടതുണ്ട്.



എന്നിവക്ക് ഓരോന്നിനും കുറഞ്ഞത് 15 m² സ്ഥലം ആവശ്യമാണ്. ഉൽപ്പാദനത്തിന് ശേഷം ഉൽപ്പന്നങ്ങളുടെ ഗുണ നിലവാര പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്നത് വരെ ഉൽപ്പന്നങ്ങൾ Quarantine ചെയ്യുവാൻ പ്രത്യേക സ്ഥലം ആവശ്യമാണ്. മാത്രമല്ല പാക്കിങ്ങിനും ലേബൽ ചെയ്യുവാനും പ്രത്യേകം പ്രത്യേകം സ്ഥലം ആവശ്യമാണ്. ഒപ്പം ഉൽപ്പന്നങ്ങൾ സൂക്ഷിക്കുവാനും പ്രത്യേക സ്ഥലം ആവശ്യമാണ്. എന്നാൽ ഇത് എത്ര മാത്രം ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നില്ല.

## എത്രയാണ് ഫീസ്

കോസ്മറ്റിക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നവർക്ക് 5 വർഷത്തേക്ക് 10000 രൂപയാണ് ഫീസായി അടക്കേണ്ടത്. ഓരോ കാറ്റഗറിക്കുമാണ് 10000 രൂപ. ഇതിൽ 10 ഉൽപ്പന്നങ്ങൾ വരെ നിർമ്മിക്കുവാൻ സാധിക്കും. പിന്നീട് വരുന്ന ഓരോന്നിനും പ്രത്യേകം ഫീസ് നൽകേണ്ടതാണ്.

## എങ്ങനെ ലൈസൻസ് എടുക്കാം

https://statedrugs.gov.in/SFDA/Homepage എന്ന സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കുവാൻ കഴിയും.

## എന്തൊക്കെ ആവശ്യമാണ്

* ഫോം COS 5 ൽ ഉള്ള അപേക്ഷ
* ഫീസ് അടച്ചതിന്റെ വിവരങ്ങൾ
* ഫോട്ടോ
* സ്ഥാപനത്തിന്റെ ഉടമസ്ഥതാ സംബന്ധിയായ വിവരങ്ങൾ
* കമ്പനിയോ, പാർടണർഷിപ്പോ ആണെങ്കിൽ മാനേജിങ്ങ് ഡയറക്ടറോ, മാനേജിങ്ങ് പാർട്ണറോ ആരാണ് എന്നുള്ളത്.
* സൈറ്റ് പ്ലാനും ലേ ഔട്ടും (ഏരിയ അടയാളപ്പെടുത്തിയത്)
* സ്ഥലത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, വാടകക്കാണെങ്കിൽ വാടക കരാർ
* ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടേയും ഉപയോഗിക്കുന്ന യന്ത്രങ്ങളുടേയും ലിസ്റ്റ്
* ടെക്നിക്കൽ സ്റ്റാഫിന്റെ ലിസ്റ്റും അവരുടെ വിദ്യാഭ്യാസ യോഗ്യതയും പരിചയവും
* ഉൽപ്പാദന പ്രക്രിയയെപ്പറ്റിയുള്ള വിവരങ്ങൾ (Flow Chart is included)
* മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി പത്രം
* ഫയർ ആൻഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അനുമതി പത്രം



കോസ്മെറ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്ക് ഒരു മാനുഫാക്ചറിങ്ങ് കെമിസ്റ്റും ഒരു ടെസ്റ്റിങ്ങ് കെമിസ്റ്റും ആവശ്യമാണ്. ബി എസ് സി കെമിസ്ട്രിയോ, ബി എസ് സി കോസ്മെറ്റിക് ടെക്നോളജിയോ ഡി ഫാം യോഗ്യതയോ ഉണ്ടാവണം മാനുഫാക്ചറിങ്ങ് കെമിസ്റ്റിന്. സമാന യോഗ്യത തന്നെയാണ് ടെസ്റ്റിങ്ങ് കെമിസ്റ്റിനും വേണ്ടത്. പ്ലസ് ടുവിനോ പ്രീ ഡിഗ്രിക്കോ കെമിസ്ട്രി പഠിച്ചവരെയും പരിഗണിക്കുന്നതാണ്. ലൈസൻസിന് അപേക്ഷിക്കുമ്പോൾ കെമിസ്റ്റിൻറെ യോഗ്യത തെളിയിക്കേണ്ടതുണ്ട്. സ്വന്തമായി ടെസ്റ്റിങ്ങ് കെമിസ്റ്റ് ഇല്ലായെങ്കിൽ സർക്കാർ അംഗീകൃത ലാബുകളെ ടെസ്റ്റിങ്ങ് കെമിസ്റ്റ് ആയിട്ട് ചേർത്ത് അംഗീകാരം വാങ്ങാവുന്നതാണ്.

മതിയായ ലൈസൻസ് ഇല്ലാതെ മരുന്നുകളോ കോസ്മെറ്റിക് സാധനങ്ങളോ ഉൽപ്പാദിപ്പിക്കുന്നത് 3 മുതൽ 5 വർഷം വരെ തടവ് കിട്ടാവുന്ന കുറ്റവും പിടിച്ചെടുക്കപ്പെടുന്ന സാധനങ്ങളുടെ മൂന്നിരട്ടിയോ ഒരു ലക്ഷം രൂപയോ ഇതിൽ ഏതാണോ കൂടുതൽ അത്രയും പിഴയും കിട്ടാവുന്ന കുറ്റമാണ്.

## ട്രേഡ് ലൈസൻസ്

ഉൽപ്പാദനത്തിന് മാത്രമല്ല മരുന്നുകൾ വിൽക്കുന്നതിനും ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ കോസ്മെറ്റിക് ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ലൈസൻസ് ആവശ്യമില്ല. മെഡിക്കൽ സ്റ്റോറുകൾ നടത്തുവാനും ആശുപത്രികളിലെ ഫാർമസികൾ നടത്തുവാനും ലൈസൻസ് ആവശ്യമാണ്. പ്രൊപ്രൈറ്ററി,




പാർട്ണർഷിപ്പ്, കമ്പനി, സൊസൈറ്റി, ട്രസ്റ്റ് ഇങ്ങനെ ഏത് രൂപത്തിലുള്ള സംരംഭങ്ങൾക്കും ലൈസൻസ് എടുക്കാം. എന്നാൽ ഒരു വ്യക്തിയുടെ പേരിൽ ആയിരിക്കും ലൈസൻസ് അനുവദിക്കപ്പെടുക. ഒരു ഡോർ നമ്പറിന് ഒരു ലൈസൻസ് ആണ് അനുവദിക്കുന്നത്.

## എത്രയാണ് ഫീസ്

5 വർഷത്തേക്ക് 3000 രൂപയാണ് ഫീസ്

## മറ്റു നിബന്ധനങ്ങൾ

കുറഞ്ഞത് ഡി ഫാം യോഗ്യതയുള്ള ഒരു ഫാർമസിസ്റ്റ് ടെക്നിക്കൽ പേഴ്സൺ എന്ന നിലയിൽ സ്ഥാപനത്തിലുണ്ടാവണം. ആ വ്യക്തിയുടെ പേരും ലൈസൻസിൽ ഉണ്ടാവും. അദ്ദേഹം ഒരു ഡിക്ലറേഷനിൽ ഒപ്പിടേണ്ടതുണ്ട്. ടെക്നിക്കൽ പേഴ്സൺ മാറുന്ന പക്ഷം ഡിപ്പാർട്ട്മെൻറിൽ അറിയിച്ച് ലൈസൻസിൽ പുതിയ ആളുടെ പേര് ചേർക്കേണ്ടതാണ്. ഇതിന് 500 രൂപയാവും ഫീസ്. റിട്ടെയിൽ സ്ഥാപനങ്ങളാണ് എങ്കിൽ കുറഞ്ഞത് 10 m 2 സ്ഥലം ആവശ്യമാണ്. പ്രത്യേകം കറന്റ് കണക്ഷൻ ഉണ്ടാവണം. സ്ഥാപനം ഒറ്റ നിലയിൽ ആണ് പ്രവർത്തിക്കുന്നതെങ്കിൽ Falls Ceiling അല്ലെങ്കിൽ Truss Work ചെയ്യതോ ആവേണ്ടതുണ്ട്. റെഫ്രിജറേറ്റർ ഉണ്ടാവണം. ഗ്ലാസ്, തടി എന്നിവയിൽ നിർമ്മിച്ച അടപ്പുള്ള Cup Board കളുണ്ടായിരിക്കുകയും ഇതിന്റെ അളവു കുറഞ്ഞത് 1.5 m 3 ആയിരിക്കുകയും വേണം. സി സി ടി വി സിസ്റ്റം നിർബന്ധമമായി ഉണ്ടായിരിക്കേണ്ടതാണ്. Whole Sale സ്ഥാപന ങ്ങളായാലും കുറഞ്ഞത് 10 m 2 സ്ഥലം വേണ്ടതുണ്ട്. ഒരേ സ്ഥാപനത്തിൽ Whole Sale, റീട്ടെയിൽ എന്നിവ ഒരുമിച്ച് നടത്തുന്നുവെങ്കിൽ കുറഞ്ഞത് 15 m 2 സ്ഥലം വേണ്ടതുണ്ട്. സ്ഥാപനം എയർ കണ്ടീഷണ്ട് (A/c) ആവണം. ഇതിനും 5 വർഷത്തേക്ക് 3000 രൂപ യായിരിക്കും ഫീസ് വരുന്നത്. ഒരു രെജിസ്റ്റേർഡ് ഫാർമസിസ്റ്റോ ഡിപ്പാർട്ടമെന്റിന്റെ അനുമതിയുള്ള Competent Person ണോ സ്ഥാപനത്തിലുണ്ടാവണം.

## എങ്ങനെ ലൈസൻസ് എടുക്കാം

https://statedrugs.gov.in/SFDA/Homepage എന്ന സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കുവാൻ കഴിയും.

## എന്തൊക്കെ രേഖകൾ ആവശ്യമാണ്

* അപേക്ഷ
* ഫീസ് അടച്ചതിൻറെ വിവരങ്ങൾ
* അപേക്ഷകന്റെ വിവരങ്ങൾ
* ഫോട്ടോ
* ആധാർ കാർഡ്
* പാൻ കാർഡ്
* കെട്ടിടത്തിന്റെ ഓണർഷിപ്പ് സർട്ടിഫിക്കറ്റ്
* വാടകക്കോ, ലീസിനോ ആണെങ്കിൽ അതിൻറെ കരാർ
* ജൻ ഔഷധി സ്ഥാപനങ്ങളാണെങ്കിൽ Pharmaceutical and Medical Device Bureau of India (PBMI) യിൽ നിന്നുള്ള അനുമതി പത്രം
* കറന്റ് ബില്ലിന്റെ പകർപ്പ്
* ബിൽഡിങ്ങ് പ്ലാൻ
* റെഫ്രിജറേറ്റർ വാങ്ങിയതിന്റെ ബിൽ
* ഫാർമസി കൗൺസിലിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൂടാതെ ഫാർമസിസ്റ്റിനെ സംബന്ധിച്ച താഴെപ്പറയുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്.
* ഫോട്ടോ
* എസ് എസ് എൽ സി സർട്ടിഫിക്കറ്റ്
* പ്ലസ് ടു സർട്ടിഫിക്കറ്റ്
* ആധാർ കാർഡ്
* സാങ്കേതിക യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (കുറഞ്ഞത് ഡി ഫാം)
* പ്രവർത്തി പരിചയം സംബന്ധിച്ച സർട്ടിഫിക്കറ്റ്
* ഫാർമസിസ്റ്റിന്റെ സാക്ഷ്യപത്രം

ഈ മേഖലയിലുള്ള സംരംഭകർ ഡിപ്പാർട്ട്മെന്റിന്റെ നിയമങ്ങൾ പാലിക്കുന്നത് അവർക്കും പൊതുജനങ്ങൾക്കും ഏറെ സഹായകരമായ ഒന്നാണ്.



# പ്ലാന്റേഷൻ ഡയറക്ടറേറ്റ് ഉദ്ഘാടനം ചെയ്തു

**തോട്ടം മേഖലയിൽ ഉത്പാദനക്ഷമതയും ലാഭവും വർധിപ്പിക്കുന്നതിന് പ്ലാന്റേഷൻ ഡയറക്ടറേറ്റ് നടപ്പാക്കിയ പുതിയ പദ്ധതികൾ സഹായകമായി. 'കേര പദ്ധതി' പ്രകാരം, കാപ്പി, ഏലം, റബ്ബർ എന്നീ മേഖലയ്ക്കായി 479 കോടി രൂപ അനുവദിച്ചിട്ടുണ്ട്.**



സംസ്ഥാനത്തെ തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഐഐഎം കാലിക്കറ്റിന്റെ പഠനശുപാർശകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ കരട് നയം സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയിലാണെന്ന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ഓഫീസ് ഉദ്ഘാടനം ചെയ്തു കൊണ്ട് വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി രാജീവ് അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ തോട്ടം മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്ലാന്റേഷനുകൾക്ക് വേണ്ടി രാജ്യത്ത് ഒരു പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിച്ച ആദ്യ സംസ്ഥാനം കേരളമാണ്. കേരളത്തിലെ തോട്ടം മേഖലയുടെ സമുന്നത പുരോഗതിയ്ക്കായി തൊഴിലാളി സംഘടനകളും ഉദ്യോഗസ്ഥരും ഒരുമിച്ച് പ്രവർത്തിക്കണമെന്നും, പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ തോട്ടം മേഖലയുടെ പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാധിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

തോട്ടം മേഖലയിൽ ഉത്പാദനക്ഷമതയും ലാഭവും വർധിപ്പിക്കുന്നതിന് പ്ലാന്റേഷൻ ഡയറക്ടറേറ്റ് നടപ്പാക്കിയ പുതിയ പദ്ധതികൾ സഹായകമായി. 'കേര പദ്ധതി' പ്രകാരം, കാപ്പി, ഏലം, റബ്ബർ എന്നീ മേഖലയ്ക്കായി 479 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ അടിസ്ഥാന പ്രശ്നങ്ങളിലൊന്നായ ലയങ്ങളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായുള്ള പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയിലേക്ക് ഏകദേശം 72 ഡിപിആറുകൾ (വിശദമായ പ്രോജക്ട് റിപ്പോർട്ട്) സർക്കാരിന് ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിനായി പ്രത്യേക യോഗം വിളിക്കുമെന്നും അദ്ദേഹം അറിയിച്ചു. ചടങ്ങിനോടനുബന്ധിച്ച്

മന്ത്രിയുടെ സാന്നിധ്യത്തിൽ ആദ്യത്തെ സംസ്ഥാന പ്ലാൻറേഷൻ ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗം നടന്നു.

സംസ്ഥാനത്തെ യുവജനങ്ങൾക്ക് സ്വയംസംരംഭ കരായി ഉയർന്നു വരാനുള്ള സാഹചര്യവും വ്യവസായ സൗഹൃദ അന്തരീക്ഷവും സൃഷ്ടിക്കാൻ വ്യവസായ വകുപ്പിന് സാധിച്ചിട്ടുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വി കെ പ്രശാന്ത് എംഎൽഎ പറഞ്ഞു.

തോട്ടം മേഖലയിലെ നയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിൻ സ്ഥിരം സംവിധാനമായ സംസ്ഥാന പ്ലാന്റേഷൻ ബിസിനസ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) എംഡി എസ്. ഹരികിഷോർ ഐ.എ.എസ് പ്രത്യേക പ്രഭാഷണ ത്തിൽ പറഞ്ഞു. തോട്ടം ഉടമകളെ ഉൾപ്പെടുത്തി ജില്ലാതല പ്ലാന്റേഷൻ അഡ്വൈസറി കമ്മിറ്റികൾ വിളിച്ചു ചേർക്കുമെന്നും സർക്കാരും തോട്ടം ഉടമകളും ചേർന്നു പ്രവർത്തിക്കാൻ സഹായ കമായ ഒരു പിപിപി മാതൃക തോട്ടം മേഖലയിൽ ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ നിർമ്മാണത്തിനായി 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നെന്ന് വ്യവസായ ഡയറക്ടറും പ്ലാന്റേഷൻസ് സ്പെഷ്യൽ ഓഫീസറുമായ മിർ മുഹമ്മദ് അലി ഐഎഎസ് സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. കോഴിക്കോട് ഐഐഎമ്മിന്റെ ശുപാർശകൾ സർക്കാർ അംഗീകരിച്ചാൽ തോട്ടം മേഖലയിൽ മികച്ച പരിഷ്കാരങ്ങൾ നടപ്പിലാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

കാലാകാലങ്ങളായി പ്രതിസന്ധി നേരിടുന്ന തോട്ടം മേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പുത്തൻ ഉണർവ് നൽകുന്നതിനുമുള്ള വിപ്ലവകരമായ ചുവടുവയ്പ്പാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റിലൂടെ സാധ്യമായിരിക്കുന്നതെന്ന് അസോസിയേഷൻ ഓഫ് പ്ലാന്റേഷൻസ് കേരള ചെയർമാൻ പ്രിൻസ് തോമസ് ജോർജ് പറഞ്ഞു.

പീരുമേട് എംഎൽഎ വാഴൂർ സോമൻ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അഡിഷണൽ ഡയറക്ടർ ഡോ. കെ എസ്. കൃപകുമാർ, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസിയേഷൻ ഓഫ് സതേൺ ഇന്ത്യ ചെയർമാൻ കെ മാത്യു എബ്രഹാം എന്നിവരും സംസാരിച്ചു.




പ്ലാന്റേഷൻ
ഡയറക്ടറേറ്റ്
പ്ലാന്റേഷൻ ഡയറക്ടറേറ്റ്
വ്യവസായ വാണിജ്യ വകുപ്പ്
കേരള സർക്കാർ
പ്ലാന്റേഷൻ
ഡയറക്ടറേറ്റ്
ഉദ്ഘാടനം
ശ്രീ. പി. രാജീവ്
നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി





RNI NO.KERBIL/29441/1977 Registered No.KL/TV(N)/183/2024-26
Licence No.KL/TV(N)/WPP/182/2024-26 Licensed to post without pre-payment
Volume 57 Issue 8
MAY 2025

Vyavasaya Keralam
MONTHLY

₹ 35
Date of publication-
16th May 2025

വ്യവസായ
വാണിജ്യമേഖലയിലെ
സ്പന്ദനങ്ങളറിയാൻ...

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം
# വ്യവസായ കേരളം
VYAVASAYA KERALAM




നിങ്ങളുടെ ഉത്പന്നമോ
സേവനമോ യഥാർത്ഥ
ആവശ്യക്കാർക്കിടയിൽ
കുറഞ്ഞ ചെലവിൽ
പരസ്യപ്പെടുത്താൻ
ഏറ്റവും യോജിച്ച മാസിക
വ്യവസായ കേരളം

വാർഷിക വരിസംഖ്യ 385 രൂപ
ഒറ്റപ്രതി 35 രൂപ

## പരസ്യ നിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

**K-Bip, Vyavasayakeralam** എന്ന പേരിൽ
തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി./ചെക്ക് ആയി പരസ്യത്തിന്റെ ചാർജും
നിങ്ങളുടെ വാർഷിക വരിസംഖ്യയും അയയ്ക്കേണ്ട വിലാസം

**എഡിറ്റർ,**
വ്യവസായകേരളം, ഡോക്യുമെന്റേഷൻ സെന്റർ,
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം,
തിരുവനന്തപുരം – 695 033

വരിസംഖ്യയും
പരസ്യത്തിന്റെ ചാർജും
അടയ്ക്കാൻ

ക്യൂ.ആർ. കോഡ്
സ്ക്യാൻ ചെയ്യുക

Email: vyavasayakeralam@gmail.com

Printed and published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
and printed at St. Joseph's Press, Thycaud, Thiruvananthapuram. Ph.0471 22322888, and published at Thiruvananthapuram
Editor : Biju P.B.